FEBRUARY 2024
Volume 56
Issue 5

14 മരച്ചീനിയിലൂടെ മനം കീഴടക്കി

34 സംരംഭകത്വത്തിന്റെ പ്രാധാന്യം

38 മാർക്കറ്റിംഗിൽ മുന്നിലെത്താൻ ആധുനികതന്ത്രങ്ങൾ

സംസ്ഥാന വ്യവസായവാണിജ്യ വകുപ്പ് പ്രസിദ്ധീകരണം

# വ്യവസായ കേരളം

VYAVASAYA KERALAM

# മിഷൻ 2030

## ടൂറിസം വികസനത്തിന് പുതിയ മാസ്റ്റർപ്ലാൻ



കേരള പ്ലാന്റേഷൻ എക്സ്പോ 2024


GLOBAL
GROUP OF COMPANIES
ROJI SKARIA
+91 94 46 51 38 26
MATHEW JACOB
+91 80 89 97 57 54
globalpolymers2017@gmail.com
Industrial Development Plot
Poovanthuruth, Kottayam, Kerala- 686012
MANUFACTURERS OF COW MATS, GYM MATS
GRILL MATS, PIN MATS AND HOLLOW MATS

Vyavasaya Keralam
വ്യവസായകേരളം
www.keralaindustry.org

ഫെബ്രുവരി 2024 FEBRUARY 2024
പുസ്തകം 56 Volume 56
ലക്കം 5 Issue 5

# ഉള്ളടക്കം

06 നൂതന സംരംഭകത്വ മന്ത്രങ്ങൾ
ആഷിക്ക് കെ പി

10 കേരളത്തിന്റെ സ്വന്തം ലിവ ഹോം ലിഫ്റ്റ്
ബിനോയ് ജോർജ് പി

14 മരച്ചീനിയിലൂടെ
മനം കീഴടക്കി
എഴുമാവിൽ രവീന്ദ്രനാഥ്

16 ടെക്നോപ്രണർഷിപ്പ്
സാങ്കേതിക വിദ്യ തന്നെ സംരംഭമാകുമ്പോൾ
ലോറൻസ് മാത്യു

20 മിഷൻ 2030
ടൂറിസം വികസനത്തിന് പുതിയ മാസ്റ്റർപ്ലാൻ
മനോജ് മാതിരപ്പള്ളി

26 തോട്ടം മേഖലയ്ക്ക്
പുത്തൻ ഉണർവ്വ് നൽകി
കേരള പ്ലാന്റേഷൻ എക്സ്പോ

30 'സാഫി'ലൂടെ
മീൻ വിപണിയിലെ മികവുമായി മിനി
ഇന്ദു കെ.പി.

32 മണ്ണിലൂടെ സംരംഭകൻ
രാജേഷ്. കെ. കെ

34 സംരംഭകത്വത്തിന്റെ പ്രാധാന്യം
ഡോ. ശചീന്ദ്രൻ.വി

38 മാർക്കറ്റിംഗിൽ മുന്നിലെത്താൻ
ആധുനികതന്ത്രങ്ങൾ
ഡോ. സുധീർ ബാബു

42 ക്ലസ്റ്റർ വികസന പരിപാടി;
ചെറിയ സഹായങ്ങൾക്ക് വലിയ സഹായം
റ്റി. എസ്. ചന്ദ്രൻ

44 പാഡ് പ്രിന്റിംഗ്
ഡോ. ബൈജു നെടുങ്കേരി

48 പി. എം. വിശ്വകർമ്മ പദ്ധതി
ജി. കൃഷ്ണപിള്ള













# മുഖക്കുറിപ്പ്

**ശ്രീ. എസ്. ഹരികിഷോർ** ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

## വ്യാപാര മേഖലയ്ക്ക് പുതു ഊർജ്ജം പകർന്ന് വാണിജ്യ വിഭാഗം

**ചെറുകിട** വ്യാപാരി സമൂഹം ഏറെക്കാലമായി ആവശ്യപ്പെടുന്ന ഒന്നാണ് അവരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും വ്യാപാര മേഖലയുടെ പുരോഗതിക്കും വേണ്ടി ഒരു പ്രത്യേക സർക്കാർ വിഭാഗം ആരംഭിക്കണം എന്നത്. സംസ്ഥാനത്തെ ചെറുകിട വ്യാപാരികൾക്ക് ഏറെ പ്രതീക്ഷ നൽകുന്ന പുതിയ സംവിധാനത്തിന് തുടക്കം കുറിച്ചിരിക്കുകയാണ് സംസ്ഥാന സർക്കാർ. വ്യവസായ പ്രോത്സാഹന പദ്ധതികളിൽ കേന്ദ്രീകരിച്ചിരുന്ന വകുപ്പ് ഇപ്പോൾ വാണിജ്യ സ്ഥാപനങ്ങളെ പ്രത്യേകിച്ച് ചെറിയ കച്ചവടക്കാരെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി പ്രത്യേക വാണിജ്യ വിഭാഗം ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. അതിൻറെ ഭാഗമായി ചെറുകിട വ്യാപാര സ്ഥാപനങ്ങൾക്ക് നിരവധി സേവനങ്ങൾ നൽകാൻ സർക്കാരിന് കഴിയും.

കച്ചവട സ്ഥാപനങ്ങളുടെ പ്രോത്സാഹനമാണ് വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിൽ ആരംഭിക്കുന്ന വാണിജ്യ വിഭാഗത്തിന്റെ പ്രധാനമായ ലക്ഷ്യം. വ്യാപാരം ശക്തിപ്പെട്ടാൽ മാത്രമേ ഉൽപാദന മേഖലയും ശക്തിപ്പെടുകയുള്ളൂ, ജി.എസ്.ടി. വരുമാനവും ഉയരുകയുള്ളൂ. അതുകൊണ്ടുതന്നെ കൂടുതൽ വ്യാപാര സ്ഥാപനങ്ങളെ നിലനിർത്തേണ്ടതും പ്രോത്സാഹിപ്പിക്കേണ്ടതും സർക്കാരിൻറെ ഉത്തരവാദിത്തമാണ്. കേരളത്തിൽ ചില്ലറ വ്യാപാര മേഖലയെ പ്രോത്സാഹിപ്പിക്കുന്ന സർക്കാർ സംവിധാനം വ്യവസായ വകുപ്പിൽ പുതുതായി രൂപീകരിക്കപ്പെടുന്ന വാണിജ്യ വിഭാഗം ഏറ്റെടുത്തു നടത്തും.

എം.എസ് എം.ഇ ആനുകൂല്യങ്ങളും പലിശ സബ്സിഡിയും നൽകാൻ കഴിയും എന്നതാണ് മറ്റൊരു നേട്ടം. ഇപ്പോൾതന്നെ വ്യാപാര സ്ഥാപനങ്ങൾക്ക് അവരെടുക്കുന്ന 10 ലക്ഷം രൂപ വരെയുള്ള വായ്പയുടെ ആറ് ശതമാനം വാർഷിക പലിശ തിരികെ നൽകുന്ന സംവിധാനം നിലവിലുണ്ട്. ഇത്തരം ആനുകൂല്യങ്ങൾ തുടർന്നും നടപ്പിലാക്കുന്നതാണ്. വ്യാപാര സ്ഥാപനങ്ങളുടെ ഇൻഷുറൻസ് പരിരക്ഷ വലിയ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. 2008ലെ മഹാപ്രളയത്തിൽ ഇതിൻറെ ആവശ്യകത ശരിക്കും ബോധ്യപ്പെട്ടതാണ്. ചെറുകിട വ്യപാരികൾ എടുക്കുന്ന ഇൻഷുറൻസുകൾക്ക് അവയുടെ പ്രീമിയത്തിന്റെ 50 ശതമാനം സബ്സിഡിയായി നൽകുന്ന ഒരു പദ്ധതി ഇപ്പോൾ തന്നെ സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്നുണ്ട്. ഈ പദ്ധതി ഒന്നുകൂടി പരിഷ്കരിച്ച് കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതാണ്.

രാജ്യത്ത് വരുന്ന മാറ്റങ്ങളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് വേണ്ട പരിശീലന പരിപാടികൾ സർക്കാർ തലത്തിൽ കൊണ്ടുവരാൻ കഴിയുന്നത് കൂടാതെ ജി എസ് ടി, പാക്കേജിങ്, ഫുഡ് സേഫ്റ്റി അങ്ങനെ നിരവധി വകുപ്പുകളുടെ സേവനങ്ങൾ ഏകോപിപ്പിച്ചു കൊണ്ടുള്ള പരിശീലന പരിപാടികൾക്കും പുതിയ വിഭാഗത്തിന് രൂപം നൽകാനാകും. വ്യാപാര രംഗത്ത് ചെലവ് കുറയ്ക്കുന്നതിനും ലാഭവിഹിതം വർദ്ധിപ്പിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യയുടെ ഉപയോഗം ഒഴിച്ചു കൂടാനാവാത്തതാണ്. മാറിയ സാഹചര്യത്തിൽ ലഭ്യമായ സാങ്കേതിക വിദ്യകൾ ഫലപ്രദമായി ഉപയോഗിക്കുന്നതിന് പ്രോത്സാഹനം നൽകുവാൻ പുതിയ വിഭാഗത്തിന് കഴിയും. ഉല്പാദന ചെലവ് കുറയ്ക്കുന്നതിന് ഉപകരിക്കുന്ന സാങ്കേതിക വിദ്യകൾ നടപ്പിലാക്കുവാൻ സർക്കാരിന് മുൻകൈയെടുക്കാനും അവ കുറഞ്ഞ ചിലവിൽ വ്യാപാരികൾക്ക് ലഭ്യമാക്കുവാനും സാധിക്കും.

ചെറുകിട വ്യാപാരികൾ അഭിമുഖീകരിക്കുന്ന സമാന സ്വഭാവമുള്ള പ്രശ്നങ്ങൾക്കും സമാനതകൾ ഉണ്ടാകും. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ക്ലസ്റ്റർ അധിഷ്ഠിതമായിട്ടുള്ള സമീപനം കൊണ്ടുവരുന്നതിന് മുൻകൈ എടുക്കാൻ വാണിജ്യ വിഭാഗത്തിന് സാധിക്കും. നിലവിലുള്ള വ്യാപാര സ്ഥാപനങ്ങളിൽ വികസനം, വൈവിധ്യവൽക്കരണം, ആധുനികവൽക്കരണം എന്നിവ കൊണ്ടു വരുന്നതിനുള്ള സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നൽകുന്ന സർക്കാരിൻറെ ഏജൻസിയായി വാണിജ്യ വിഭാഗത്തിന് പ്രവർത്തിക്കാൻ കഴിയും.

വാണിജ്യ രംഗത്തെ പുതിയ പ്രവണതകൾ മനസ്സിലാക്കുന്നതിന് ദേശീയ - അന്തർദേശീയ പ്രദർശന മേളകൾ സഹായിക്കും. ഇത് ചെലവ് കുറയ്ക്കാനും വ്യാപാര വരുമാനം വർദ്ധിപ്പിക്കാനും സഹായിക്കും. മാത്രമല്ല പുതിയ സാങ്കേതിക വിദ്യകൾ ലഭ്യമാക്കാനും അതുവഴി പുതിയ മേഖലകൾ തുറക്കാനുതകുന്ന സാഹചര്യം സൃഷ്ടിക്കുവാനും പുതിയ വിഭാഗത്തിനാകും. ചെറുകിട വ്യാപാര മേഖല നേരിടുന്ന പ്രശ്നങ്ങൾ അവതരിപ്പിക്കാനും ചർച്ച ചെയ്യാനും പുതിയ ഒരു വേദി കൂടി വ്യാപാരികൾക്ക് ലഭ്യമായിരിക്കുന്നു എന്നതാണ് പ്രധാനം. ■

ഒപ്പ്
**ചീഫ് എഡിറ്റർ**


**വ്യവസായ കേരളം**

**ചീഫ് എഡിറ്റർ**
**ശ്രീ. എസ്. ഹരികിഷോർ** ഐ.എ.എസ്
ഡയറക്ടർ,
വ്യവസായ വാണിജ്യ വകുപ്പ്

**എഡിറ്റർ**
ബിജു പി.ബി.

**കവർ, ഡിസൈൻ & ലേഔട്ട്**
ദീപക് മൗത്താട്ടിൽ

**ടൈപ്പ് സെറ്റിംഗ്**
വി. അഭിലാഷ്

**എഡിറ്റോറിയൽ ഓഫീസ്**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്
വെള്ളയമ്പലം
തിരുവനന്തപുരം - 695 033

**ഫോൺ: 6238302158**
**ഇമെയിൽ-**
vyavasayakeralam@gmail.com
**വെബ്സൈറ്റ്-**
https://vyavasayakeralam.industry.kerala.gov.in
www.keralaindustry.org
www.industry.kerala.gov.in

**അഡ്മിനിസ്ട്രേറ്റീവ് സപ്പോർട്ട്**
സിമിചന്ദ്രൻ വി.ആർ.,
സുചിത്ര ഭാസ്കർ,
ക്ലാരമ്മ ജെയിംസ്,
അനിത എസ്.,
സംസം എസ്.,
ഡോണാമോൾ ഈനാസ്,
അരുൺ എസ്.,
ബേബി. വൈ.
രാമകൃഷ്ണൻ എഴുത്തച്ചൻ



ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമാണ്.

നവകേരളം

# നൂതന വ്യവസായങ്ങളുടെ ഹബ്ബാകാൻ ഒരുങ്ങി കേരളം



**ശ്രീ. പി. രാജീവ്**
വ്യവസായം, വാണിജ്യം, നിയമം, കയർ വകുപ്പ് മന്ത്രി

**നൂതന** വ്യവസായങ്ങളുടെ ഹബ്ബായി മാറാനുള്ള കേരളത്തിന്റെ ശ്രമങ്ങൾക്ക് 2024 ന്റെ തുടക്കത്തിൽ തന്നെ ചെറുതും വലുതുമായ പിന്തുണയാണ് ലഭിക്കുന്നത്. ഇതിൽത്തന്നെ മെഡിക്കൽ ഡിവൈസ് മാനുഫാക്ചറിങ് മേഖലയാണ് വലിയ കുതിപ്പ് സൃഷ്ടിക്കുന്നത്. രാജ്യത്തിന്റെ ഒരു ശതമാനം മാത്രം ഭൂവിസ്തൃതിയുള്ള കേരളത്തിലാണ് ഇന്ത്യയുടെ മെഡിക്കൽ ഡിവൈസ് മാനുഫാക്ചറിങ്ങിന്റെ 20% നടക്കുന്നത്. ഇന്ത്യൻ മാർക്കറ്റിലെ 90,000 കോടി രൂപയിൽ 20,000 കോടി രൂപയോളം രൂപയുടെ ഉൽപാദനം. ഇത് ഉയർത്തി 50% ആക്കാനാണ് സർക്കാർ പരിശ്രമിക്കുന്നത്. ഇപ്പോൾ വലിയ രീതിയിൽ നിക്ഷേപം കടന്നുവരികയും ചെയ്യുന്നു. തോന്നയ്ക്കൽ ലൈഫ് സയൻസ് പാർക്കിന്റെ പ്രവർത്തനം ആരംഭിച്ചതും അഗാപ്പെ ഉൾപ്പെടെ മെഡിക്കൽ ഡിവൈസ് മാനുഫാക്ചറിങ് മേഖലയിയുള്ള കമ്പനികളുടെ വിപുലീകരണവും കേരളത്തിന് നേട്ടമാണ്. കെ. എസ്.ഡി.പി ക്യാൻസർ മരുന്നുകൾ കുറഞ്ഞ വിലയിൽ നിർമ്മിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഒപ്പം പുതിയ വ്യവസായ നയത്തിൽ മെഡിക്കൽ മാനുഫാക്ചറിങ് മേഖലയ്ക്കായി വലിയ ഇൻസെന്റീവുകളും മറ്റ് സഹായങ്ങളും ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ കേരളത്തെ മെഡിക്കൽ ഡിവൈസ് മാനുഫാക്ചറിങ് ഹബ്ബാക്കി മാറ്റാനാകുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്.

ഈ രാജ്യത്തെ സംബന്ധിച്ച് നോക്കുകയാണെങ്കിൽ കേരളം വളരെ ചെറിയൊരു ഭൂപ്രദേശമാണ്. രാജ്യത്തിന്റെ ഒരു ശതമാനം മാത്രം ഭൂമിയാണെങ്കിലും ജനസാന്ദ്രതയുടെ കാര്യത്തിൽ രാജ്യത്ത് മുന്നിലുമാണ് നമ്മൾ. ഇതിനൊപ്പം ഒരു ഭാഗത്ത് വെസ്റ്റേൺ ഘട്ട്, മറുഭാഗത്ത് തീരദേശം, ഇതിനിടയിൽ ഇ.ആർ.സെഡ് റെഗുലേഷൻ എന്നിങ്ങനെയുള്ള കടമ്പകളും നമുക്ക് മുന്നിലുണ്ട്. ഇതൊക്കെ കണ്ടുകൊണ്ടാണ് കേരളത്തിനനുയോജ്യമായ വ്യവസായങ്ങളെക്കുറിച്ച് വിശദമായി ചർച്ച ചെയ്ത് പുതിയ വ്യവസായ നയത്തിന് നാം രൂപം നൽകിയിരിക്കുന്നത്. മെഡിക്കൽ ഡിവൈസസ് മേഖല ഉൾപ്പെടെ 22 മുൻഗണനാമേഖലകൾ കണ്ടെത്തിക്കൊണ്ട് ഈ മേഖലകളിൽ ആരംഭിക്കുന്ന പദ്ധതികൾക്ക് 18 സബ്സിഡികളും വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കെ-സ്വിഫ്റ്റ്, കെ-സിസ് പോലുള്ള സംവിധാനങ്ങളും 100 കോടി രൂപയ്ക്ക് മുകളിലുള്ള നിക്ഷേപങ്ങൾ വളരെ പെട്ടെന്ന് യാഥാർത്ഥ്യമാക്കാൻ ഒരു നോഡൽ ഓഫീസർ ഉൾപ്പെടെയുള്ള സൗകര്യങ്ങളും കേരളത്തിൽ ലഭ്യമാണ്. ഇതിന്റെയൊക്കെ ഭാഗമായി കഴിഞ്ഞ 5 വർഷത്തിനിടെ 91,000 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനമുണ്ടായെന്ന എം എസ് എം ഇ എക്സ്പോർട് കൗൺസിലിന്റെ റിപ്പോർട്ടും നമുക്ക് മുന്നിലുണ്ട്.

ഉന്നതവിദ്യാഭ്യാസ മേഖലയിലുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളും ശ്രദ്ധേയമാണ്. NAAC A ++ ഉൾപ്പെടെ നേടിക്കൊണ്ട് റാങ്കിങ്ങിൽ നമ്മുടെ സർവകലാശാലകൾ കുതിപ്പ് നടത്തി. 45 രാജ്യങ്ങളിൽ നിന്നായി 1500ലധികം വിദ്യാർഥികൾ കേരളത്തിലെ ഒരു സർവകലാശാലയിലേക്ക് മാത്രം അപേക്ഷകൾ സമർപ്പിച്ചുവെന്നത് വലിയ മാറ്റമാണല്ലോ. ഇപ്പോൾ വ്യവസായ സൗഹൃദ റാങ്കിങ്ങിലും നാം മുന്നേറുന്നു. ഇതിനെ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ലിങ്ക് ചെയ്യുന്നതിന്റെ ഭാഗമായി ഇന്റസ്ട്രിയൽ-അക്കാഡമിക് ലിങ്കേജ് സംവിധാനം കൊണ്ടുവരുന്നു. ഇതിന്റെ ഭാഗമായി ക്യാമ്പസ് ഇന്റസ്ട്രിയൽ പാർക്കുകൾ ഉയരാൻ പോകുന്നു. ഇതെല്ലാം തന്നെ നാം ലക്ഷ്യമിടുന്ന മെഡിക്കൽ ഡിവൈസസ് മാനുഫാക്ചറിങ് ഹബ്ബെന്ന ലക്ഷ്യത്തിലേക്ക് സഹായകമായ ഘടകങ്ങളാണ്.

കേരളത്തിലെ മെഡിക്കൽ ഡിവൈസ് മാനുഫാക്ചറിങ് മേഖലയിലേക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനായി കെ.എസ്.ഐ.ഡി.സിയുടെ ബയോ 360 ലൈഫ് സയൻസ് പാർക്കിൽ പ്രത്യേകമായി മെഡിക്കൽ ടെക് ഇന്നോവേഷൻ പാർക്ക് സ്ഥാപിക്കും. നിർമ്മിക്കുന്ന മെഡിക്കൽ ഉപ കരണങ്ങളുടെ ഗുണനിലവാര പരിശോധനയ്ക്ക് ഈ പാർക്കിൽ സൗകര്യമൊരുക്കും. ഇവിടെ നിർമ്മിക്കുന്ന മെഡിക്കൽ ഉപകരണങ്ങളുടെ നിലവാരം ഉറപ്പാക്കുന്നതിന് കരസ്ഥമാക്കേണ്ട വിവിധ സർട്ടിഫിക്കറ്റുകൾക്ക് വേണ്ടിവരുന്ന ചിലവിന്റെ 50%(പരമാവധി 25ലക്ഷം രൂപ വരെ) തിരികെ നൽകും. അക്കാദമിക് സ്ഥാപനങ്ങളിലും ഗവേഷണ സ്ഥാപനങ്ങളിലും മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിച്ചുകൊണ്ട് ഈ മേഖലയിലെ കമ്പനികളിലേക്കുള്ള ഉദ്യോഗാർഥികളെ പരമാവധി കേരളത്തിൽ നിന്നുതന്നെ ലഭ്യമാക്കാൻ ശ്രമിക്കും. ഒരു മെഡ്സ് പാർക്ക് തന്നെ ഇതിനായി രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. മെഡ്സ് പാർക്കിൽ മെഡിക്കൽ അനുബന്ധ ഉപകരണങ്ങളുടെ രൂപകൽപ്പനയ്ക്കും നിർമ്മാണത്തിനും സൗകര്യമൊരുക്കും. ■



ആഷിക്ക് കെ പി




# നൂതന സംരംഭകത്വ മന്ത്രങ്ങൾ

**അതിവേഗം** മാറിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിനനുസരിച്ച് സംരംഭകത്വ പ്രവർത്തനങ്ങളിലും മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ലോകമാകമാനം സംരംഭകത്വത്തിന് വലിയ പ്രാധാന്യമാണ് കിട്ടിക്കൊണ്ടിരിക്കുന്നത്. വെള്ളക്കോളർ ജോലി ചെയ്യുന്നതിൽ നിന്നു മാറി എന്തെങ്കിലും ഒന്ന് സ്വന്തമായി നടത്തിക്കൊണ്ടു പോവുക എന്ന താൽപര്യത്തിലേക്ക് യുവാക്കളും യുവതികളും മാറിക്കൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസം എന്നത് അറിവ് മാത്രമല്ല നൈപുണി കേന്ദ്രമായിരിക്കണമെന്നും മാറണമെന്നുമുള്ള ചിന്താഗതിക്ക് വലിയ പ്രാധാന്യമാണ് ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്നത്. സാങ്കേതികവിദ്യയിലെ ത്വരിത ഗതിയിലുള്ള മാറ്റങ്ങളും സർക്കാരിന്റെ കാഴ്ചപ്പാടുകളിൽ ഉള്ള വ്യത്യാസങ്ങളും സംരംഭങ്ങൾ തുടങ്ങാനും നടത്തിക്കൊണ്ടു പോകാനും കിട്ടുന്ന വലിയ സാമ്പത്തിക സൗകര്യങ്ങളും മറ്റ് സഹായ സംവിധാനങ്ങളും സംരംഭകത്വ വികസനത്തിന് വലിയ മുന്നേറ്റമാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ഇത്തരം അനുകൂല സാഹചര്യങ്ങളും പ്രോൽസാഹനങ്ങളും മുതലെടുത്ത് സംരംഭങ്ങൾ തുടങ്ങുമ്പോൾ സംരംഭകത്വത്തിലെ നൂതന പ്രവർത്തനങ്ങൾ ഏതൊക്കെയെന്നും ഏതൊക്കെ സാങ്കേതിക

സംവിധാനങ്ങൾ സംരംഭക പ്രവർത്തനങ്ങളുമായി സഹകരിപ്പിക്കാൻ കഴിയുമെന്നും ഒരു സംരംഭകൻ അറിയേണ്ടതുണ്ട്. സംരംഭകത്വത്തിലെ നൂതന പ്രവർത്തനങ്ങൾ നടത്തുന്ന ഒരു സംരംഭകൻ താഴെപ്പറയുന്ന കാര്യങ്ങൾ ആധുനികകാല സംരംഭക പ്രവർത്തനങ്ങൾ ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ടതാണ്.

1. ഏത് സംരംഭം തെരഞ്ഞെടുത്താലും അത്തരം സംരംഭങ്ങൾക്ക് തുടർച്ച ഉണ്ടായിരിക്കണം എന്നതും സാമൂഹ്യ പ്രാധാന്യം ഉണ്ടായിരിക്കണം എന്നുള്ളതും അത്യന്താപേക്ഷിതമാണ്. Sustainability and social impacts എന്ന് ഇതിനെ വിശേഷിപ്പിക്കാവുന്നതാണ്.

ഒരു ബിസിനസ് മോഡൽ തെരഞ്ഞെടുക്കുമ്പോൾ കാലത്തിനനുസരിച്ച് മാറ്റം ഉൾക്കൊള്ളാൻ കഴിയുന്ന തരത്തിൽ ആണോ അതിന്റെ രീതി എന്നതും പാരിസ്ഥിതിക സാമൂഹ്യ പ്രശ്നങ്ങൾ പരിഹരിക്കാൻ ഉതകുന്നതാണോ അത് എന്നും നോക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

ഉദാഹരണത്തിന് പെറ്റഗോണിയ എന്ന സ്റ്റാർട്ടപ്പ് കമ്പനി ഇത്തരത്തിലുള്ള പാരിസ്ഥിതിക പ്രവർത്തനങ്ങൾ നടത്തുവാൻ ഉദ്ദേശിച്ചുകൊണ്ട് ആരംഭിച്ച ഔട്ട്ഡോർ ക്ലോത്തിങ് സംരംഭകത്വത്തിന് വലിയ മുന്നേറ്റം അവർക്ക് ഉണ്ടാക്കി കൊടുത്തു. ഉപഭോക്താക്കളെ അവരുടെ ഉൽപ്പന്നങ്ങൾ റീസൈക്കിൾ ചെയ്യുവാനും റിപ്പയർ ചെയ്യുവാനും ഉതകുന്ന ബിസിനസ് മോഡൽ വൻ ലാഭമാണ് ഉണ്ടാക്കി കൊടുത്തിരിക്കുന്നത്.

ടോം ഷൂസ് ഇതുപോലെതന്നെ മറ്റൊരു പ്രധാനപ്പെട്ട സാമൂഹ്യ പ്രതിബദ്ധതയുള്ള സ്റ്റാർട്ടപ്പായി ഇന്ന് മാറിയിരിക്കുകയാണ്. ഒരാൾക്ക് ഒരു മോഡൽ എന്ന ഈ സംരംഭത്തിന്റെ തത്വവും അതിലൂടെ ഒരു പാവപ്പെട്ട കുട്ടിക്ക് ഒരു ചെരുപ്പ് സൗജന്യമായി നൽകുന്ന അവരുടെ പ്രവർത്തനങ്ങളും സംരംഭകത്വത്തിന് ആഗോള ശ്രദ്ധയാണ് നേടിക്കൊടുത്തിരിക്കുന്നത്. ഇതുപോലെയുള്ള ധാരാളം ഉദാഹരണങ്ങൾ നമുക്ക് കാണാൻ കഴിയുന്നു. യൂണിലിവർ കമ്പനിയുടെ സസ്റ്റൈനബിൾ ലിവിങ് പ്ലാൻ ഇതുപോലെയുള്ള പാരിസ്ഥിതിക സാമൂഹ്യ മുന്നേറ്റത്തിന് മറ്റൊരു ഉദാഹരണമാണ്. മാർക്ക് സുക്കർബർഗ് പുതുതായി തുടങ്ങിയ ദി ചാൻ സുക്കർബർഗ് ഇത്തരത്തിലുള്ള സാമൂഹ്യ സംരംഭങ്ങൾക്ക് വലിയ അളവിൽ സാമ്പത്തിക സഹായങ്ങൾ നൽകുന്നുണ്ട്.

2. തുടങ്ങാൻ പോകുന്ന സംരംഭകത്വം സാങ്കേതികവിദ്യയുമായി കൂട്ടി യോജിപ്പിക്കാൻ കഴിയുന്നുണ്ടോ എന്നും സാങ്കേതികവിദ്യകളുടെ സഹായം ഉൾക്കൊള്ളാൻ ഉതകുന്നതാണോ എന്നും അറിയേണ്ടതാണ്. കാരണം ലോകം അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ് നിർമ്മിത ബുദ്ധി, ബ്ലോക്ക് ചെയ്ൻ, ഡാറ്റ അനലിറ്റിക്സ് എന്നിവ സംരംഭകത്വ പ്രവർത്തനങ്ങളുമായി കൂട്ടിയോജിപ്പിക്കുമ്പോൾ അനായാസവും ലാഭകരവുമായി സംരംഭകത്വത്തെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും എന്നുള്ളത് നാം തിരിച്ചറിയേണ്ടതാണ്.

സാങ്കേതികവിദ്യയെ സംരംഭകത്വവുമായി കൂട്ടിച്ചേർത്തുകൊണ്ട് ഓൺലൈൻ സ്റ്റോറുകൾ വഴിയും അല്ലാതെയും സംരംഭകത്വ പ്രവർത്തനങ്ങൾ നടത്തുന്ന ഒട്ടേറെ യുവ സംരംഭകർ ആഗോളവ്യാപകമായി ഉണ്ട്. ഇത്തരത്തിലുള്ള ഇ- കൊമേഴ്സ് ടൂളുകൾ / പ്ലാറ്റ്ഫോമുകൾ സംരംഭകത്വത്തിന് വലിയ സഹായങ്ങൾ നൽകുന്നു. ആഗോള വിപണിയെക്കുറിച്ചുള്ള ധാരണകൾ മെച്ചപ്പെടുത്താനും ഇൻവെന്ററി മാനേജ്മെൻറ് പ്രവർത്തനങ്ങൾക്കും ഉപഭോക്തൃ മേഖലയിൽ എങ്ങനെ ഇടപെടാം എന്നതിനെക്കുറിച്ചും കൃത്യമായി നമുക്ക് മനസ്സിലാക്കാൻ കഴിയും. സെൻ ഡെസ്ക് ആൻസർ ബോട്ട് എന്ന നിർമ്മിത ബുദ്ധി അധിഷ്ഠിതമായ ചാറ്റ് ബോട്ട് സംവിധാനം ഉപയോഗപ്പെടുത്തി സംരംഭക പ്രവർത്തനങ്ങൾ വേഗത്തിലും എളുപ്പത്തിലും ചെയ്യാൻ കഴിയും. അതായത് സെൻ ഡെസ്ക് ആൻസർ ബോട്ട് ഉപയോഗപ്പെടുത്തിയാൽ കസ്റ്റമറുടെ ഏതൊരു ആവശ്യങ്ങൾക്കും കൃത്യമായ ഉത്തരം കൃത്രിമ ബുദ്ധിയിലൂടെ നൽകുവാനും എളുപ്പത്തിൽ പരിഹരിക്കാനും സാധിക്കുന്നു. ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ഉപയോഗപ്പെടുത്തി സംരംഭങ്ങൾ ഉയർച്ചയിലെത്തിക്കാൻ ഇത് വഴി സാധിക്കുന്നു. അതുപോലെ തന്നെയാണ് ഡാറ്റ അനലിറ്റിക്സ് ഉപയോഗിച്ച് തീരുമാനങ്ങൾ എടുക്കുവാൻ കഴിയുക എന്നത്. ടാബ്ലോ എന്ന ടൂൾ ഉപയോഗിച്ചുകൊണ്ട് ഒട്ടേറെ ആവശ്യങ്ങൾ, ട്രെൻഡുകൾ കണ്ടെത്തുക, ഉപഭോക്താക്കളുടെ സ്വഭാവങ്ങൾ മനസ്സിലാക്കുക, വിപണന അവസരങ്ങൾ തിട്ടപ്പെടുത്തുക, സ്ട്രാറ്റജിക് പ്ലാനിംഗ്, ബിസിനസ് വളർച്ച എങ്ങനെ സാധ്യമാക്കാം എന്നതിനൊക്കെ ഉപയോഗപ്പെടുത്താൻ കഴിയും. ഇതേ പോലെ ഹബ്ബ് സ്പോട്ട് എന്ന ടൂൾ ഡിജിറ്റൽ മാർക്കറ്റിംഗ് ഓട്ടോമേഷന് വളരെയേറെ ഉപയോഗിക്കുന്ന ഒന്നാണ്. സംരംഭകർക്ക് ആവശ്യമായ തന്ത്രങ്ങൾ ഉണ്ടാക്കുവാനും ഇമെയിലിലൂടെ അല്ലെങ്കിൽ സോഷ്യൽ മീഡിയ പോസ്റ്റുകൾ വഴി

സംരംഭത്തിന് പ്രചാരം നൽകുവാനും ഇതിലൂടെ കഴിയുന്നു. amazon വെബ് സർവീസ് ആയ ക്ലൗഡ് കമ്പ്യൂട്ടിംഗ് സർവീസ് മാറ്റത്തിന് അനുസരിച്ച് സ്റ്റാർട്ടപ്പുകൾക്ക് മാറാൻ സഹായിക്കുന്ന എല്ലാ മേഖലകളിലും ഉപയോഗപ്പെടുത്താവുന്നതാണ്. സ്ലാക്ക് എന്ന ടൂൾ റിമോട്ട് വർക്കിനും ആശയവിനിമയത്തിനും സംരംഭങ്ങൾക്ക് വളരെ ഉപയോഗപ്രദമായി ഉപയോഗിക്കാവുന്നതാണ്. ഫയലുകൾ ഷെയർ ചെയ്യുവാനും ഉൽപാദന ക്ഷമതയും വെർച്ചൽ പരിസ്ഥിതിയും നിലനിർത്തുവാനും ഈ പ്ലാറ്റ്ഫോമുകൾ സംരംഭകരെ സഹായിക്കുന്നുണ്ട്. പ്രിന്റിങ്ങിനും ഫോട്ടോ കോപ്പികൾ എടുക്കാനും ഫോം ലാബ്സ് എന്ന പുതിയ ആപ്പ് ഒരു പരിധിവരെ സ്റ്റാർട്ടപ്പുകൾക്ക് അവരുടെ ഡിസൈനുകൾ ചിലവ് കുറഞ്ഞ രീതിയിൽ ഉണ്ടാക്കിക്കൊടുക്കുവാനും വ്യത്യസ്ത പോസ്റ്ററുകളും നോട്ടീസുകളും തയ്യാറാക്കാനും സഹായിക്കുന്നു. ടെക്നോളജിയിലൂടെ സുതാര്യമായ വിപണന ശൃംഖലകൾ വേഗത്തിലാക്കാൻ വീ ചെയിൻ എന്ന പുതിയ ആപ്പ് ഒട്ടേറെ സഹായിക്കുന്നുണ്ട്. ലോകത്തിലെ വലിയ റീട്ടെയിൽ ഷോറൂമുകളിൽ ഒന്നായ ഐക്കിയ ഉപയോഗിക്കുന്ന നിർമ്മിത ബുദ്ധി ആപ്പിലൂടെ കസ്റ്റമറുടെ ഉപഭോക്താക്കളുടെ അനുഭവങ്ങൾ അവർക്ക് ബിസിനസ് വികസനത്തിന് വളരെയേറെ സഹായിക്കുന്നുണ്ട്.

3. മറ്റൊരു പ്രധാനപ്പെട്ട കാര്യം ഒരു സ്ഥലത്ത് നിന്നുകൊണ്ട് ഒരു സംരംഭം നടത്തുകയും കർത്തവ്യം നിർവഹിക്കുകയോ ചെയ്യുക എന്നതിലുപരിയായി ഒരു റിമോട്ട് വർക്കിന്റെയും വെർച്വൽ ടീമിന്റെയും സാധ്യത നമ്മുടെ സംരംഭകത്വത്തിന് ഉപയോഗിക്കാമെങ്കിൽ ചിലവ് കുറഞ്ഞും ആഗോളവ്യാപകമായും ഒരു സംരംഭം നടത്തിക്കൊണ്ടു പോകാൻ എളുപ്പത്തിൽ കഴിയും എന്നതാണ്. കാരണം ആശയ വിനിമയ ഉപാധികളെയും ലോകത്തിൽ വിവിധയിടങ്ങളിലുള്ള വിപണന സാധ്യതകളെയും ഒരുമിച്ച് സംരംഭകത്വത്തിലേക്ക് കൊണ്ടുപോവാൻ എളുപ്പമായിരിക്കും.

> **ലോകത്തിലെ വലിയ റീട്ടെയിൽ ഷോറൂമുകളിൽ ഒന്നായ ഐക്കിയ ഉപയോഗിക്കുന്ന നിർമ്മിത ബുദ്ധി ആപ്പിലൂടെ കസ്റ്റമറുടെ ഉപഭോക്താക്കളുടെ അനുഭവങ്ങൾ അവർക്ക് ബിസിനസ് വികസനത്തിന് വളരെയേറെ സഹായിക്കുന്നുണ്ട്.**

4. സ്റ്റാർട്ടപ്പുകളിൽ തന്നെ ഇന്ന് വളരെയേറെ പ്രചാരവും ലാഭവും സിദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു മേഖലയാണ് ആരോഗ്യ അഥവാ വെൽനസ് മേഖല എന്ന് പറയുന്നത് കാരണം ജീവിതശൈലി രോഗങ്ങളും ആരോഗ്യപ്രശ്നങ്ങളും ഒഴിവാക്കണമെന്നുള്ള അതീവ താൽപര്യത്തിൽ എല്ലായിടത്തും വന്നുകൊണ്ടിരിക്കുകയാണ് ഇത് പരമാവധി ഉപയോഗപ്പെടുത്തിയാൽ നിശ്ചയമായി സംരംഭത്തിന് ഒട്ടേറെ അവസരങ്ങൾ ഇതുവഴി ലഭിക്കുന്നതാണ്.

5. അതുപോലെതന്നെ സംരംഭകത്വത്തിന്റെ മറ്റൊരു നൂതന ആശയമാണ് റിമോട്ട് സർവീസ് എന്നതും ഫ്രീ ലാൻസിംഗ് എന്നതും. സംരംഭക പ്രവർത്തനങ്ങൾ ഒരിടത്ത് കേന്ദ്രീകരിക്കാതെ എവിടെയൊക്കെയാണോ മനുഷ്യവിഭവങ്ങൾ എളുപ്പത്തിലും ചിലവു കുറഞ്ഞ രീതിയിലും കിട്ടുന്നത് എവിടെ നിന്നൊക്കെയാണോ പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നത് എന്നതൊക്കെ പരമാവധി പ്രയോജനപ്പെടുത്തുന്നതിനെയാണ് റിമോട്ട് സർവീസ് ഫ്രീ ലൈൻസ് ഇന്ന് പറയുന്നത്. യാതൊരു ചിലവും ഇല്ലാതെ സ്വതന്ത്രമായി ഇത്തരം പ്രവർത്തനങ്ങൾ ചെയ്യുവാൻ കഴിയുന്ന ധാരാളം സാങ്കേതിക വിദ്യകളും ടൂളുകളും ഇന്ന് ലഭ്യമാണ്. റിമോട്ട് വർക്കിനെയും വർക് ടീമിനെയും സംരംഭകത്വത്തിൽ ഉണ്ടാക്കുവാൻ കഴിയുന്ന ഏറെ ടൂളുകൾ ഉണ്ട്. ബഫർ എന്ന സോഷ്യൽ മീഡിയ പ്ലാറ്റ്ഫോം ഇതിന് വലിയ ഒരു ഉദാഹരണമാണ്. ബഫർ എന്ന സോഷ്യൽ മീഡിയയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ ഒരു സംരംഭകന് കഴിഞ്ഞിട്ടുണ്ടെങ്കിൽ ചെലവ് കുറച്ച് വലിയ ഒരു ഓഫീസ് സ്പേസ് തന്നെ അവർക്ക് സംരംഭത്തിന് ഉണ്ടാക്കാൻ കഴിയും. ആഗോളവ്യാപകമായി തന്നെ സംരംഭകത്വത്തെ കൊണ്ടുപോകാൻ ഈ പ്ലാറ്റ്ഫോമിലൂടെ കഴിയും.

6. ശ്രദ്ധിക്കേണ്ട മറ്റൊരു പ്രധാനപ്പെട്ട




മേഖലയാണ് സാമ്പത്തിക മേഖല എന്നു പറയുന്നത്. നമ്മുടെ സാമ്പത്തിക സ്ഥാപനങ്ങളിൽ അടിമുടി മാറ്റം വന്നു കൊണ്ടിരിക്കുകയാണ്. വൻകിട കുത്തക വാണിജ്യ ബാങ്കുകളും സാമ്പത്തിക സ്ഥാപനങ്ങളും ഇന്ന് ആവശ്യമില്ലാതെ വന്നിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഒന്നുകിൽ അത്തരം ബാങ്കുകൾക്ക് ആവശ്യമായ സാങ്കേതിക വിദ്യകളും കൊച്ചുകൊച്ചു ആപ്പുകളും ഒരുക്കുക എന്നത് അല്ലെങ്കിൽ സാമ്പത്തിക മേഖലയെ സാങ്കേതിക വിദ്യയുമായി കൂട്ടി യോജിപ്പിക്കുന്ന വിവിധ തരം ടൂളുകളും ആപ്പുകളും നിർമ്മിക്കുക എന്നത് ആധുനിക സംരംഭകത്വ പ്രവർത്തനങ്ങൾക്ക് ഒരു മുതൽക്കൂട്ടാണ്. ഇത്തരം ആപ്പുകളെയും ടൂളുകളെയും ഉപയോഗിച്ച് സംരംഭകത്വ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും മറ്റും ചെയ്യുമ്പോൾ അല്ലെങ്കിൽ അത്തരം സാധ്യതകളെ പ്രയോജനപ്പെടുത്തുമ്പോൾ എളുപ്പത്തിലും ചിലവ് കുറച്ചു വിവിധ സാമ്പത്തിക പ്രവർത്തനങ്ങൾ ഓഹരി വിപണിയിലും മറ്റും ചെയ്യുവാൻ സാധിക്കുന്നു. ഇത്തരത്തിൽ സാങ്കേതികത്വത്തെ സാമ്പത്തികമായി യോജിപ്പിക്കുന്ന ധാരാളം വിദ്യകൾ ഇന്ന് ഉണ്ട്. സ്ക്വയർ എന്ന മൊബൈൽ കാർഡ് റീഡർ പെയ്മെൻറ് പ്രോസസിംഗ് സൊല്യൂഷൻ സംരംഭകരെ സംബന്ധിച്ചിടത്തോളം സാമ്പത്തിക ഇടപെടലുകൾ സുതാര്യമാക്കാനും വേഗത്തിൽ ആക്കാനും സഹായിക്കുന്നു.

ഇതേപോലെ തന്നെയാണ് ഈ കോമേഴ്സിൽ നാം കണ്ടുവരുന്ന മുന്നേറ്റങ്ങളും. ഓൺലൈൻ ഷോപ്പിംഗ് സ്റ്റാർട്ടപ്പുകൾക്ക് ഇന്ന് വലിയ അവസരങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത് ഉപഭോക്തങ്ങളുമായി നേരിട്ട് ബന്ധപ്പെടുന്ന വിവിധ മോഡലുകൾ സേവനങ്ങൾ നൂതന ഓൺലൈൻ വിപണന സംവിധാനങ്ങൾ എന്നിവ സംരംഭകത്വത്തിന് വലിയ മുന്നേറ്റം അവസരവും നൽകുന്നതാണ്.

ചുരുക്കിപ്പറഞ്ഞാൽ ആധുനികകാല സംരംഭകത്വത്തിന് മാറ്റങ്ങളെ ഉൾക്കൊള്ളാൻ കഴിയണം എന്നതും എപ്പോഴും ബിസിനസ് മോഡലുകൾ മാറ്റങ്ങൾക്ക് വിധേയമാക്കി കൊണ്ടിരിക്കാൻ കഴിയണം എന്നതും അടിസ്ഥാന തത്വങ്ങളായി നാം എടുക്കേണ്ടതാണ്. അതേപോലെ സാങ്കേതിക വിദ്യകളെയും സാമൂഹ്യ മാറ്റങ്ങളെയും തുടർച്ചയായ സംരംഭകത്വം സാധ്യതകളെയും ഉൾക്കൊണ്ടുകൊണ്ട് ഒരു സംരംഭം തുടർന്നാൽ അത്തരം സംരംഭങ്ങൾ നിശ്ചയമായും ലാഭകരമായി മുന്നേറും എന്നുള്ളത് ഉറപ്പാണ്. സംരംഭത്തിന് ഈയിടെയായി ആധുനിക കാലഘട്ടത്തിൽ വലിയ മാറ്റങ്ങളാണ് വന്നുകൊണ്ടിരിക്കുന്നത്. ഈ മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് തന്നെ സംരംഭകത്വം മുന്നോട്ടുകൊണ്ടുപോകാൻ ആധുനികകാല സംരംഭകർ തയ്യാറെടുക്കേണ്ടതുണ്ട്.

ചുരുക്കിപ്പറഞ്ഞാൽ ആധുനിക മേഖലയിലെ സംരംഭകരെ സഹായിക്കുവാൻ സാങ്കേതിക മേഖലകളിൽ ഇതുപോലെയുള്ള അനവധി ടൂളുകളും മറ്റും ഉണ്ട്. ഇന്ന് സംരംഭകത്വത്തിന്റെ ഏത് മേഖലകളിലും ഇത്തരം ടൂളുകൾ ഉപയോഗിച്ചുകൊണ്ട് സംരംഭകത്വം മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നതാണ്.

ഇത്തരം ആധുനിക പ്രവണതകളെ കൃത്യമായി പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യുകയും അവരുടെ സേവനങ്ങളെ പ്രയോജനപ്പെടുത്തുകയും ചെയ്യുമ്പോൾ സംരംഭകത്വ പ്രവർത്തനങ്ങൾക്ക് ഒരു പുതിയ ദിശയും ഭാവിയും വളർച്ചയും ഉണ്ടാകും.

സംരംഭകത്വം എന്ന് പറയുന്നത് പരമ്പരാഗതമായ ഒന്നിനെ പിന്തുടരുക എന്നതല്ല മറിച്ച് കാലത്തിനനുസരിച്ച് മാറുകയും മാറുന്ന ലോകത്തിന്റെ എല്ലാ സാധ്യതകളെയും തന്റെ കൊച്ചു സംരംഭത്തിലേക്ക് പരമാവധി ഉൾക്കൊള്ളിക്കുകയും ചെയ്യുക എന്നതാണ്.





ബിനോയ് ജോർജ് പി

# കേരളത്തിന്റെ സ്വന്തം ലിവ ഹോം ലിഫ്റ്റ്

**പ്രവാസം** ജീവിതം അവസാനിപ്പിച്ച് തൃശൂരിലേക്ക് കുടുംബവുമായി തിരിച്ചെത്തിയ കെ വി സുരേഷ് ബാബു പുതിയ സംരംഭം ആരംഭിക്കുന്നത് 5 വർഷം മുൻപാണ്. നാട്ടിലെത്തി സുഹൃത്തുക്കളുടെ വീടുകളിൽ സന്ദർശനം നടത്തുമ്പോൾ പ്രായമായ പലർക്കും വീടിന്റെ രണ്ടാം നിലയിലേക്ക് കയറാനുള്ള ബുദ്ധിമുട്ട് പറഞ്ഞു. പലരും അത്ര പ്രായമുള്ളവരല്ലെങ്കിലും മുട്ടു വേദനയും മറ്റു പല പ്രശ്നങ്ങളും മൂലം വീടിന്റെ മുകൾ ഭാഗത്തേക്ക് പ്രവേശനമില്ലാത്ത അവസ്ഥയാണ്. അതിൽ നിന്നാണ് ലിവ ഹോം ലിഫ്റ്റ് എന്ന സ്ഥാപനത്തിന്റെ തുടക്കം. തൃശൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളജിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ് പഠിച്ച്, വിദേശത്ത് 20 വർഷത്തോളം ജോലി ചെയ്തതിനു ശേഷമാണ് നാട്ടിലേക്ക് മടങ്ങിയത്. വീട്ടിൽ ഒരു ലിഫ്റ്റ് എന്ന ആഗ്രഹത്തിന് വില അന്വേഷിച്ചപ്പോൾ 20 ലക്ഷത്തോളമാണെന്ന് അറിഞ്ഞു. കുറെ സ്ഥലവും മറ്റും വേണം. ഈ പ്രശ്നത്തിന് പരിഹാരമായി ഒരു ലിഫ്റ്റ് ഡിസൈൻ ചെയ്യാൻ തീരുമാനിക്കുകയായിരുന്നു. മറ്റു ചെറിയ ലിഫ്റ്റുകൾ പലതും സുരക്ഷിതമല്ലാത്ത അഭ്യാസങ്ങളാണെന്ന് സാങ്കേതിക വിദ്യ അറിയുന്നതിനാൽ വ്യക്തമായി. അങ്ങനെയാണ് ഗവേഷണ-അന്വേഷണങ്ങൾ ഊർജിതമാക്കിയത്. 2 വർഷത്തെ പ്രയത്നത്തിനൊടുവിലാണ് ഇന്നു കാണുന്ന ലിവ ഹോം ലിഫ്റ്റ് രൂപപ്പെട്ടത്. മണ്ണുത്തി-അങ്കമാലി ദേശീയപാത 544 ൽ മരത്താക്കരയിലാണ് സ്ഥാപനം പ്രവർത്തിക്കുന്നത്.

സാധാരണ ചെറിയ ലിഫ്റ്റുകളിൽ നിന്നും കൂടുതൽ സുരക്ഷിതമായ സ്വന്തം ഡിസൈനിൽ ഹൈഡ്രോളിക് സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് സുരേഷ് ബാബു ലിഫ്റ്റ് നിർമ്മിച്ചിരിക്കുന്നത്. കേരളത്തിൽ ആദ്യമായിട്ടാണ് ഇത്തരം ഒരു സംരംഭം. വ്യാവസായിക അടിസ്ഥാനത്തിൽ ലിഫ്റ്റ് നിർമ്മിച്ച് വിപണനം നടത്തുന്ന നിരവധി കമ്പനികൾ ഉണ്ടെങ്കിലും സ്വന്തമായി ഹോംലിഫ്റ്റ് സവിശേഷമായ സാങ്കേതികവിദ്യ ഉപയോഗിച്ച് നാട്ടിൽ തന്നെ നിർമ്മിക്കുന്നത് ആദ്യമാണെന്ന് സുരേഷ്ബാബു പറയുന്നു. പല

സ്ഥാപനങ്ങളും വിദേശത്തു നിന്നുള്ള പല ഭാഗങ്ങൾ ഇറക്കുമതി ചെയ്താണ് നിർമ്മിക്കുന്നത്. ലിവ ഹോംലിഫ്ടിന്റെ സാങ്കേതിക വിദ്യയുടെ സുരക്ഷിതത്വം മറ്റു പല ചെറിയ ലിഫ്ടുകൾക്കും അപ്രാപ്യമാണ്. വീടിനകത്തെ ചെറിയ സ്ഥലത്ത് സ്ഥാപിക്കുന്ന ലിഫ്ടിന് ഓയിലോ ഗ്രീസോ പിരീയോഡിക്കൽ മെയിന്റനൻസോ ആവശ്യമില്ല. മാത്രമല്ല മറ്റു ലിഫ്ടുകളെ പോലെ വലിയ കുഴിയോ മെഷിൻ റൂമോ വേണ്ട. ലിഫ്ട് എന്നുള്ള പരമ്പരാഗത സങ്കല്പത്തെ മാറ്റിമറിക്കുന്ന വിധത്തിൽ ചെറിയതും പഴയതുമായ വീടുകളിലും ഇത് സ്ഥാപിക്കാമെന്നതാണ് സവിശേഷത.

സുരേഷ്ബാബുവിന്റെ ഹൈഡ്രോളിക് ലിഫ്ട് സ്ഥാപിക്കാൻ കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗത്ത് 1.2 ചതുരശ്ര മീറ്റർ സ്ഥലം മാത്രമാണ് ആവശ്യമുള്ളത്. ചുവരിനോട് ചേർന്നോ റൂമിന്റെ മധ്യത്തിലോ എവിടെയും ലിവ ഹോംലിഫ്ട് സ്ഥാപിക്കാനാകൂ. ലിഫ്ടിലെ ആകെയുള്ള മെഷിൻ എന്നു പറയുന്നത് രണ്ടു കുതിരശക്തിയുള്ള മോട്ടോർ ആണ്. ദിവസം 80 തവണയെങ്കിലും പ്രവർത്തിക്കുമ്പോഴാണ് ഒരു യൂണിറ്റ് വൈദ്യുതി ചെലവാകുന്നത്. വീടുകളിൽ ഒരിക്കലും ഇത്തരം ഉപയോഗം ഉണ്ടാവുകയില്ല. രണ്ടോ മൂന്നോ പേർക്ക് കയറാവുന്ന ലിഫ്ടിന്റെ ശേഷി 250 കിലോയാണ്. ആറര ലക്ഷം രൂപ ചെലവാക്കിയാൽ ആർക്കും ലിവ ഹോം ലിഫ്ട് സ്ഥാപിക്കാം. വീൽചെയറിലെ ആളുമായി മറ്റൊരാൾക്ക് കയറാവുന്ന ലിഫ്ടും നിർമ്മിച്ച് നൽകുന്നുണ്ട്. വീടിന്റെ ഉൾവശത്തിന്റെ നിറത്തിനനുസൃതമായുള്ള നിറങ്ങളിൽ ലിഫ്ട് സ്ഥാപിച്ചു നൽകും. ഇത്തരത്തിലുള്ള ലിഫ്ട് ഇന്ത്യയിൽ തന്നെ ഇതുവരെ ആരും നിർമ്മിച്ചിട്ടില്ലെന്ന് സുരേഷ് ബാബു പറയുന്നു. വീടുകളുടെ ആവശ്യങ്ങൾക്ക് മാത്രമായി നിർമ്മിച്ച് ഉപയോഗിക്കാനുള്ള ലൈസൻസ് ആണ് സ്ഥാപനത്തിലുള്ളത്. അതുകൊണ്ടു തന്നെ കമേഴ്സ്യൽ ആയി നിർമ്മിച്ചു നൽകുന്നില്ല. വീടുകളിലെ ഉപയോഗം കുറവായതിനാൽ തന്നെ കൂടുതൽ മെയിന്റനൻസ് ആവശ്യമില്ല. അതു തന്നെയാണ് ലിവ ഹോം ലിഫ്ടിന്റെ സാധ്യതയും.

ഹോം ലിഫ്ട് എന്ന സാധ്യതയെക്കുറിച്ച് ആലോചിച്ചപ്പോൾ തന്നെ ഓയിലോ ഗ്രീസോ വീടിനകത്ത് ഉപയോഗിക്കാൻ പാടില്ലാത്ത വിധത്തിലുള്ള ഒന്നായിരിക്കണമെന്ന് സുരേഷ് മനസിലുറപ്പിച്ചിരുന്നു. ലിഫ്ടിന് അനുയോജ്യമായ വാൽവുകളെക്കുറിച്ച് അന്വേഷിച്ച അവസാനം അവ നിർമ്മിക്കുന്ന ഒരു വിദേശ കമ്പനിയുമായി ധാരണയായതിനു ശേഷമാണ് അവ ഉപയോഗപ്പെടുത്തിയത്. നിർമ്മാണത്തിൽ അലൈൻമെന്റിന്റെ കണിശത വളരെ പ്രധാനമായതിനാൽ തൊഴിലാളികൾ എല്ലാവരും അത്തരത്തിൽ പരിശീലനം നേടിയവരാണ്. കൊവിഡ് കാലത്തും ഇവരെ കൂടെ നിർത്തുകയായിരുന്നു. മറ്റെല്ലാ സ്ഥാപനങ്ങൾക്കും എന്ന







പോലെ കൊവിഡ് ഉണ്ടാക്കിയ പ്രതിസന്ധികൾ പൂർണമായും സ്ഥാപനത്തിന് ഇപ്പോളും മറിക്കടക്കാനായിട്ടില്ല.

ഐഎസ്ഒ സർട്ടിഫിക്കറ്റും യുകെ സർട്ടിഫിക്കേറ്റ് ഓഫ് കംപ്ലയൻസുമുള്ള 'ലിവ ഹോം ലിഫ്ടി'ന് സ്റ്റാർട്ടപ്പ് മിഷന്റെയും കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിന്റെയും അംഗീകാരം ലഭിച്ചിട്ടുണ്ട്. ഹോം ലിഫ്ട് കൂടുതൽ വിറ്റഴിയുന്നത് കേരളത്തിലാണെങ്കിലും തമിഴ്നാട്ടിലെ ഓർഡർ അനുസരിച്ച് നിർമ്മിച്ച് സ്ഥാപിക്കുന്നുണ്ട്. കോടികൾ മുതൽ മുടക്കിയ സംരംഭത്തിൽ കൂടുതൽ ലിഫ്ടുകൾ ഒരേസമയം നിർമ്മിക്കാനുള്ള അടിസ്ഥാനസൗകര്യമോ ജീവനക്കാരോ ഇല്ല. ഉത്പാദനം വർദ്ധിപ്പിക്കാൻ സാധിച്ചെങ്കിൽ മാത്രമെ സംരംഭം കൂടുതൽ ലാഭകരമായി മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കൂ. 20 ജീവനക്കാരാണ് സ്ഥാപനത്തിൽ പ്രവർത്തിക്കുന്നത്. അവരെല്ലാം പ്രത്യേക പരിശീലനം ലഭിച്ചവരുമാണ്. കുറച്ച് പേർക്ക് സുരേഷ് ബാബു തന്നെയാണ് പരിശീലനം നൽകിയത്. ചിലർ വിദേശത്ത് സമാനമായ തൊഴിലിൽ ഏർപ്പെട്ടിരുന്നവരായതിനാൽ അതിന്റെ സൂക്ഷ്മതയും ഗുണവും ഉത്പന്നത്തിനുണ്ട്.

ലിവ ഹോം ലിഫ്ടിന്റെ പ്രത്യേകത അത് ഒരു നിലയിലേക്കും ഡ്യൂപ്ലക്സ് ഫ്ലാറ്റുകളിലും മാത്രമെ പ്രവർത്തിപ്പിക്കുവാനാകൂ എന്നതാണ്. ഒന്നാംനിലയിൽ നിന്നും രണ്ടാംനിലയിലേക്കും അല്ലെങ്കിൽ രണ്ടിൽ നിന്നും മൂന്നിലേക്കും. നമ്മുടെ മിക്ക വീടുകളും രണ്ടുനിലകളിൽ നിർമ്മിച്ചവയായതിനാൽ അതൊരു പ്രശ്നമല്ലെങ്കിലും രണ്ടാംനിലയിൽ നിന്നും മൂന്നാംനിലയിലേക്കും കയറിപോകാവുന്ന ലിഫ്ടിന്റെ ഡിസൈൻ സുരേഷ്ബാബുവിന്റെ മനസിലുണ്ട്. അതിന്റെ ഗവേഷണങ്ങളും പൂർത്തിയാക്കി കഴിഞ്ഞു. യൂണിറ്റിലെ സ്ഥല സൗകര്യവും മറ്റു സാങ്കേതിക കാര്യങ്ങൾക്കുമായി ഇനിയും കൂടുതൽ പണം മുടക്കണം. അതെല്ലാം ഒറ്റയ്ക്കു തന്നെ പൂർത്തിയാക്കുവാൻ സാധിക്കാത്ത അവസ്ഥയിലാണ് സംരംഭകൻ. ഇന്ത്യയിലാകെ വിപണി കണ്ടെത്തുന്ന തരത്തിലേക്ക് വളരാനുള്ള സാധ്യതകൾ ഉണ്ടെങ്കിലും ഇത്തരം പരിമിതികൾ സ്ഥാപനത്തിന് വിഘാതമായിരിക്കുകയാണ്. ഇടത്തരം കുടുംബങ്ങൾ പോലും നിർമ്മിക്കുന്ന വീടുകൾക്ക് 60-70 ലക്ഷം രൂപ ചെലവാകുന്നുണ്ട്. ഇത്തരം വീടുകളിൽ മുതിർന്നവർക്കു കൂടി പരിഗണന നൽകുന്ന തരത്തിൽ ആറര ലക്ഷം രൂപ ചെലവഴിച്ചാൽ ഹോം ലിഫ്ട് സ്ഥാപിക്കാനാകും. പുതിയകാലത്ത് 40 വയസു കഴിയുമ്പോഴേക്കും മുട്ടു-കാൽ വേദനകൾ കൂടപ്പിറപ്പാകുകയാണ്. ഈ സാഹചര്യം കൂടിയാണ് ബിസിനസിന്റെ പുരോഗതിക്ക് കാരണമാകുന്നത്.

ചെറിയതും വില കുറഞ്ഞതുമായ ലിഫ്ടുകളെ പ്പറ്റി യൂട്യൂബിൽ പരതിയപ്പോൾ കുറഞ്ഞ ചെലവിൽ ചെറിയ ലിഫ്ട് എന്ന പരസ്യം കണ്ട് നോക്കിയെങ്കിലും എല്ലാം ഒരു റോപ്പിൽ പ്രവർത്തിപ്പിക്കുന്നവയാണ്. ഒരു തരത്തിലുള്ള സുരക്ഷയും ഉറപ്പു നൽകാൻ ഇത്തരം ഉത്പന്നങ്ങൾക്ക് സാധിക്കില്ലെന്ന് മനസിലായി. ലിവ ഹോം ലിഫ്ടുകൾ നിർമ്മാണത്തിലും സാങ്കേതിക വിദ്യയിലുമെല്ലാം യുണിക് ആണെന്നാണ് സംരംഭകന്റെ പക്ഷം. പ്രവാസിയിൽ നിന്നും നാട്ടിലെ സംരംഭകനിലേക്കുള്ള മാറ്റം ഒട്ടനവധി പ്രതിസന്ധികൾ സമ്മാനിച്ചെങ്കിലും ധീരമായി മുന്നേറാനുള്ള ശ്രമത്തിലാണ് സുരേഷ്ബാബു. സവിശേഷമായ ഈ ലിഫ്ട് തന്നെയാണ് അതിന് പ്രേരണയാകുന്നത്.




സ്റ്റാർട്ടപ്പ് വ്യവസായങ്ങളുടെ റാങ്കിങ്ങിൽ ഇന്ത്യയിൽ ഒന്നാമത് നമ്മുടെ കേരളം. ഏതാനും വർഷങ്ങൾക്ക് മുൻപ് ആർക്കെങ്കിലും ചിന്തിക്കാൻ പറ്റുന്നൊരു കാര്യമായിരുന്നോ ഇത്? എന്നാൽ ഇന്ന് നാം അത് യാഥാർത്ഥ്യമാക്കിയിരിക്കുന്നു. 2016– 23 കാലയളവിൽ കൊണ്ടുവന്ന വിപ്ലവകരമായ മാറ്റങ്ങൾ ഈ നേട്ടത്തിനുള്ള ചവിട്ടുപടിയായി.

കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രാലയത്തിന്റെ 2022ലെ ദേശീയ സ്റ്റാർട്ടപ്പ് റാങ്കിങ്ങിലാണ് ഗുജറാത്ത്, തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങൾക്കൊപ്പം കേരളവും ബെസ്റ്റ് പെർഫോർമർ ആയിരിക്കുന്നത്. കഴിഞ്ഞ മൂന്ന് പതിപ്പുകളിലും ടോപ് പെർഫോർമറായിരുന്ന കേരളം ഈ വർഷം ഏറ്റവും ഉയർന്ന പടിയിലേക്ക് കയറുകയായിരുന്നു.

ലോകോത്തര നിലവാരമുള്ള സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ സൗകര്യവും സൂപ്പർ ഫാബ്ലാബും സാമ്പത്തിക പിന്തുണയുമടക്കം കേരള സ്റ്റാർട്ടപ്പ് മിഷൻ വഴി സംസ്ഥാന സർക്കാർ കൊണ്ടുവന്ന മാറ്റങ്ങൾ ഈ ഘട്ടത്തിൽ ഒരിക്കൽ കൂടി ഓർക്കുകയാണ്. നമ്മുടെ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം അന്താരാഷ്ട്ര അംഗീകാരങ്ങളടക്കം നേടിക്കൊണ്ടാണ് ഇന്നീ നിലവാരം കൈവരിച്ചിരിക്കുന്നത്. നാം ഇനിയുമിനിയും നൂതന വ്യവസായ ലോകത്ത് കുതിപ്പ് തുടരുന്നതിനും വൈജ്ഞാനിക സമ്പദ് വ്യവസ്ഥയ്ക്ക് കെട്ടുറപ്പുള്ള അടിത്തറ പാകുന്നതിനും ഈ നേട്ടം സഹായകമാകും.

എഴുമാവിൽ രവീന്ദ്രനാഥ്

# മരച്ചീനിയിലൂടെ മനം കീഴടക്കി






**'പലവട്ടം** വീഴുമ്പോൾ നടക്കാൻ പഠിയ്ക്കും'. പഴയ ഒരു സിനിമാപ്പാട്ടിലെ അനുപല്ലവിയാണിത്. വിലയ്ക്കു വാങ്ങിയ വീണ എന്ന സിനിമയ്ക്കു വേണ്ടി ശ്രീകുമാരൻ തമ്പി, ദക്ഷിണാമൂർത്തി, യേശുദാസ് ടീം ഒരുക്കിയ ഈ സൂപ്പർഹിറ്റ് ഗാനം മനസ്സിലേക്കോടിയെത്താൻ കാരണം പലവട്ടം പരാജയപ്പെട്ട കർമ്മഭൂവിൽ നിന്ന് വിജയം കൊയ്ത കൊല്ലം മുണ്ടയ്ക്കൽ ശാന്തി നിലയത്തിൽ ബിന്ദു. ഐ എന്ന സംരംഭകയുടെ കഠിനാദ്ധ്വാനമാണ്. മലയാളക്കരയും കടന്ന് മറുനാടുകളിലും ഏഴാം കടലിനുമക്കരെയുമെത്തിയ രുചിപ്പെരുമയാണ് ബിന്ദുവിന്റെ സങ്കൽപ് ഫുഡ്സിനു പറയാനുള്ളത്.

ബോട്ടണിയിൽ ബിരുദവും ബിസിനസ് അഡ്മിനിസ്ട്രേഷനിൽ ബിരുദാനന്തര ബിരുദവും നേടിയശേഷം ഒരു പ്രമുഖ ന്യൂജെൻ ബാങ്കിൽ തന്റെ കർമ്മകാണ്ഡം തുറന്ന ബിന്ദുവിന് കണക്കു കൊണ്ടുള്ള കളിയെക്കാൾ നവീനോൽപന്നങ്ങൾ കണ്ടെത്തുന്നതിലായിരുന്നു താൽപര്യം. സമീപത്തുള്ള ചിറ്റുമല ബ്ലോക്കിലെ പ്ലാവറ, പേരയം, കുണ്ടറ, നന്തിരിക്കൽ, പെരുമൺ, പനയം, മൺറോത്തുരുത്ത്, പെരിനാട്, ഈസ്റ്റ് കല്ലട, കാഞ്ഞാവെളി, കാഞ്ഞിരംകുഴി, കേരളപുരം തുടങ്ങിയ ഗ്രാമങ്ങളിലെ മരച്ചീനി കർഷകരുടെ പ്രശ്നങ്ങളായിരുന്നു ഈ യുവസംരംഭകയുടെ ശ്രദ്ധയിൽപ്പെട്ടത്. വിള സമൃദ്ധിയുണ്ടായാൽ വില താഴും. പിന്നെ കന്നുകാലികൾക്കു പോലും മരച്ചീനി എന്ന കപ്പ വേണ്ടേ വേണ്ട. പുഴുങ്ങിയും, പച്ചയ്ക്കും പൊരിവെയിലിൽ ഉണക്കിയെടുക്കുന്ന വെള്ളകപ്പയും വാട്ടുകപ്പയും ഇന്ന് മലയാളികളുടെ മെനുവിൽ കാര്യമായ സ്വാധീനം ചെലുത്തുന്നുമില്ല. അവലു കപ്പയെ ജനം മറന്നു. ആകെ ഉൽപന്നത്തിൽ 5 ശതമാനം മാത്രം ചിപ്സായെത്തുന്നു. ഒരിക്കൽ മലയാളികൾക്കു പ്രിയങ്കരമായ കപ്പപ്പുട്ടു പൊടിയ്ക്കും ഇന്നത്ര മൂവ്മെന്റില്ല.

മരച്ചീനിയിൽ നിന്നായിരുന്നു ബിന്ദുവിന്റെ പരീക്ഷണം. നന്നായുണക്കി ഫൈൻ പൗഡർ ആക്കിയ മരച്ചീനി കൊണ്ടുള്ള പാസ്ത എന്ന ആശയം ഒരു കേന്ദ്ര ഭക്ഷ്യ ഗവേഷണ സ്ഥാപനവുമായി ചർച്ച ചെയ്ത് ഇതിലേക്കുള്ള ടെക്നോളജി വികസിപ്പിയ്ക്കുകയായിരുന്നു ആദ്യം. മരച്ചീനിപ്പൊടിയ്ക്കൊപ്പം മൈദ, വേ പ്രോട്ടീൻ തുടങ്ങിയവയായിരുന്നു പാസ്തയിലെ ചേരുവകൾ. ചീസ് നിർമ്മാണ വേളയിൽ ഉണ്ടാകുന്ന ക്ഷീര ഉൽപന്നമായ വേ പ്രോട്ടീൻ, ആൽഫാ ലാക്റ്റാൽബുമിൻ, ബീറ്റാ ലാക്റ്റോ ഗ്ലോബുലിൻ, സിറം ആൽബുമിൻ, ഇമ്മ്യൂണോ ഗ്ലോബുലിൻ എന്നിവയുണ്ട്. കൊല്ലം തിരുവനന്തപുരം ജില്ലകളിൽ വിജയകരമായി വിപണനം നടത്തി വന്ന സങ്കൽപ് ഫുഡ്സിന്റെ പാസ്താ വിനോദ സഞ്ചാരികളിലൂടെയാണ് നെതർലണ്ട്സിലെത്തിയത്. കയറ്റുമതി സംബന്ധിച്ച




നിരവധി കടമ്പകൾ കടക്കേണ്ടതുണ്ടായിരുന്നെങ്കിലും നൂറു ശതമാനം ജൈവോൽപന്നമാണെന്ന് പരിശോധനകളിൽ തെളിഞ്ഞതിനാൽ ഒരു കൊച്ചു സംരംഭത്തിന്റെ വിശിഷ്ട ഉൽപന്നം നിരവധി തവണ വിമാനമേറി.

എന്നാൽ സാങ്കേതികവിദ്യ കൈമാറാൻ കേന്ദ്രസ്ഥാപനം തയ്യാറല്ലാത്തതിനാൽ എന്നും അവരെ ആശ്രയിക്കേണ്ട അവസ്ഥ ഈ സംരംഭത്തിനു തലവേദനയായി. സ്വന്തമായി ഉൽപാദിപ്പിച്ചു വിപണനം നടത്തിയാലേ തങ്ങൾക്കൊരു അസ്തിത്വം ഉണ്ടാവുകയുള്ളൂ എന്ന അഭിമാനബോധം ഈ സംരംഭകയെ മാറിച്ചിന്തിയ്ക്കാൻ പ്രേരിപ്പിച്ചു. പ്രൊഡക്ഷൻ മറ്റൊരാളും പാക്കിങ്ങും ലേബലിങ്ങും മാർക്കറ്റിങ്ങും മറ്റൊരാളും എന്നത് ദീർഘകാലത്തേക്ക് പറ്റിയ ഒരേർപ്പാടല്ലല്ലോ.

മാത്രമല്ല, യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ള കസ്റ്റമേഴ്സ് മൈദയ്ക്കെതിരായ സന്ദേശങ്ങൾ ബിന്ദുവിനയച്ചു. അലോക്സാൻ, ബെൻസോയ്ൽ പെറോക്സൈഡ് തുടങ്ങിയവ ഉപയോഗിച്ച് ശുദ്ധമായ ഗോതമ്പുപൊടി ഫൈബർ നീക്കി ബ്ലീച്ചു ചെയ്തുണ്ടാക്കുന്ന മൈദ ആരോഗ്യത്തിനു ഹാനികരമെന്ന തിരിച്ചറിവ് ബിന്ദുവിൽ പുതിയ ആശയങ്ങൾക്കു തുടക്കം കുറിച്ചു. ഫൈബർ സമൃദ്ധമായ മരച്ചീനിപ്പൊടി വിവിധ ഭക്ഷ്യവസ്തുക്കൾക്ക് ഉപയുക്തമായ രീതിയിൽ വളരെ വൃത്തിയോടെ വിപണിയിലെത്തിച്ചതോടൊപ്പം ചെറുധാന്യങ്ങൾ എന്നു പേരുകേട്ട മില്ലറ്റ് സംസ്കരിയ്ക്കുന്നതിലേക്കും സങ്കൽപ് ഫുഡ്സ് ചുവടുമാറ്റി.

പോഷക കലവറയായ മില്ലറ്റ് വേവാൻ താമസമെന്നാണു പൊതുവെയുള്ള പരാതി. ജോവാർ (സൊർഗം), ബജ്റാ (പേൾ മില്ലറ്റ്), ജങ്കോറാ (ബന്യാഡ്), ബാറി (പ്രോസോ) കാങ്ക്ണി (ഇറ്റാലിയൻ), കോബ്രാ (കോഡോ) തുടങ്ങിയവയാണ് ചെറുധാന്യങ്ങളിൽ പ്രമാണിമാർ. ഇവ പൊടിച്ച് പലഹാരമുണ്ടാക്കിയാൽ മൃദുത്വമില്ലെന്നാണ് വീട്ടമ്മമാർ പറയുന്നത്. ഒരു ഗവേഷണ കേന്ദ്രത്തെയും ആശ്രയിയ്ക്കാതെ സ്വന്തം ആർ ആന്റ് സി ലാബിൽ ഓരോ ചെറുധാന്യത്തെയും പഠന ഗവേഷണ നിരീക്ഷണങ്ങൾക്കു വിധേയമാക്കി രാസവസ്തുക്കളുടെ സാന്നിദ്ധ്യമില്ലാതെ ഹോം ഫ്രണ്ട്‌ലി ആകുന്ന സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കാൻ ബിന്ദുവിനും കൂട്ടർക്കുമായി. മൃദുവായ ഇഡ്ഡലിയും മറ്റു പലഹാരങ്ങളും ഉൽപാദിപ്പിയ്ക്കുവാൻ ചെറുധാന്യങ്ങൾ കൊണ്ട് സാധ്യമെന്നു കണ്ടെത്തിയതോടെ സങ്കൽപിന്റെ തലേവര മാറി. കൊല്ലത്തെ ഒരു സൂപ്പർ മാർക്കറ്റ് ശൃംഖലയിൽ നിന്നും കർണ്ണാടകം വഴി മഹാരാഷ്ട്ര, രാജസ്ഥാൻ, ഡൽഹി വരെ ഉൽപന്നങ്ങളെത്തി. ഏറ്റവും വലിയ വിപണി കർണാടകയും രാജസ്ഥാനുമാണെന്ന് ബിന്ദു പറയുന്നു. 1500 ചതുരശ്ര അടി മാത്രം വിസ്തൃതമായ യൂണിറ്റ് ഡിമാന്റനുസരിച്ച് ഉൽപന്നങ്ങൾ തയ്യാറാക്കാൻ പാടുപെടുകയായിരുന്നു. കൊല്ലം കോർപറേഷന്റെ സഹായത്തോടെ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ഒരു പ്രൊഡക്ഷൻ യൂണിറ്റ് കൂടി സങ്കൽപ് ഇപ്പോൾ പ്രവർത്തന സജ്ജമാക്കി വരുന്നു. ആഭ്യന്തര വിപണി ഒരു സ്റ്റെഡി ആക്കിയ ശേഷമേ വിദേശ വിപണിയിലേയ്ക്കുള്ളൂ എന്ന നിലപാടിലാണിപ്പോൾ സങ്കൽപ് ഫുഡ്സിന്റെ സാരഥിയും.

എഫ് എസ്. എസ്. എ. ഐ., നാഷണൽ ആയുഷ് മിഷൻ, അസ്സോചം, കേരളീയം, വൈഗ തുടങ്ങിയവ സംഘടിപ്പിച്ച പ്രദർശനങ്ങളിലെല്ലാം സങ്കൽപ് ഒരു താരമായിക്കഴിഞ്ഞു. ജി ട്വന്റി സമ്മേളനത്തോടനുബന്ധിച്ച് ഗോവ ഉൾപെടെയുള്ള സംസ്ഥാനങ്ങളിൽ നടത്തിയ സങ്കൽപിന്റെ ഡമോൺസ്ട്രേഷൻ വിദേശ വിപണിയുടെ വാതായനങ്ങളാണ് തുറന്നത്. ഗുണമേന്മ, കഠിനാദ്ധ്വാനം, നിശ്ചയദാർഢ്യം ഇവ കൈമുതലാക്കി സങ്കൽപലോകം യാഥാർത്ഥ്യമാക്കാനുള്ള അഞ്ചംഗ ഗ്രൂപ്പിന്റെ ശ്രമങ്ങൾ സഫലമാകട്ടെ.



ലോറൻസ് മാത്യു



# ടെക്നോപ്രണർഷിപ്പ്
## സാങ്കേതിക വിദ്യ തന്നെ സംരംഭമാകുമ്പോൾ



**ലോകത്തിൽ** ഏറ്റവുംകൂടുതൽ ആദരവ് ലഭിക്കേണ്ടുന്ന ഒരു വിഭാഗം തന്നെയാണ് സംരംഭകർ. കാരണങ്ങൾ പലതുണ്ട്. സംരംഭകന് ഒരു ജീവിത മാർഗ്ഗം എന്നതിലേക്ക് അതിനെ ചുരുക്കി കാണുന്നത് വസ്തുതകൾക്ക് നേരെ കണ്ണടക്കുന്നതാണ്. ഒരു സംരംഭകന്റെ മനോ മുകുരത്തിൽ അങ്കുരിക്കുന്ന ഒരാശയം കാർഷിക വ്യവസായ മേഖലകളിൽ പുത്തൻ ബിസിനസ്സായി പരിണമിക്കുമ്പോൾ ജനത്തിനുണ്ടാകുന്ന നേട്ടങ്ങൾ നിരവധിയാണ്. സർക്കാരിന് ലഭിക്കുന്ന അധിക നികുതിയും നാട്ടിൽ സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങളും മാത്രമല്ല പുതിയ സാധനങ്ങളും സേവനങ്ങളും ലോക ജനതയുടെ ദൈനം ദിന ജീവിതത്തിൽ വരുത്തുന്ന പുരോഗമനപരമായ മാറ്റങ്ങളും വിസ്മരിക്കാവുന്നതല്ല. ജീവിതം ആനന്ദകരവും ആയാസരഹിതവുമാക്കുന്നതിൽ സംരംഭകരുടേയും അവരുടെ ബിസിനസ്സ് ആശയങ്ങളുടേയും പങ്ക് ചെറുതല്ല.

### എന്താണ് ടെക്നോപ്രണർഷിപ്പ്

ഇന്ന് സംരംഭ ലോകത്തേക്ക് കടന്ന് വരുന്ന ഒരു വ്യക്തിക്ക് തിരഞ്ഞെടുക്കുവാൻ നിരവധി മേഖലകളുണ്ട്. കൃഷിയും ബാങ്കിങ്ങും യാത്രയും ഒക്കെ ഉൾപ്പെടെ നിരവധി മേഖലകൾ. എന്നാൽ പൂർണ്ണമായും സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ബിസിനസുകൾ ഉണ്ട്. റിയൽ എസ്റ്റേറ്റ് ബിസിനസോ, ഹോട്ടൽ ബിസിനസോ ഒക്കെ

ടെക്നോളജിയെ ആശ്രയിക്കുമെങ്കിലും അവയുടെ പ്രവർത്തന മേഖല ടെക്നോളജി അല്ലല്ലോ. പൂർണ്ണമായും ടെക്നോളജിയെ മാത്രം അടിസ്ഥാന മാക്കി ബിസിനസ് സംരംഭങ്ങൾ തുടുങ്ങുന്നവരാണ് ടെക്നോപ്രണർ. ഇങ്ങനെയുള്ള സംരംഭങ്ങളെ വിളിക്കുന്ന പേരാണ് ടെക്നോപ്രണർഷിപ്പ്.

ടെക്നോളജി എൻട്രപ്രണർഷിപ്പ് എന്നീ വാക്കുകളുടെ സംയോജനമാണ് ടെക്നോപ്രണർ ഷിപ്പ്. ഇവിടെ ടെക്നോളജി എന്നതിനാൽ വിവക്ഷിക്കപ്പെടുന്നത് ആധുനിക കാലത്തെ ഹൈ എൻഡ് ടെക്നോളജിയാണ്. ആപ്പിൾ എന്ന ബ്രാൻഡ് നെയിമിലൂടെ മാക് ബുക്കും, ഐ ഫോണും, ഐ പാഡും, ഐ പോഡുമെല്ലാം ലോക




വിപണിയിൽ തരംഗമാക്കിയ മൺമറഞ്ഞ് പോയ സ്റ്റീവ് ജോബ്സിനെ ഈ ശ്രേണിയിൽ മുൻ നിരയിൽത്തന്നെ പ്രതിഷ്ഠിക്കാവുന്നതാണ്.

1987 ലാണ് ടെക്നോപ്രണർഷിപ്പ് എന്ന വാക്ക് ഉരുത്തിരിഞ്ഞ് വന്നത്. എന്നാൽ 2000 ലെ ഇന്റർ നെറ്റ് ബൂമിലാണ് ഇത് വ്യപകമായത്.

## പ്രത്യേകതകൾ

സാധാരണയുള്ള സംരംഭകത്വത്തിൽ നിന്ന് ടെക്നോപ്രണർഷിപ്പിനെ വേറിട്ട് നിർത്തുന്നത് അത് സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമാണ് എന്നതാണ്. ആയതിനാൽ തന്നെ ഇതിൽ നിന്ന് ഉരുത്തിരിഞ്ഞ് വരുന്നതായ ഉൽപ്പന്നങ്ങളും സേവനങ്ങളും തികച്ചും പുതിയത് ആയിരിക്കും. സമൂഹത്തിലെ പ്രശ്നങ്ങൾക്ക് ഏറ്റവും നൂതനമായ പരിഹാരം ആയിരിക്കും ഇത് മുന്നോട്ട് വെക്കുന്നത്. ഇത്തരം സംരംഭങ്ങൾ കൂടുതലായി വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായിരിക്കും. ആദ്യ കാല ടെക്നോപ്രണർമാർ സാങ്കേതിക വിദ്യയിൽ മാത്രം ശ്രദ്ധയൂന്നിയിരുന്നെങ്കിൽ ഇന്ന് ടെക്നോളജിസ്റ്റ്, സംരംഭകൻ മാനേജർ എന്നീ വ്യക്തിത്വങ്ങളെല്ലാം ഒരു വ്യക്തിയിൽത്തന്നെ സമ്മേളിക്കുകയാണ്. ഒരേ സമയം മികച്ച മാനേ ജരും പ്രോഗ്രാമറുമായ ഫെയ്സ്ബുക്ക് സ്ഥാപ കനായ മാർക്ക് സുക്കർബർഗ് തന്നെ ഉദാഹരണം.

## ലോകത്തെ മാറ്റി മറിച്ച ചില ടെക്നോപ്രണർഷിപ്പുകൾ

സെർച്ച് എഞ്ചിൻ തന്നെ ഉദാഹ രണം. ഇതില്ലായിരുന്നുവെങ്കിൽ ഒരു വെബ്സൈറ്റിലെത്തുവാൻ അഡ്രസ് ബാറിൽ യു ആർ എൽ ടൈപ്പ് ചെയ്താൽ മാത്രമേ സാധിക്കുമായിരുന്നുള്ളു. ഒരു മുൻ പരിച യവുമില്ലാത്ത വെബ്സൈറ്റുകളെ എങ്ങനെ അറിയും. ഈ ചോദ്യത്തിനുള്ള ഉത്തരമായിരുന്നു സെർച്ച് എഞ്ചിൻ. ഗൂഗിളിന് മുമ്പ് യാഹു, അൾട്ടാ വിസ്റ്റ എന്നിവയുണ്ടായിരുന്നു. എന്നാൽ ഇന്ന് ഗൂഗിൾ പല ബില്യൺ ആസ്തിയുള്ള കമ്പനിയായി തലയുയർത്തി നിൽക്കുന്നു.

സോഷ്യൽ മീഡിയയിലെ ആദ്യ സംരംഭ മായിരുന്നില്ല ഫെയ്സ്ബുക്ക്. എന്നാൽ അവതരണ ശൈലിയുടെ വ്യത്യസ്തത സോഷ്യൽ മീഡിയയിലെ രാജാവായി നിൽക്കുവാൻ ഫെയ്സ്ബുക്കിനെ സഹായിച്ചു. ഇന്ത്യൻ ഇ കോമേഴ്സ് രംഗത്തെ കിരീടം വെക്കാത്ത രാജാവായി മാറിയിരിക്കുന്ന ഫ്ളിപ്കാർട്ടും ടെക്നോപ്രണർഷിപ്പിന് ഉദാഹരണമാണ്.

തൊഴിലന്വേഷകരുടെ പ്രിയപ്പെട്ട താവളമായി ഇന്റർനെറ്റ് മാറുമെന്നുള്ള ദീർഘ വീക്ഷണമാണ് സഞ്ചീവ് ബിക്ക് ചന്ദാനിക്ക് www.naukri.com എന്ന ജോബ് പോർട്ടൽ തുടങ്ങുവാൻ പ്രേരണയായത്.




ഇന്നിപ്പോൾ ഫ്ളൈറ്റ് ബുക്ക് ചെയ്യേണ്ടി വരുമ്പോൾ നമുക്ക് മുന്നിലേക്ക് ആദ്യം വരുന്നത് www.makemytrip.com എന്ന സൈറ്റാണ്. അഹമ്മദാബാദ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ നിന്ന് പഠിച്ചിറങ്ങിയ ദീപ് കാർലയാണ് ഇതിന് പിന്നിൽ.

സൗജന്യമായി വീഡിയോ അപ്‌ലോഡ് ചെയ്യുക, സ്ട്രീം ചെയ്ത് കാണുക തുടങ്ങിയ ആശയങ്ങൾ മനസ്സിൽ അങ്കുരിച്ചപ്പോഴാണ് ചാഡ് ഹർലി, സ്റ്റീവ് ചെൻ, ജാവേദ് കരീം എന്നിവർ www.youtube.com എന്നതിന് തുടക്കം കുറിക്കുന്നത്. എന്നാൽ സംഭവം ഹിറ്റായപ്പോൾ ഗൂഗിൾ ഏറ്റെടുക്കുകയായിരുന്നു.

ഫിൻടെയക് അഥവാ ഫിനാൻഷ്യൽ ടെക്നോളജി വ്യാപകമായപ്പോൾ ഓൺലൈൻ പേയ്മെന്റ് ആവശ്യമായി വന്നപ്പോൾ ആണ് www.paypal.com എന്ന സംരംഭം രൂപപ്പെട്ടത്. നോട്ട് നിരോധനത്തെത്തുടർന്ന് വൻ വളർച്ച നേടിയ പേ ടി എം എന്ന മൊബൈൽ ആപ്ലിക്കേഷൻ മറ്റൊരു ഉദാഹരണമാണ്.

ക്യൂ നിൽക്കാതെ വീട്ടിൽ ഇരുന്ന് സിനിമാ ടിക്കറ്റ് ബുക്ക് ചെയ്യുവാൻ കഴിയുമോ. ഈ ചോദ്യത്തിനുത്തരമായി അവതരിപ്പിക്കപ്പെട്ടത് ആയിരുന്നു www.bookmyshow.com. ഇന്നിപ്പോൾ വൻ നഗരങ്ങളിലെ ടാക്സി സർവീസ് എല്ലാം തന്നെ യൂബർ, ഒലെ എന്നിവയിലേക്ക് മാറിയിരിക്കുന്നു. വീട്ടിൽ ഇരുന്നു കൊണ്ട് ഇഷ്ട ഭക്ഷണം ഓർഡർ ചെയ്യുവാൻ ഇന്ന് നാം ഉപയോഗിക്കുന്ന സൊമാറ്റോ, സ്വിഗ്ഗി എന്നിവയൊക്കെത്തന്നെ ഈ മേഖലയിലെ സംരംഭങ്ങളാണ്.

## മലയാളി സാന്നിധ്യം

മലയാളികൾക്ക് അഭിമാനമായി മാറിയ ബൈജൂസ് എന്ന നൂതന സംരംഭവും ഈ രംഗത്തെ മികച്ചയൊരു ഉദാഹരണമാണ്.

രോഗികളുടെ ആവശ്യകത മനസ്സിലാക്കി ഡോക്ടർമാരെ ലഭ്യമാക്കുന്ന സൂപ്പർ സ്പെഷ്യലിറ്റി ഹെൽത്ത് ആപ്പാണ് ഷോപ്പ് ഡോക് എന്നത്. 2020 ൽ മാത്രം പ്രവർത്തനം ആരംഭിച്ച ഇത് കൊച്ചി കേന്ദ്രമായി പ്രവർത്തിക്കുന്ന ഒരു മലയാളി സ്റ്റാർട്ടപ്പാണ്. യു. എ. യിൽ നിന്ന് 10 കോടിയുടെ സീഡ് ഫണ്ട് ആണ് ഇത് നേടിയെടുത്തത്.

എം എസ് എം ഇ കൾക്കും ചെറുകിട വ്യാപാരികൾക്കും സ്റ്റാർട്ടപ്പുകൾക്കുമെല്ലാം പണമിടപാടുകൾ ഓട്ടോമേറ്റ് ചെയ്യുവാൻ സഹായിക്കുന്ന ഓപ്പൺ എന്ന സ്റ്റാർട്ടപ്പും മലയാളികളുടേതാണ്. ഗൂഗിളും ആമസോണുമെല്ലാം നിക്ഷേപിച്ചിരിക്കുന്ന സംരംഭം ആണിത്. ഒരു മലയാളി സ്റ്റാർട്ടപ് ആയ കൺസൾട്ടിങ്ങ് മേഖലയിലെ നൂതന സംരംഭം അൺറിമോട്ടും ടെക്നോപ്രണർഷിപ്പിന് ഉദാഹരണമാണ്.

വിദേശ കറൻസി വിനിമയ സേവനം നൽകുന്ന നിരവധി കമ്പനികൾ നമുക്കുണ്ടെങ്കിലും ഇവയെല്ലാം തമ്മിൽ താരതമ്യം ചെയ്ത് ഏറ്റവും മികച്ചത് ഉപഭോക്താവിന് നൽകുന്ന സ്ഥാപനങ്ങൾ ഇവിടെ അധികമില്ല. ഈ നിലക്കും സംരംഭം ആരംഭിക്കാവുന്നതാണ്. അതായത് ഉപഭോക്താക്കളേയും സേവന ദാതാക്കളേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു ഓൺലൈൻ പ്ലാറ്റ്ഫോം. നിലവിൽ എക്സ്ട്രാവൽ മണി.കോം എന്ന ഒരു മലയാളി സ്റ്റാർട്ടപ്പ് സംരംഭം തന്നെ ഇവിടെയുണ്ട്.

ബിസിനസ്സ് ഇൻക്യുബേഷൻ രംഗവും ടെക്നോളജി അധിഷ്ഠിതമായ ബിസിനസ് ആക്കി മാറ്റിയെടുക്കാവുന്നയൊന്നാണ്.

ഓർക്കുക ഒരു കാലത്ത് നാം എതിർക്കുകയും മുഖം തിരിച്ച് നിന്നിട്ടുള്ളതുമായ കമ്പ്യൂട്ടറും ഇന്റർനെറ്റും എപ്രകാരമാണ് നമ്മുടെ ജീവിതം സുഗമമാക്കി മാറ്റിയത് എങ്ങനെയാണെന്ന്.

## സാധ്യതകളുടെ മേഖല

സമൂഹത്തിലെ പ്രശ്നങ്ങൾക്കും ആവശ്യങ്ങൾക്കുമെല്ലാം സാങ്കേതിക വിദ്യയിലൂടെ പരിഹാരം തേടുമ്പോഴാണ് ഓരോ ടെക്നോപ്രണർഷിപ്പും പിറവിയെടുക്കുന്നത്. ആയതിനാൽത്തന്നെ

ചിന്തിക്കുന്നവർക്ക് ഇനിയും സാധ്യതകൾ ഏറെയുള്ള മേഖലയാണിത്.

ആരോഗ്യ രംഗത്ത് ടെലി ഹെൽത്ത് ആണിപ്പോൾ ട്രെൻഡ്. ഒപ്പം പൊതു ജനങ്ങളുടെ ആരോഗ്യ ഡേറ്റ ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയും. ഈ സാധ്യതകളെ ഉപയോഗപ്പെടുത്തി പുതിയ ടെക്നോളജി സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിയും.

ബൈജൂസ് പോലുള്ളവ മുന്നിലുള്ളപ്പോൾ ത്തന്നെ വിദ്യാഭ്യാസ മേഖലയിൽ ഇനിയും അവസരങ്ങളുണ്ട്.

ആമസോൺ പോലുള്ള കമ്പനികൾ ഇപ്പോൾ ത്തന്നെ തങ്ങളുടെ സേവനങ്ങളിൽ റോബോട്ടിന്റെ സാന്നിധ്യം ഉപയോഗിക്കുന്നുണ്ട്. റോബോട്ടിന്റെ സേവനങ്ങൾ ഉപയോഗപ്പെടുത്താവുന്ന മേഖലകൾ അനന്തമാണ്. ഈ രംഗത്തും നിരവധി സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിയും.



ടെക്നോപ്രണർഷിപ്പിന് ഏറെ സാധ്യതയുള്ള മറ്റൊരു മേഖലയാണ് Virtual Reality യും Augmented Reality യും.

സോഷ്യൽ മീഡിയയുടെ ബിസിനസ്സ് സാധ്യതകൾ ഏറെയാണ്. കൺസൾട്ടിങ്ങ് പോലുള്ളവ ഇതിന് ഉദാഹരണമാണ്. സോഷ്യൽ മീഡിയ ഇൻഫ്ളുവൻസർ രംഗത്തും സാധ്യതകളുണ്ട്.

കേരളത്തിന്റെ ടൂറിസം സാധ്യതകൾ അനന്തമാണ്. ഇത്രയും വൈവിധ്യമാർന്ന ഭൂപ്രദേശങ്ങൾ ഒരു അനുഗ്രഹം തന്നെയാണ്. ആയതിനാൽത്തന്നെ ഇനിയുള്ള കാലത്ത് ഇതുമായി ബന്ധപ്പെട്ട ടെക് മേഖലയിലെ സംരംഭങ്ങൾ ഏറെ സാധ്യതയുണ്ട്.

ബയോടെക്നോളജി മേഖല സ്റ്റാർട്ടപ്പുകൾക്ക് ഏറെ സാധ്യതയുള്ളയൊന്നാണ്. ആയതിനാൽത്തന്നെ ടെക്നോളജിയുമായി കൈകോർത്ത് കൊണ്ട് നൂതനങ്ങളായ സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിയുന്നതാണ്.

കമ്പ്യൂട്ടറും ഇന്റർനെറ്റും വ്യാപകമായതോട് കൂടി സുരക്ഷ എന്നത് ഒരു പ്രശ്നമായി മാറിയിരിക്കുകയാണ്. ഇത് ഈ മേഖലയിലെ സംരംഭക സാധ്യതകൾ വർദ്ധിപ്പിക്കുന്നു.

ആധുനിക കാലഘട്ടത്തിന്റെ മാർക്കറ്റിങ്ങ് ആയ ഡിജിറ്റൽ മാർക്കറ്റിങ്ങ് തുറന്നിടുന്ന അവസരങ്ങളുടെ ജാലകങ്ങൾ ചെറുതല്ല. ഒപ്പം ക്ലൗഡ് മുന്നോട്ട് വെക്കുന്ന സാധ്യതകൾ. ഇവിടെയൊക്കെയും ടെക് സ്റ്റാർട്ടപ്പുകൾക്ക് ഏറെ സാധ്യതയുണ്ട്.

ഫിൻടെക് ആണ് മറ്റൊരു മേഖല. ലോകത്ത് സ്റ്റാർട്ടപ്പുകൾ ഉടലെടുക്കുന്നതിന്റെ കണക്കെടുത്താൽ രണ്ടാം സ്ഥാനമുണ്ടിതിന്. ഇന്ത്യയിൽ നാനൂറിലധികം ഫിൻടെക് കമ്പനികൾ പ്രവർത്തിക്കുന്നുണ്ടെന്നാണ് നാസ്കോം വിലയിരുത്തുന്നത്. വ്യക്തമായ പേരിന്റെ അതിർ വരമ്പിനുള്ളിൽ ഒതുക്കി നിർത്താവുന്നതല്ല ഈ മേഖലയിലെ സംരംഭക സാധ്യതകൾ. ഭ്രാന്തമായ ആശയങ്ങളുള്ളവർക്ക് എണ്ണമില്ലാത്ത സാധ്യതകളുണ്ടിവിടെ.

ഓൺലൈൻ ട്രേഡിങ്ങുകൾ മുമ്പേയുണ്ടെങ്കിലും രാജ്യം ഡിജിറ്റലൈസേഷനിലേക്ക് മാറിക്കൊണ്ടിരിക്കുമ്പോൾ ഈ രംഗം ഏറെ വളർച്ച നേടുന്നയൊന്നാകും. പോർട്ട് ഫോളിയോ മാനേജ് ചെയ്യുന്ന ഫ്രാഞ്ചൈസികളായ നിരവധി കമ്പനികൾ ഉടലെടുക്കും. റിസ്കുണ്ടെങ്കിലും ഉയർന്ന റിട്ടേൺ നൽകുന്ന നിക്ഷേപമെന്ന നിലയിൽ ഓഹരി വിപണി നിക്ഷേപങ്ങളും ഏറെ വർദ്ധിക്കുമ്പോൾ ഈ രംഗത്തെ സാധ്യതകളും കൂടും.

അതേ കാലം മാറുകയാണ്. സാങ്കേതിക വിദ്യയിലധിഷ്ഠിതമായ സംരംഭങ്ങളുമായി നാമും മാറേണ്ടിയിരിക്കുന്നു. അച്ചാറും പപ്പടവുമുണ്ടാക്കുന്നത് മാത്രമല്ല സംരംഭങ്ങൾ എന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. സംരംഭകരെന്നാൽ കുടുംബശ്രീക്കാർ മാത്രമാണെന്ന ധാരണയും മാറേണ്ടിയിരിക്കുന്നു. ചിന്തകൾ ലോകോത്തമായി മാറേണ്ടതുണ്ട്. കാലഘട്ടത്തിന്റെ മാറ്റങ്ങൾ ഉൾക്കൊണ്ട് കൊണ്ട് നൂതനാശയങ്ങളുമായി മുന്നോട്ട് വരുവാൻ വിദ്യാഭ്യാസമുള്ള യുവ തലമുറ മുന്നോട്ട് വരേണ്ടിയിരിക്കുന്നു.



**മനോജ് മാതിരപ്പള്ളി**

# മിഷൻ 2030 ടൂറിസം വികസനത്തിന് പുതിയ മാസ്റ്റർപ്ലാൻ

**ടൂറിസം** മേഖലയിൽനിന്നുള്ള ജിഡിപി വിഹിതം വർദ്ധിപ്പിക്കുക എന്നത് ഉൾപ്പെടെയുള്ള വിവിധ ലക്ഷ്യങ്ങളോടെ സംസ്ഥാനത്ത് പുതിയ മാസ്റ്റർപ്ലാൻ നടപ്പാക്കുന്നു. 'മിഷൻ 2030' എന്ന പേരിലുള്ള മാസ്റ്റർപ്ലാൻ കേരളം ലോകത്തിന് മുന്നിൽ അവതരിപ്പിക്കുന്ന മറ്റൊരു പദ്ധതിയാകുമെന്ന കാര്യത്തിൽ സംശയമില്ല. വിവിധ മേഖകളിൽ നൂതനപദ്ധതികൾ മുന്നോട്ടുവെക്കുന്ന കേരളാമോഡൽ വിവിധ ലോകരാജ്യങ്ങളും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളും പലപ്പോഴും അനുകരിക്കാറുണ്ട്. ഇത്തരത്തിലൊന്നാകും ടൂറിസം മേഖലയെ കേന്ദ്രീകരിച്ചുള്ള മിഷൻ 2030. കേരളം മുന്നോട്ടുവെച്ച ഉത്തരവാദിത്ത ടൂറിസം എന്ന ആശയം ചുരുങ്ങിയ നാളുകൾക്കുള്ളിൽ വ്യാപകമായി ഏറ്റെടുക്കപ്പെട്ടിരുന്നു. നമ്മുടെ ഗ്രാമീണമേഖലയിൽ ഉത്തരവാദിത്ത ടൂറിസത്തിന് ഇനിയും വിപുലമായ സാധ്യതകളുണ്ടെന്നാണ് വിലയിരുത്തൽ. ഇവയെല്ലാം ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുന്ന തരത്തിലാവും മാസ്റ്റർ പ്ലാൻ നടപ്പാക്കുക.

കോവിഡ് വ്യാപനകാലത്ത് തിരിച്ചടി നേരിട്ട സംസ്ഥാനത്തിന്റെ വിനോദസഞ്ചാര മേഖല വലിയ രീതിയിലുള്ള തിരിച്ചുവരവിന്റെ പാതയിലാണ്. മുൻവർഷങ്ങളെ

അപേക്ഷിച്ച് കൂടുതൽ വിദേശടൂറിസ്റ്റുകളും ഉത്തരേന്ത്യൻ സഞ്ചാരികളും ഇതിനകം തന്നെ കേരളം സന്ദർശിക്കുന്നുണ്ട്. ഇക്കഴിഞ്ഞ ക്രിസ്മസ്-പുതുവർഷകാലത്ത് ഇവിടുത്തെ ടൂറിസം സംരംഭങ്ങൾക്ക് മികച്ച നേട്ടമുണ്ടാക്കാൻ കഴിഞ്ഞിരുന്നു. ഒരുകാലത്ത്, ആലപ്പുഴയും കൊച്ചിയും കോവളവും തേക്കടിയും മൂന്നാറും വാഗമണ്ണുമൊക്കെയായിരുന്നു പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളെങ്കിൽ, സംസ്ഥാനത്തെ മുഴുവൻ ഒരു ടൂറിസം മേഖലയായി വികസിപ്പിക്കുകയെന്ന സമീപനമാണ് ഇപ്പോൾ സ്വീകരിക്കപ്പെടുന്നത്. ഇത് നല്ലൊരു ശതമാനം വരെ വിജയിക്കുകയും ചെയ്തുകഴിഞ്ഞു. ഇവിടുത്തെ ഗ്രാമങ്ങളിലേക്കും ഹോംസ്റ്റേകളിലേക്കുമെല്ലാം വിദേശികൾ ഉൾപ്പെടെയുള്ള നിരവധി സഞ്ചാരികൾ ഇപ്പോൾ എത്തുന്നുണ്ട്.

## മാസ്റ്റർപ്ലാനിലെ കാഴ്ചപ്പാട്

നിലവിൽ സംസ്ഥാനത്തിന്റെ ജിഡിപിയിൽ ടൂറിസം മേഖലയുടെ സംഭാവന 12 ശതമാനമാണ്. ഇത് 20 ശതമാനമായി വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളും നയപരിപാടികളും മാസ്റ്റർപ്ലാനിലുണ്ടാവും. മറ്റു മേഖലകളിൽനിന്നും വ്യത്യസ്തമായി വിനോദസഞ്ചാര രംഗത്ത് സ്വകാര്യനിക്ഷേപത്തിന്റെ വലിയ സാധ്യതകളും നിലനിൽക്കുന്നുണ്ട്. മാസ്റ്റർപ്ലാൻ നടപ്പാക്കപ്പെടുന്നതോടെ ഇതും പരമാവധി വിനിയോഗിക്കാനാണ് ശ്രമം. ഇതോടൊപ്പം ഈ രംഗത്തെ പൊതു-സ്വകാര്യ പങ്കാളിത്തം പ്രയോജനപ്പെടുത്താനും നടപടി സ്വീകരിക്കും. വാഗമണ്ണിൽ അടുത്തയിടെ ആരംഭിച്ച ഗ്ലാസ് ബ്രിഡ്ജ് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയുള്ള പദ്ധതിക്ക് മികച്ച ഉദാഹരണമാണ്. ഇതേ രീതിയിൽ ഹെലിടൂറിസത്തിനും തുടക്കമായിട്ടുണ്ട്.

സംസ്ഥാനത്തെത്തുന്ന സഞ്ചാരികൾക്ക് ചുരുങ്ങിയ സമയത്തിനുള്ളിൽ തീരദേശവും ഇടനാടും മലയോരങ്ങളും ഉൾപ്പെട്ട കേരളത്തിന്റെ വൈവിധ്യമാർന്ന സൗന്ദര്യവും





ആകാശക്കാഴ്ചയും ആസ്വദിക്കാൻ അവസരമൊരുക്കുകയാണ് ഹെലിടൂറിസത്തിന്റെ ലക്ഷ്യം. നെടുമ്പാശ്ശേരിയിലാണ് പദ്ധതിയുടെ ആദ്യഘട്ടം ആരംഭിച്ചിരിക്കുന്നത്. ആറുമുതൽ 12 പേർക്ക് വരെ കയറാവുന്ന ഹെലികോപ്റ്ററുകൾ ഇതിനായി സജ്ജീകരിച്ചിട്ടുണ്ട്. റോഡ് മാർഗ്ഗമുള്ള ദീർഘദൂര യാത്ര ഒഴിവാക്കി എളുപ്പത്തിൽ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിലേക്ക് എത്തിച്ചേരാൻ ഈ പദ്ധതി പ്രയോജനപ്പെടും. തിരുവനന്തപുരം, കൊല്ലം, ജഡായുപാറ, ആലപ്പുഴ, കുമരകം, ഇടുക്കി, മൂന്നാർ, കോഴിക്കോട്, കാസർഗോഡ് എന്നിവിടങ്ങളിലെല്ലാം ഹെലിടൂറിസം നടപ്പാക്കും. ഇതിന്റെ ഭാഗമായി കൂടുതൽ ഹെലിപാഡുകൾ നിർമ്മിക്കുന്നതിനും പദ്ധതിയുണ്ട്. ഇത്തരത്തിൽ പൊതു-സ്വകാര്യപങ്കാളിത്തത്തോടെ ക്രൂയിസ് ടൂറിസത്തിനും തുടക്കമാകും.

ടൂറിസം വികസനത്തിന് സാധ്യതയുള്ള സ്ഥലങ്ങൾ സർക്കാർ കണ്ടെത്തുകയും അവിടുത്തെ സാഹചര്യത്തിന് അനുയോജ്യമായ പദ്ധതികൾ നടപ്പാക്കാൻ സ്വകാര്യസംരംഭകരെ അനുവദിക്കുകയും ചെയ്യും. പരിസ്ഥിതി സംരക്ഷണം, സുസ്ഥിര വികസനം, ഉത്തരവാദിത്ത ടൂറിസം എന്നിവയ്ക്ക് അനുയോജ്യമായ പദ്ധതികളാവും മിഷൻ 2030-ന്റെ ഭാഗമാവുക. സ്വാഭാവികമായും കേരളത്തിന്റെ ഗ്രാമീണമേഖലയ്ക്ക് ഇതിന്റെ നേട്ടം കൂടുതലായി ലഭിക്കും. ഗ്രാമങ്ങളിലെ ജനജീവിതം, ഭക്ഷ്യസംസ്കാരം, കൃഷി, പരമ്പരാഗത തൊഴിൽ, ആചാരം തുടങ്ങിയവയിലൂടെ സഞ്ചാരികളെ ആകർഷിക്കുന്നതോടെ പ്രദേശവാസികളും കർഷകരുമെല്ലാം ടൂറിസത്തിന്റെ ഗുണഭോക്താക്കളായി മാറും. വിനോദസഞ്ചാരമേഖലയിൽ നിക്ഷേപത്തിന് ഒരുങ്ങുന്ന സംരംഭകർക്ക് എളുപ്പത്തിൽ അനുമതിയും ലൈസൻസുമെല്ലാം ലഭ്യമാക്കുന്ന ഏകജാലക സംവിധാനവും നടപ്പിലാക്കും.



## ടൂറിസം നിക്ഷേപകസംഗമം

അടുത്തയിടെ തിരുവനന്തപുരത്ത് നടന്ന ടൂറിസം നിക്ഷേപകസംഗമവും സംസ്ഥാനത്തിന്റെ വിനോദസഞ്ചാരമേഖലയിൽ അനേകായിരം കോടിയുടെ നിക്ഷേപം എത്തിക്കാനുള്ള വഴിയൊരുക്കിയിരുന്നു. 15,116.65 കോടി രൂപയുടെ നിക്ഷേപവാഗ്ദാനമാണ് സംഗമത്തിലുണ്ടായത്. ഇതിൽ 3500 കോടിയിലേറെ രൂപയും ഹോട്ടൽ, റിസോർട്ട്, പാർക്ക് മേഖലകളിലാവും എത്തുക. മലബാർ ഗ്രൂപ്പ് കോഴിക്കോട് ആരംഭിക്കുന്ന രണ്ടു പദ്ധതികളിൽ അമ്യൂസ്മെന്റ് പാർക്കുകൾക്ക് പ്രാധാന്യം നൽകും. ഹോട്ടൽ മേഖലയ്ക്ക് പരിഗണന നൽകിക്കൊണ്ട് ഗോകുലം ഗ്രൂപ്പും, സുസ്ഥിര ടൂറിസത്തിന് പ്രാധാന്യം നൽകി ബോബി ഗ്രൂപ്പ് ഓഫ് കമ്പനിയും നിക്ഷേപമിറക്കും. കല്യാൺ സിൽക്സ് പോലെയുള്ള മറ്റു പല പ്രമുഖ ഗ്രൂപ്പുകളും നിക്ഷേപം വാഗ്ദാനം ചെയ്തിട്ടുണ്ട്. കൂടാതെ, മുഹമ്മയിലെയും കണ്ണൂരിലെയും ഹൗസ് ബോട്ട് ഹോട്ടൽ പദ്ധതിയുമായി ബന്ധപ്പെട്ട് 250 കോടി രൂപയുടെ ധാരണാപത്രവും ഒപ്പുവെച്ചിരുന്നു.

വിനോദസഞ്ചാര മേഖലയ്ക്കുവേണ്ടി മാത്രമായി സംഘടിപ്പിച്ച നിക്ഷേപകസംഗമത്തിൽ അഞ്ഞൂറോളം നിക്ഷേപകരും സംരംഭകരുമാണ് പങ്കെടുത്തത്. അമ്പതോളം സ്റ്റാർട്ടപ്പുകളും ഉത്തരവാദിത്ത ടൂറിസം രംഗത്തുനിന്ന് 118 സംരംഭകരും സംഗമത്തിൽ എത്തിയിരുന്നു. പൊതുമേഖലയിൽനിന്ന് ഇരുപത്തഞ്ചോളം പദ്ധതികളും സ്വകാര്യമേഖലയിൽനിന്ന് അമ്പതിലധികം പദ്ധതികളും ഇവിടെ അവതരിപ്പിക്കപ്പെട്ടു. ഇതിനുപുറമെ, സ്വകാര്യമേഖലയിലെ 21 പദ്ധതികൾക്കുള്ള 12,605 കോടി രൂപയുടെ നിക്ഷേപവാഗ്ദാനവും ലഭിച്ചിട്ടുണ്ട്. ടൂറിസംവകുപ്പ് പൊതുമേഖലയിൽ അവതരിപ്പിച്ച പദ്ധതികൾക്ക് പുറമെ പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ 16 പദ്ധതികൾക്കുള്ള നിർദ്ദേശവും ലഭിച്ചു.

കോവിഡ് വ്യാപനത്തിനുശേഷം സഞ്ചാരികളുടെ തിരക്ക് കുതിച്ചുയർന്ന പശ്ചാത്തലത്തിലാണ് കൂടുതൽ നിക്ഷേപം നടത്താൻ സംരംഭകർ തയ്യാറെടുക്കുന്നത്. ടൂറിസം സംഗമത്തിലെ നിർദ്ദേശങ്ങളും നിക്ഷേപവാഗ്ദാനങ്ങളും പ്രായോഗികമാക്കാൻ ആവശ്യമായ തുടർ



നടപടികൾ സ്വീകരിക്കുന്നത് ഫെസിലിറ്റേഷൻ സെന്ററുകളിലൂടെ ആയിരിക്കും. സംരംഭകരുടെ ആശയങ്ങൾ ക്രോഡീകരിച്ചുകൊണ്ടാവും ഇതിന്റെ പ്രവർത്തനം. ടൂറിസം സെക്രട്ടറിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെട്ട ഏകോപനസമിതിയാണ് ഇത്തരം പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുക. പദ്ധതികൾക്ക് ഏതെങ്കിലും തരത്തിലുള്ള തടസം നേരിട്ടാലും ഏകോപനസമിതിയുടെ ഇടപെടലുണ്ടാകും. ഇതിനുപുറമെ, നിശ്ചിത ഇടവേളകളിൽ മന്ത്രിതലത്തിലുള്ള അവലോകനയോഗങ്ങളും ചേരുന്നതാണ്.

## മാറുന്ന ഡെസ്റ്റിനേഷനുകൾ

2017-ൽ കേരളം ലോകത്തിന് മുന്നിൽ മാതൃകാപരമായി അവതരിപ്പിച്ച ഉത്തരവാദിത്ത ടൂറിസം പദ്ധതി ഈ മേഖലയ്ക്ക് നൽകിയ സംഭാവന ചെറുതല്ല. പ്രാദേശിക ജനസമൂഹങ്ങൾക്ക് ടൂറിസം വ്യവസായത്തിൽ നിന്നുള്ള വരുമാനം ഇതിലൂടെ മികച്ച രീതിയിൽ ലഭിച്ചു തുടങ്ങി. മാത്രവുമല്ല, സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ടൂറിസം ഗ്രാമങ്ങൾ എന്നുതന്നെ വിശേഷിപ്പിക്കാവുന്ന ദേശങ്ങൾ രൂപപ്പെട്ടു. കർഷകരും സ്ത്രീകളും പരമ്പരാഗത തൊഴിലാളികളുമെല്ലാം ഇതിന്റെ ഗുണഭോക്താക്കളായി. മുൻപ്, കോവളം പോലെയുള്ള ബീച്ചുകളിലേക്ക് മാത്രം എത്തിയിരുന്ന സഞ്ചാരികളിൽ പലരും ഗ്രാമങ്ങളും സന്ദർശിച്ചുതുടങ്ങി. 2023-ലെ ആദ്യ ആറുമാസത്തെ കണക്കുകൾ പുറത്തുവന്നപ്പോൾ തീരദേശ കേന്ദ്രങ്ങളോട് സമാനമായ രീതിയിൽ മലയോര മേഖലയിലേക്കും ടൂറിസ്റ്റുകൾ എത്തുന്നതായി കാണാം.

കായലും കടലും പുഴകളും നെൽപ്പാടങ്ങളും തീരദേശവും ഇടനാടും മലയോര മേഖലയുമെല്ലാം ഉൾപ്പെടുന്ന വൈവിധ്യമാർന്ന കാഴ്ചകളാണ് വിനോദസഞ്ചാരമേഖലയിൽ കേരളത്തിനുള്ള അനുകൂലഘടകം. ചെറിയൊരു ഭൂവിസ്തൃതിയിൽ ഇത്രയധികം വ്യത്യസ്തത അനുഭവിക്കാൻ കഴിയുന്ന സ്ഥലങ്ങൾ ലോകത്തുതന്നെ അപൂർവ്വമാണ്. അതുകൊണ്ടുതന്നെയാണ് കേരളം 'ദൈവത്തിന്റെ സ്വന്തം നാട്' ആയി മാറുന്നതും. ഇത്തരമൊരു പശ്ചാത്തലത്തിൽ ഒരു ടൂറിസം സംസ്ഥാനമായി മാറാനുള്ള എല്ലാ സാധ്യതയും കേരളത്തിനുണ്ട്. ഇത് പരമാവധി വിനിയോഗിക്കുന്നതിനുള്ള ശ്രമങ്ങളാണ് ഇപ്പോൾ പുരോഗമിക്കുന്നത്. അങ്ങനെയെങ്കിൽ, ആഗോളതലത്തിൽ ഏറ്റവുമധികം വരുമാനം ലഭ്യമാക്കുന്ന വ്യവസായങ്ങളിലൊന്നായ ടൂറിസത്തിന്റെ കൈപിടിച്ചാവും ഇനിയങ്ങോട്ടുള്ള കേരളത്തിന്റെ വളർച്ച.



കോവിഡ് കാലത്തെ കണക്കുകൾ ഒഴിവാക്കിയാൽ, കേരളത്തിന്റെ വിനോദസഞ്ചാര മേഖല എക്കാലവും നേട്ടത്തിന്റെ പാതയിലാണ്. 2023 ജനുവരി-ജൂൺ കാലയളവിൽ ആഭ്യന്തര സഞ്ചാരികളുടെ എണ്ണത്തിലുണ്ടായ വൻകുതിപ്പ് ഇതിന് ഉദാഹരണമാണ്. എന്നുമാത്രമല്ല 20.1 ശതമാനം വർദ്ധനയോടെ റെക്കോർഡ് വളർച്ച കൈവരിക്കുകയും ചെയ്തു. 1.683 കോടി ആഭ്യന്തര സഞ്ചാരികൾ ഇക്കാലയളവിൽ കേരളം സന്ദർശിച്ചപ്പോൾ മുൻവർഷം ഇത് 88.95 ലക്ഷം മാത്രമായിരുന്നു. ഇത്തവണ ഏറ്റവുമധികം ആഭ്യന്തരസഞ്ചാരികൾ എത്തിയത് എറണാകുളം ജില്ലയിലും അതുകഴിഞ്ഞാൽ ഇടുക്കി ജില്ലയിലുമാണ്. ആഭ്യന്തരസഞ്ചാരികളിൽ ഭൂരിഭാഗവും ഉത്തരേന്ത്യയിൽ നിന്നുള്ളവരാണെന്നും കാണാം. ഇതോടൊപ്പം വിദേശടൂറിസ്റ്റുകളുടെ എണ്ണത്തിലും വർദ്ധനയുണ്ടായി. ടൂറിസം വകുപ്പിന്റെ കണക്കുകൾപ്രകാരം 2.88 ലക്ഷം വിദേശസഞ്ചാരികൾ ഈ കാലയളവിൽ കേരളം സന്ദർശിച്ചു. മുൻവർഷം ഇത് 1.05 ലക്ഷമായിരുന്നു. ആനുപാതികമായ രീതിയിൽ ഈ മേഖലയിൽനിന്നുള്ള വരുമാനത്തിലും വർദ്ധനയുണ്ടായിട്ടുണ്ട്.

കാഴ്ചകളുടെ വൈവിധ്യം പോലെ തന്നെ വ്യത്യസ്തമായ ടൂറിസം പദ്ധതികളുടെ കാര്യത്തിലും കേരളം സമ്പന്നമാണ്. ഉത്തരവാദിത്ത ടൂറിസം, വില്ലേജ് ടൂറിസം, മൺസൂൺ ടൂറിസം, അഡ്വഞ്ചർ ടൂറിസം, ഹെൽത്ത് ടൂറിസം, വെഡ്ഡിംഗ് ടൂറിസം, കൾച്ചറൽ ടൂറിസം, സ്റ്റോറി ടെല്ലിംഗ് ടൂറിസം തുടങ്ങിയവയെല്ലാം ഉദാഹരണം. കൂടാതെ കാരവൻ ടൂറിസം, സിനിമാ ടൂറിസം എന്നിവയ്ക്കും തുടക്കമായിക്കഴിഞ്ഞു. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ഏതെങ്കിലുമൊരു കാലയളവിലേക്ക് മാത്രം സഞ്ചാരികളെ ആകർഷിക്കുന്നതിന് പകരം വർഷം മുഴുവനും ടൂറിസ്റ്റുകൾക്ക് വന്നുപോകാൻ കഴിയുന്ന സ്ഥലമായി ദൈവത്തിന്റെ സ്വന്തം നാടിനെ മാറ്റാനുള്ള നടപടികളാണ് പുരോഗമിക്കുന്നത്.



# തോട്ടം മേഖലയ്ക്ക് പുത്തൻ ഉണർവ്വ് നൽകി കേരള പ്ലാന്റേഷൻ എക്സ്പോ

'**തോട്ടം** മേഖലയുടെ ഭാവി സുരക്ഷിതം' എന്ന ഉറപ്പോടു കൂടി കേരളത്തിലെ തോട്ടം ഉൽപ്പന്നങ്ങളുടെ ആഗോള ബ്രാൻഡ് ഉയർത്തുന്നതിനും സുപ്രധാന മേഖലകളെ ശക്തിപ്പെടുത്തുന്നതിനുമായി സംസ്ഥാനത്തു തോട്ടം മേഖലയുടെയും തൊഴിലാളികളുടെയും ഉന്നമനം ലക്ഷ്യമിട്ടു പ്രവർത്തിക്കുന്ന പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ 'കേരള പ്ലാന്റേഷൻ എക്സ്പോ 2024' ജനുവരി 20 മുതൽ 22 വരെ എറണാകുളം, കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം മൈതാനത്ത് സംഘടിപ്പിച്ചു.

ജനുവരി 20 ന് രാവിലെ 11 മണിക്ക് ബഹു.വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി ശ്രീ.പി.രാജീവ് എക്സ്പോ ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്തെ തോട്ടം മേഖലയുടെ 5 ശതമാനത്തിൽ മറ്റ് പ്രവർത്തനങ്ങൾ അനുവദനീയമാണ്. എന്നാൽ ഇതിനുള്ള അനുമതി ലഭിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടെന്നത് വാസ്തവമാണ്. ഇത് മറികടക്കാൻ പ്ലാന്റേഷൻ ഡയറക്ടറേറ്റിൽ ഏകജാലക സംവിധാനം രൂപീകരിക്കുന്നതിന്, ഇതുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളും ചേർന്ന് ചർച്ചകൾ നടത്തിയെന്നും അടുത്ത സാമ്പത്തിക വർഷമാദ്യം ഏകജാലക സംവിധാനം നിലവിൽ വരുമെന്നും ഉദ്ഘാടന സമ്മേളനത്തിൽ മന്ത്രി അഭിപ്രായപ്പെട്ടു.




പ്ലാന്റേഷൻ മേഖല നേരിടുന്ന ഏറ്റവും വലിയ പ്രശ്നം ലയങ്ങളുടെ നവീകരണമാണ്. ഇതിനായി എടുക്കുന്ന വായ്പയുടെ പലിശ പൂർണ്ണമായോ, ഭാഗികമായോ സർക്കാർ വഹിക്കും. ഇതു സംബന്ധിച്ചുള്ള പ്ലാൻ തയ്യാറാക്കുന്നതിന് ജനുവരി മാസം 25 ന് യോഗം വിളിക്കുമെന്നും അദ്ദേഹം അറിയിച്ചു. തോട്ടങ്ങളുടെ റീപ്ലാന്റിംഗിലൂടെ ഉൽപ്പാദനം കൂട്ടാൻ ലോക ബാങ്കിന്റെ പദ്ധതിയിൽ പ്ലാന്റേഷനെ ഉൾപ്പെടുത്താൻ സർക്കാർ തീരുമാനിച്ചു. സംസ്ഥാനത്തെ പ്ലാന്റേഷനുകളുടെ റീപ്ലാന്റിംഗ്, യന്ത്രവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി ലോക ബാങ്ക് പദ്ധതിയായ 'കേര' മുഖാന്തിരം സാമ്പത്തിക സഹായത്തിനുള്ള അനുമതി ലഭ്യമായിട്ടുണ്ട്. ഇത്തരം ഇടപെടലുകളിലൂടെ രണ്ടു മൂന്നു വർഷം കൊണ്ട് ഉൽപ്പാദനം വൻതോതിൽ വർദ്ധിക്കുമെന്നും കണക്കാക്കുന്നു. തോട്ടം മേഖലയിലെ ഉൽപ്പന്നങ്ങൾക്കും കേരള ബ്രാന്റ് കൊണ്ടുവരും. വയനാട്ടിൽ തുടങ്ങിയ കാർബൺ ന്യൂട്രൽ കോഫി പാർക്ക് പ്രത്യേക ബ്രാൻഡായി വിപണനം നടത്തും. വെള്ളൂരിൽ തുടങ്ങുന്ന റബ്ബർ ഫാക്ടറിയുടെ പശ്ചാത്തല സൗകര്യ വികസനത്തിലേയ്ക്ക് കടക്കുകയാണെന്നും, ഈ വർഷം തന്നെ അലോട്ട്മെന്റ് സാധ്യമാക്കുമെന്നും, തോട്ടം മേഖലയിലെ പ്രശ്നങ്ങളും സാധ്യതകളും പഠിക്കുന്ന കോഴിക്കോട് ഐ.ഐ.എമ്മിന്റെ റിപ്പോർട്ട് കിട്ടിയാൽ ഈ മേഖലയ്ക്കുള്ള സമഗ്ര നയം രൂപീകരിക്കുമെന്നും, എം.എസ്.എം.ഇ മേഖല യിൽ കഴിഞ്ഞ ഒന്നെമുക്കാൽ വർഷത്തിനിടെ 2,10,000 സംരംഭങ്ങൾ ആരംഭിച്ചതുവഴി നാലരലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടുവെന്നും അദ്ദേഹം അറിയിച്ചു. എറണാകുളം എം.എൽ.എ. ടി.ജെ.വിനോദ് അദ്ധ്യക്ഷനായ ചടങ്ങിൽ മേയർ എം.അനിൽകുമാർ, സ്പൈസസ് ബോർഡ് സെക്രട്ടറി ഡി.സത്യൻ, കോഫി ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ ഡോ.കറുത്തമണി, ടീ ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ ഫാൽഗുനി ബാനർജി, റബ്ബർ ബോർഡ് പ്രതിനിധി മുഹമ്മദ് സാദിഖ്, ഉപാസി പ്രതിനിധി സി.ശ്രീധരൻ, തോട്ടം ഉടമ പ്രതിനിധികൾ എന്നിവർ സംബന്ധിച്ചു.

കേവലം പ്ലാന്റേഷൻ മാത്രമല്ല, വകഭേദങ്ങളുടെ ഒരു കലവറ തന്നെ എക്സ്പോയിൽ ഒരുക്കിയിരുന്നു. ചായപ്പൊടി മുതൽ പ്ലാന്റേഷൻ ഓട്ടോമേഷൻ വരെയും, തോട്ടം മേഖലയിൽ ഉപയോഗിക്കുന്ന കീടനാശിനികൾ മുതൽ ഹെവി ഡ്യൂട്ടി ഡ്രോൺ വരെയും എക്സ്പോയുടെ ആകർഷകങ്ങളായിരുന്നു.




പ്ലാന്റേഷൻ മേഖലയിലെ ടൂറിസം സംരംഭങ്ങൾ, സാഹസിക വിനോദങ്ങൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, കയറ്റുമതി സാധ്യതകൾ തുടങ്ങി നിരവധി മേഖലകളിൽ നിന്നുമുള്ള സ്റ്റാളുകൾ എക്പോയുടെ മാറ്റു കൂട്ടി. സംസ്ഥാനത്തുടനീളമുള്ള എസ്റ്റേറ്റുകളിൽ നിന്നുള്ള നൂറുകണക്കിന് വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളാണ് എക്സ്പോയിൽ പ്രദർശിപ്പിച്ചത്. സംസ്ഥാനത്തെ രജിസ്റ്റർ ചെയ്ത പ്ലാന്റേഷനുകൾ, തോട്ടം മേഖലയിലെ സഹകരണ സംഘങ്ങൾ, തോട്ടം മേഖലയുമായി ബന്ധമുള്ള കച്ചവടക്കാർ, വിതരണക്കാർ, സേവനദാതാക്കൾ എന്നിവർ എക്സ്പോയിൽ പങ്കെടുത്തു. തേയില, കാപ്പി, സുഗന്ധവ്യഞ്ജനങ്ങൾ, കശുവണ്ടി, ഭക്ഷ്യോൽപ്പന്നങ്ങൾ കൂടാതെ മൂല്യവർധിത ഇനങ്ങളുടെ ശേഖരം ഉൾപ്പെടെ സമ്പന്നവും വൈവിധ്യമാർന്നതുമായ തോട്ടം ഉൽപ്പന്നങ്ങൾ എക്സ്പോയോടനുബന്ധിച്ചു പ്രദർശിപ്പിക്കുന്നതിനും അധികൃതർ അവസരമൊരുക്കി. കൂടാതെ പ്ലാന്റേഷൻ മേഖലയുടെ വാണിജ്യ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി ബി2ബി മീറ്റിംഗ് സെക്ഷനും എക്സ്പോയുടെ ഭാഗമായി സംഘടിപ്പിച്ചു.

പ്ലാന്റേഷൻ മേഖലയുടെ സമഗ്ര നവീകരണത്തിലൂടെ സാമൂഹ്യ ഉന്നമനമാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നതെന്ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ് അഭിപ്രായപ്പെട്ടു. വൈവിധ്യവൽക്കരണം, മൂല്യവർദ്ധന, തരിശ് ഭൂമിയിൽ കൃഷി തുടങ്ങിയവയ്ക്ക് പ്രാമുഖ്യം നൽകി മികച്ച വളർച്ച നേടാൻ കേരളം തയ്യാറാവണമെന്ന് അദ്ദേഹം പറഞ്ഞു. ജനുവരി 22 ന് പ്ലാന്റേഷൻ എക്സ്പോ 2024 ന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ടാണ് അദ്ദേഹം ഇത്തരത്തിൽ അഭിപ്രായം പങ്കുവെച്ചത്.







കേരള ക്ലൈമറ്റ് റിസൈലന്റ് അഗ്രി വാല്യു ചെയിൻ മോഡണൈസേഷൻ (കേര) എന്ന ലോക ബാങ്ക് പദ്ധതി വിഹിതത്തിന്റെ വലിയൊരു ഭാഗം പ്ലാന്റേഷനു വേണ്ടി മാറ്റിവയ്ക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. പ്ലാന്റേഷൻ മേഖലയുടെ ഉന്നമനത്തിനായി വരും വർഷങ്ങളിൽ വിപുലമായ രീതിയിൽ പ്ലാന്റേഷൻ എക്സ്പോ സംഘടിപ്പിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സമ്മേളനത്തിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ കെ.എസ്.കൃപകുമാർ, എ.പി.കെ. ചെയർമാൻ പ്രിൻസ് തോമസ് ജോർജ്ജ്, ചെറുകിട തോട്ടം മേഖലാ പ്രസിഡന്റ് അബു എബ്രഹാം തോമസ്, കോഫി ഗ്രോവേഴ്സ് അസോസിയേഷൻ പ്രസിഡന്റ് പി.അനൂപ്, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ പി.എ.നജീബ്, പ്ലാന്റേഷൻ ഡയറക്ടറേറ്റ് ഡെപ്യൂട്ടി ഡയറക്ടർ ജോസ് തോമസ് എന്നിവർ പങ്കെടുത്ത് സംസാരിച്ചു. മേളയിലെ ആകെ 166 സ്റ്റാളുകളിൽ 120 സംരംഭകരും, കേന്ദ്ര-സംസ്ഥാന സർക്കാർ സ്ഥാപനങ്ങളും പങ്കെടുത്തു. പ്ലാന്റേഷൻ എക്സ്പോയിലെ മികച്ച പ്രകടനത്തിനുള്ള പുരസ്കാരങ്ങൾ ചടങ്ങിൽ സമ്മാനിച്ചു. വൻകിട തോട്ടങ്ങളുടെ സ്റ്റാളിനുള്ള പുരസ്കാരം കോട്ടനാട് പ്ലാന്റേഷൻ കരസ്ഥമാക്കി. ചെറുകിട തോട്ടങ്ങളുടെ വിഭാഗത്തിൽ ജെയിൻ ഫുഡ്സും, സേവനദാതാക്കളുടെ വിഭാഗത്തിൽ ഇലക്ട്രോലൈസും, സ്റ്റാർട്ട് അപ്പ് വിഭാഗത്തിൽ സ്വിൻഡ് സിസ്റ്റംസും, വ്യാപാര വിഭാഗത്തിൽ 4 എസ് നാച്ചുറൽസും, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ സ്റ്റാൾ വിഭാഗത്തിൽ മാർത്ത ഫുഡ്സും പുരസ്കാരങ്ങൾ കരസ്ഥമാക്കി. മികച്ച സർക്കാർ സ്ഥാപനങ്ങളുടെ സ്റ്റാളിനുള്ള പുരസ്കാരം പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള കരസ്ഥമാക്കുകയുണ്ടായി.













ഇന്ദു കെ. പി.

# 'സാഫി'ലൂടെ മീൻ വിപണിയിലെ മികവുമായി മിനി



**കുടുംബത്തിന്റെ** വിശപ്പടക്കാൻ തൃശൂർ പുല്ലഴി സ്വദേശിയായ മിനി ആരംഭിച്ച മീൻ വിൽപന, ഇന്ന് ഇരുപതോളം കുടുംബങ്ങളുടെ കൂടി ജീവിത മാർഗ്ഗമായി മാറിയിരിക്കുകയാണ്. തിരസ്കരിക്കപ്പെടുമ്പോഴാണ് തിരിച്ചറിവുകൾ ഉണ്ടാകുന്നതെന്ന യാഥാർത്ഥ്യം സ്വന്തം ജീവിതത്തിലൂടെ വെളിവാകുകയായിരുന്നു മിനിക്ക്. ഒന്നര വയസ്സും ഒന്നര മാസവും പ്രായമായ രണ്ട് പെൺകുഞ്ഞുങ്ങളുമായി ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുമ്പോൾ മിനിയുടെ പ്രായം ഇരുപത്തിയൊന്ന്. ജീവിതം അവസാനിപ്പിക്കണമെന്ന തോന്നൽ ഒരു വശത്ത് ശക്തമാകുമ്പോഴും ജീവൻ നൽകിയ കുട്ടികളുടെ മുഖം അതിനനുവദിക്കാതെ മറുവശത്ത് വേദനയായി. കുട്ടികൾക്ക് ഭക്ഷണത്തിനായി വീടുകളിൽ കയറിയിറങ്ങി ചായ വിൽപന നടത്തി. എന്നാൽ ഒരു ദിവസം പരമാവധി ലഭിക്കുന്ന മുപ്പത്തിയഞ്ച് രൂപ ഒന്നിനും തികയാതെ വന്നപ്പോഴാണ് റോഡരികിൽ മീൻ വിൽപന ആരംഭിച്ചത്. അതിലൂടെ കൂടുതൽ വരുമാനം ലഭിച്ചു. അതാണ് മിനിയുടെ ജീവിതയാത്രയെ മാറ്റിമറിച്ചത്.

സാഫിന്റെ സഹായത്തോടെ തൃശൂർ ജില്ലയിലെ ഒളരി, പുല്ലഴി എന്നീ സ്ഥലങ്ങളിലാണ് മിനിയുടെ നേതൃത്വത്തിൽ 'മീൻ തട്ട്' ആദ്യം ആരംഭിക്കുന്നത്. ഗുണനിലവാരമുള്ള മത്സ്യം വീടുകളിൽ നേരിട്ട് എത്തിച്ചു നൽകി തുടങ്ങിയപ്പോൾ ആവശ്യക്കാരേറെയായി. മീൻ തട്ട് എന്നതിൽ നിന്നും 'മീൻ കട' എന്നതിലേക്ക് മിനി കച്ചവടം വിപുലീകരിച്ചു. മിനിയുടെ നാല് മീൻ കടകൾ മികച്ച രീതിയിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ദിവസം ഏകദേശം 500 കിലോ മത്സ്യം വരെ വിൽപന നടത്തുന്നുണ്ട്. 2018 ലാണ് മിനി കേരള സർക്കാർ ഫിഷറീസ് വകുപ്പിന്റെ സാഫ് നെ കുറിച്ചും അതിലൂടെ സ്ത്രീകളുടെ ഉന്നമനത്തിനു വേണ്ടി നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ചും മനസ്സിലാക്കുന്നത്.



കേരളത്തിലെ തീരദേശങ്ങളിലെ മത്സ്യ തൊഴിലാളി വനിതകളെ ശാക്തീകരിക്കുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനുമായി വിവിധ തരം പദ്ധതികൾ നടപ്പിലാക്കുന്ന ഒന്നാണ് സാഫ് (Society for Assistance to Fisher Women). അഞ്ചു പേരടങ്ങുന്ന വനിത സംഘങ്ങൾക്ക് സബ്സിഡിയോടു കൂടി അഞ്ചു ലക്ഷം രൂപ വരെ ഇവർ വായ്പകൾ അനുവദിക്കുന്നു. മധുര പലഹാര യൂണിറ്റ്, മീൻ കടകൾ, ടെയിലറിങ്ങ് ഗാർമെന്റ് യൂണിറ്റുകൾ, കാറ്ററിങ്ങ് യൂണിറ്റ് തുടങ്ങി പല സംരംഭങ്ങൾക്കും സഹായങ്ങൾ നൽകുന്നുണ്ട്. തൃശൂർ ജില്ലയിൽ ഏകദേശം 300 ലധികം സംരംഭങ്ങളിലൂടെ ആയിരത്തിലധികം സ്ത്രീകൾ സാഫിന്റെ ഗുണഭോക്താക്കളാണ്.

പുലർച്ച രണ്ടു മണി മുതലാണ് മിനിയുടെ ഒരു ദിവസം ആരംഭിക്കുന്നത്. അഴിക്കോട്, മുനമ്പം, പൊന്നാനി, കൂരിക്കുഴി തുടങ്ങിയ ഹാർബറുകളിൽ നിന്നും സ്വന്തം വാഹനത്തിൽ മിനി നേരിട്ട് പോയാണ് മത്സ്യം എടുക്കുന്നത്. ഫോർ വീലർ ലൈസൻസുള്ള മിനി തന്നെയായിരിക്കും പലപ്പോഴും ഡ്രൈവറും. ഏഴു മണി മുതൽ മീൻ കടകളിൽ വിൽപന ആരംഭിക്കും. വൃത്തിയാക്കിയ മീൻ ആവശ്യക്കാർക്ക് വീടുകളിലും എത്തിച്ചു നൽകും. ഈ ആവശ്യത്തിനായി മൂന്ന് ടൂ വീലറും സ്വന്തമായി വാങ്ങിയിട്ടുണ്ട്. ജോലിക്കാരുടെ കൂലി, ഭക്ഷണം തുടങ്ങി എല്ലാ ചെലവുകൾ ഉൾപ്പടെ ഒരു ദിവസം 25000 രൂപ വരെ ചെലവ് വരുന്നുണ്ടെന്ന് മിനി പറയുന്നു. നോമ്പ്, ട്രോളിംഗ് കാലങ്ങൾ ഇവർക്ക് വറുതിയുടേതാണ്. ഈ കാലയളവിൽ തൊഴിലാളികൾക്ക് കൂലി നൽകുന്നത് വലിയ പശ്നമായതിനാലും അവർക്ക് മറ്റു തൊഴിലുകൾ ലഭ്യമല്ലാതെ വരുന്നതിനാലും പുതിയതായി ഒരു ഹോട്ടൽ കൂടി ആരംഭിച്ചിരിക്കുകയാണ് മിനി. തന്റെ തൊഴിലാളികൾക്കാവശ്യമായ ഭക്ഷണവും ഒരു വരുമാന മാർഗവുമാണ് ഇതിലൂടെ കണ്ടെത്തുന്നത്. അഞ്ചു മണിക്ക് ഉണരുന്ന അടുക്കളയിൽ നിന്ന് പ്രഭാത ഭക്ഷണം മുതൽ അത്താഴവും ലഭ്യമാണ്.

എല്ലാ വരവ്-ചെലവ് കണക്കുകളും കൈകാര്യം ചെയ്യുന്നതും മിനി തന്നെയാണ്. സാഫിന്റെ മാസത്തിലുള്ള പരിശോധനകളും കൃത്യമായി നടത്തുന്നുണ്ട്. രണ്ട് പെൺകുട്ടികളെ പഠിപ്പിച്ചതും വിവാഹം കഴിച്ചയച്ചതും ഈ തൊഴിലിലൂടെ തന്നെയാണ്. മീൻ വിൽപ്പനക്കാരിയായതിനാൽ പൊതു ഇടങ്ങളിൽ നിന്നും സുഹൃത്തുക്കൾക്കിടയിൽ നിന്നും ധാരാളം അവഗണനകൾ നേരിടേണ്ടി വന്നിട്ടുണ്ടെങ്കിലും പൊരുതി ജയിച്ചതിന്റെ സന്തോഷം മിനിക്കുണ്ട്. പണത്തിന്റെ പിൻബലത്തോടെ വിദേശങ്ങളിലേക്ക് തൊഴിലന്വേഷിച്ചു പോകുന്നവർ പലരും നമ്മുടെ നാട്ടിലെ തൊഴിൽ സാധ്യതകളെ കുറിച്ച് ശരിയായി മനസ്സിലാക്കുന്നില്ലെന്ന് ഇവർ പറയുന്നു. ശുഭാപ്തിവിശ്വാസവും കഠിനാദ്ധ്വാനവുമുണ്ടെങ്കിൽ ഏത് പ്രതിസന്ധികളെയും തരണം ചെയ്യാൻ കഴിയുമെന്ന് തെളിയിക്കുകയാണ് മിനിയെന്ന സംരംഭക.



രാജേഷ്. കെ. കെ

# മണ്ണിലൂടെ സംരംഭകൻ



**ഓട്ടോമൊബൈൽ** എഞ്ചിനീയറിംഗ് ഡിപ്ലോമ നേടിയ ശേഷം സൗദി അറേബ്യയിൽ ജോലിക്ക് പോയ എറണാകുളം എടയ്ക്കാട്ടുവയൽ സ്വദേശി ജോബി 2017-ൽ നാട്ടിൽ തിരികെ എത്തിയത് പിറന്ന മണ്ണിനോടുള്ള സ്നേഹം കൊണ്ടാണ്. പാരമ്പര്യ കർഷക കുടുംബത്തിൽ ജനിച്ച അദ്ദേഹം സ്വന്തമായുള്ള 7 ഏക്കറിന് പുറമെ 8 ഏക്കർ ഭൂമി കൂടി പാട്ടത്തിനെടുത്ത് കൃഷി ചെയ്തു. മണ്ണിൽ പൊന്നും വിളയിച്ചു. 2018 ൽ വൈറ്റില നെല്ലു ഗവേഷണ കേന്ദ്രം, പൊക്കാളി കൃഷിയിലെ പരീക്ഷണത്തിന് തെരഞ്ഞെടുത്തതിൽ ഒരാൾ ജോബിയായിരുന്നു. 300 കിലോ പൊക്കാളി വിത്ത് നെല്ലു ഗവേഷണത്തിന് തിരികെ നൽകുവാൻ അദ്ദേഹത്തിന് കഴിഞ്ഞു.

## പുതിയ ആശയം

35 വർഷം ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിൽ എഞ്ചിനീയർ ആയി ജോലി നോക്കിയ ബന്ധു, വീട് നിർമാണത്തിന് മണ്ണ് കൊണ്ടുള്ള കട്ട ഉപയോഗിച്ചതാണ് മണ്ണിൽ പുതിയ സംരംഭം തുടങ്ങാൻ ജോബിയ്ക്ക് പ്രേരണയായത്. മണ്ണ് കൊണ്ടുള്ള കട്ടയുടെ മേന്മ തിരിച്ചറിഞ്ഞ് അതിൽ സംരംഭം ആരംഭിക്കുന്നതിനായി ഇറങ്ങി തിരിച്ച ജോബിയ്ക്ക് വ്യവസായ വാണിജ്യ വകുപ്പ് കൂട്ടായെത്തി. മുളന്തുരുത്തി ബ്ലോക്ക് വ്യവസായ ഓഫീസ് വഴി PMEGP പദ്ധതിപ്രകാരം ലോണിന് അപേക്ഷിച്ചു. ബാങ്ക് ഓഫ് ബറോഡ വഴി ലോൺ ലഭിച്ചു. 35% സർക്കാർ സബസ്ഡിയോടെ സംരംഭം ആരംഭിച്ചു.

## സംരംഭക ലൈസൻസുകൾ കെ- സ്വിഫ്റ്റ് വഴി (K-SWIFT)

സംരംഭം തുടങ്ങുന്നതിനുള്ള കെട്ടിട നിർമാണ പെർമിറ്റ്, കെട്ടിട നിർമ്മാണം പൂർത്തീകരിച്ച ശേഷം കെട്ടിട നമ്പർ ലഭിക്കുന്നതിനുള്ള അപേക്ഷ, വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷ, മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള ലൈസൻസ് എന്നിവ വ്യവസായ വകുപ്പിന്റെ ഏകജാലക ക്ലിയറൻസ് സംവിധാനം വഴിയാണ് അപേക്ഷിച്ചത്. സുതാര്യമായും വേഗതയിലും സംരംഭക ലൈസൻസുകൾ ലഭ്യമാകുന്നതിന് സഹായകരമാണ് ഏകജാലക സംവിധാനമെന്നും കൂടുതൽ സംരംഭകർ ഇതിന്റെ പ്രയോജനം ഉപയോഗപ്പെടുത്തണം എന്നുമാണ് ജോബിയുടെ അഭിപ്രായം.

## മൺകട്ട നിർമ്മാണ രീതി

വെട്ടുകല്ല് മണ്ണ് യന്ത്ര സംവിധാനത്തിലൂടെ പൊടിച്ചെടുക്കുകയാണ് ആദ്യഘട്ടം. 40 ചതുരശ്രയടി വെട്ടുകല്ല് പൊടിയിൽ 25 കിലോഗ്രാം സിമന്റും ആവശ്യത്തിന് വെള്ളവും ചേർത്ത് യന്ത്ര സംവിധാനത്തിൽ നന്നായി കുഴച്ചെടുക്കുകയാണ് അടുത്ത ഘട്ടം. അതിനുശേഷം ഹൈഡ്രോളിക് പ്രസ്സ് ഉപയോഗിച്ച് 35 ടൺ സമ്മർദ്ദം നൽകി മോൾഡിൽ അമർത്തിയാണ് കട്ട നിർമ്മിക്കുന്നത്. 16 x 6 x 8 സൈസിലാണ് കട്ട നിർമ്മിക്കുന്നത്. 37 രൂപയാണ് വില.

## മൺകട്ടയുടെ പ്രത്യേക ഗുണങ്ങൾ

35 ടൺ സമ്മർദ്ദം നൽകി നിർമ്മിക്കുന്നതിനാൽ കട്ടയ്ക്കുള്ളിൽ വെട്ടുകല്ലിലെ പോലെ വായു ഉണ്ടാവില്ല.

അതിനാൽ കൃമി, കീടങ്ങളുടെ ശല്യം ഉണ്ടാവുന്നില്ല. വെട്ടുകല്ലിനേക്കാൾ ബലവുമുണ്ട്. ആരക്കുന്നം ടോക് എച്ച് എഞ്ചിനീയറിംഗ് കോളേജിന്റെ ലാബിൽ ഇത് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

മിനുസമായ പുറം ഭാഗമായതിനാൽ തേയ്ക്കാതെ പുട്ടിയടിച്ച് പെയിന്റടിക്കാം. നിർമ്മാണത്തിന് വളരെ കുറച്ച് പരുക്കനെ ആവശ്യമുള്ളൂ. വളരെ എളുപ്പം നല്ല ആകൃതിയിൽ പൊട്ടിച്ചെടുക്കാം. ഇതൊക്കെക്കൊണ്ട് നിർമ്മാണ ചെലവ് വളരെ കുറവാണ്. മണ്ണ് കൊണ്ടുള്ള കട്ട ആയതിനാൽ മുറിക്കുള്ളിലെ താപനില അന്തരീക്ഷ താപനിലയേക്കാൾ കുറവായിരിക്കും.

പരിസ്ഥിതി സൗഹൃദമായി കേരളീയ വാസ്തു ഭംഗിയോടെ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് ഏറ്റവും അനുയോജ്യമാണ് ഈ കട്ടകൾ. കോട്ടയം, ആലപ്പുഴ ജില്ലകളിൽ റിസോർട്ട്, സ്വിമ്മിംഗ് പൂളുകൾ എന്നിവ ഈ കട്ടകൾ കൊണ്ടാണ് നിർമ്മിച്ചിട്ടുള്ളത്.



സ്വന്തം സംരംഭം സാധാരണ ജനങ്ങൾക്ക് പ്രയോജനപ്പെടുത്താനുള്ള സാമൂഹ്യ പ്രതിബദ്ധതയും ജോബിയിൽ നിന്നുണ്ടായി. ലൈഫ് മിഷൻ പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നവർക്ക് ഇളവോടു കൂടി പരിസ്ഥിതി സൗഹൃദ കട്ടകൾ നൽകി അദ്ദേഹം മാതൃക കാണിച്ചു. എടയ്ക്കാട്ടുവയൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ. ആർ. ജയകുമാറിന്റെ നിർലോഭമായ സഹായവും ഇതിന് കരുത്തേകി.

കൂടുതൽ ഓർഡറുകൾ വന്നതോടു കൂടി പുതിയ ഒരു പ്ലാന്റ് കൂടി സ്ഥാപിച്ചിട്ടുണ്ട്. ഇപ്പോൾ പ്രതിദിനം 2400 കട്ടകളാണ് പ്ലാന്റിൽ ഉൽപാദിപ്പിക്കുന്നത്.

## അടുത്ത സംരംഭം

പ്ലാസ്റ്റിക് മാലിന്യം കൊണ്ട് കെട്ടിട നിർമ്മാണ കടകളും തറയിൽ വിരിക്കുന്ന ടൈലുകളും നിർമ്മിക്കുക എന്ന പുതിയ പ്രൊജക്ട് നടപ്പിലാക്കുന്നതിനുള്ള തയ്യാറെടുപ്പിലാണ് ജോബി. മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് വ്യവസായ ഓഫീസും ആരക്കുന്നം ടോക് എച്ച് എഞ്ചിനീയറിംഗ് കോളേജും സംയുക്തമായി നടത്തിയ ''ഐഡിയത്തോൺ'' എന്ന സംരംഭ ആശയ മത്സരത്തിൽ ഈ പ്രോജക്ടിന് പുരസ്കാരം ലഭിച്ചിട്ടുണ്ട്.

പ്ലാസ്റ്റിക് മാലിന്യം പൊടിച്ച് വലിയ താപനിലയിൽ മണ്ണ് ചേർത്ത് കട്ടയാക്കുകയാണ് നിർമ്മാണ രീതി. വലിയ താപനിലയിൽ ഉപയോഗിക്കാവുന്ന ഫർണസ് ഇറക്കുമതി ചെയ്യേണ്ടി വരും. അതുകൊണ്ട് ഏകദേശം 3 കോടി രൂപയാണ് പ്രോജക്ട് തുക പ്രതീക്ഷിക്കുന്നത്. പ്ലാസ്റ്റിക് മാലിന്യം പരിസ്ഥിതി സൗഹൃദമായി നിർമ്മാർജ്ജനം ചെയ്യുവാൻ കഴിയുന്ന ഈ പ്രോജക്ട് പ്രായോഗിക തലത്തിലേയ്ക്ക് എത്തിക്കുന്നതിനുള്ള മുഖ്യ തടസ്സവും ഇതാണ്. അത് എങ്ങനെ പരിഹരിക്കാം എന്ന ചിന്തയിലാണ് ജോബി.

## പുരസ്കാരങ്ങൾ

കൃഷിയിലും സംരംഭ രംഗത്തും നിരവധി അംഗീകാരങ്ങൾ ഈ ചെറിയ കാലയളവിനുള്ളിൽ ജോബിയെ തേടിയെത്തി. 2017-18 വർഷം മികച്ച കർഷകനുള്ള എടയ്ക്കാട്ടു വയൽ പഞ്ചായത്തിന്റെ പുരസ്കാരം ലഭിച്ചു. 2021-22 ൽ സമ്മിശ്ര കർഷകനുള്ള ജില്ലാതല (എറണാകുളം) പുരസ്കാരത്തിൽ രണ്ടാം സ്ഥാനം നേടി. സംരംഭക മികവിന് ബാങ്ക് ഓഫ് ബറോഡയുടെ ആദരവ് 2022-23 വർഷം ലഭിച്ചു. 2023 ൽ മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് വ്യവസായ ഓഫീസും ടോക് എച്ച് എഞ്ചിനീയറിംഗ് കോളേജും (ആരക്കുന്നം) സംയുക്തമായി സംഘടിപ്പിച്ച ''ഐഡിയത്തോൺ'' മത്സരത്തിൽ മികച്ച ആശയമായി തെരഞ്ഞെടുക്കപ്പെട്ടു. (പ്ലാസ്റ്റിക് മാലിന്യം കൊണ്ട് കട്ട ഉണ്ടാക്കുന്നത്)

## കുടുംബം

കർകഷനായ വർഗീസ്. പി. കെ. യുടെയും ചിന്നമ്മ വർഗീസിന്റെയും മകനാണ്. ഭാര്യ മീന. റിക്സൺ ജോബി, റിയ ജോബി എന്നിവരാണ് മക്കൾ

ഫോൺ നമ്പർ: 9744170830, 9544924110

തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി വ്യവസായ വികസന ഓഫീസറാണ് ലേഖകൻ

ഡോ. ശചീന്ദ്രൻ.വി



# സംരംഭകത്വത്തിന്റെ പ്രാധാന്യം

**യുവാക്കളുടെ** ഇടയിൽ, പ്രത്യേകിച്ചും അഭ്യസ്ത വിദ്യരായവർക്കിടയിൽ, പലരും സർക്കാർ ജോലിയെ മാത്രം സ്വപ്നം കാണുകയും അതിനായി മാത്രം പരിശ്രമിക്കുകയും ചെയ്യുന്നതായിട്ടാണ് കാണാറുള്ളത്. അല്ലെങ്കിൽ ഏതെങ്കിലും ഒരു സ്ഥാപനത്തിൽ ജോലി കിട്ടാനായി മാത്രം ശ്രമം നടത്തുന്നു. എന്നാൽ സ്വയം ഒരു തൊഴിൽ ദാതാവ് ആകുന്നതും അതിനായി സ്വന്തം ഒരു സംരംഭം തുടങ്ങുന്നതും പൊതുവേ കുറഞ്ഞതോതിൽ മാത്രമേ കാണാറുള്ളൂ. പി.എസ്.സി/ ബാങ്കിംഗ് മത്സര പരീക്ഷകൾക്ക് പരിശീലനം നൽകാനായി നിരവധിയായ കോച്ചിംഗ് സ്ഥാപനങ്ങളും ഓൺലൈൻ മാധ്യമങ്ങളും കാണിക്കുന്ന ഉത്സാഹം സംരംഭകരെ വളർത്തിയെടുക്കാൻ കാണിക്കുന്നുണ്ടോ എന്നത് സംശയകരമാണ്. വിദ്യാഭ്യാസ, ആരോഗ്യ, സാമൂഹിക സുരക്ഷാ മേഖലകളിൽ കേരളം നേടിയ പുരോഗതി സാമ്പത്തിക രംഗത്തും നേടണമെങ്കിൽ സംരംഭകത്വം കൂടിയേ തീരൂ എന്നതാണ് നിലവിലെ യാഥാർത്ഥ്യം. അതിനായി സംരംഭകത്വത്തിന്റെ പ്രാധാന്യം പുതിയ തലമുറ മനസ്സിലാക്കേണ്ടതുണ്ട്. പ്രസ്തുത ലക്ഷ്യം മുൻനിർത്തിയാണ് ഈ ലേഖനം എഴുതിയിട്ടുള്ളത്.

സംരംഭകത്വത്തിന്റെ പ്രാധാന്യം ചുവടെ ചേർക്കുന്നു.

## 1. സാധനങ്ങളും സേവനങ്ങളും ഉൽപാദിപ്പിക്കലും വിതരണം ചെയ്യലും

നമുക്ക് ആവശ്യമായ എല്ലാ സാധനങ്ങളും സേവനങ്ങളും ഉൽപാദിപ്പിച്ച് വിതരണം നടത്തുന്നത് സംരംഭകരാണ്. മനുഷ്യർക്ക് ആവശ്യമായ ഭക്ഷണം, വസ്ത്രം, പാർപ്പിടം, വാഹന സൗകര്യം തുടങ്ങിയ വിവിധങ്ങളായ സാധനങ്ങളും സേവനങ്ങളും നൽകുന്നത് സംരംഭകരാണ്. കൂടാതെ മൃഗങ്ങൾക്ക് ആവശ്യമായ ആവാസ സൗകര്യങ്ങൾ, മരുന്ന് തുടങ്ങിയവയും, വിളകൾക്കും സസ്യലതാദികൾക്കും ആവശ്യമായ വളം, കൃഷി ആയുധങ്ങൾ തുടങ്ങിയവയും ഉൽപ്പാദിപ്പിക്കുകയും



വിതരണം ചെയ്യുന്നതും സംരംഭകരാണ്. ആ അർത്ഥത്തിൽ, ഒരു ജനതയുടെ ജീവിതം അർത്ഥപൂർണ്ണമാക്കാൻ ആവശ്യമായതെല്ലാം ലഭ്യമാക്കുന്നത് സംരംഭകരാണെന്ന് പറയാം . അങ്ങനെ സംരംഭകത്വം ആളുകളുടെ ജീവിത നിലവാരം ഉയർത്താൻ ആവശ്യമായ സാധനങ്ങളും സേവനങ്ങളും, ഗുണമേന്മയോടെയും, മിതമായ നിരക്കിലും ലഭ്യമാക്കുകയും ചെയ്യുന്നു.

## 2. ഉപജീവന മാർഗം

ജീവിക്കാനുള്ള മാർഗം കണ്ടെത്തുക എന്നത് പരമപ്രധാനമായ കാര്യമാണ്. സ്വന്തമായി സംരംഭം തുടങ്ങുന്നത് നല്ല രീതിയിൽ ജീവിക്കാൻ ആവശ്യമായ വരുമാനം കണ്ടെത്താൻ സഹായിക്കുന്നു. മറ്റൊരാൾ ശമ്പളം നൽകുന്ന ഒരു ജോലിയിൽ നിന്നും ഒരു വർഷം നേടാൻ കഴിയുന്നത് ഒരുപക്ഷേ ഒരു മാസം കൊണ്ടോ അതിൽ കുറഞ്ഞ കാലയളവ് കൊണ്ടോ സ്വന്തം സംരംഭത്തിൽ നിന്നും നേടാൻ സാധിക്കും. ഇന്ത്യയിലെ മുൻനിര കോടീശ്വരന്മാരായ എല്ലാവരും തന്നെ സംരംഭകരാണ് എന്ന യാഥാർത്ഥ്യം ഓർക്കണം. കേവലം ഉപജീവനമാർഗ്ഗം എന്നതിനപ്പുറം ഏറ്റവും മികച്ച ജീവിതസൗകര്യങ്ങൾ നേടിയെടുക്കാനും സംരംഭകത്വം സഹായിക്കുന്നു.

## 3. സാമൂഹിക ബന്ധങ്ങൾ

സംരംഭകത്വത്തിന്റെ ഏറ്റവും വലിയ പ്രത്യേകതകളിൽ ഒന്നാണ് മറ്റുള്ളവരുമായുള്ള ഇടപെടലുകളും ബന്ധങ്ങൾ വളർത്തിയെടുക്കലും നിരന്തരം എല്ലാ തട്ടിലുമുള്ള ആളുകളുമായും സംരംഭകർക്ക് ബന്ധപ്പെടേണ്ടി വരും. അതുകൊണ്ടുതന്നെ സാമൂഹ്യബന്ധങ്ങൾ വളരുകയും ജീവിതം കൂടുതൽ ആസ്വാദ്യകരമാവുകയും ചെയ്യുന്നു. ഇത് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും അനുകൂലമായ പല മാറ്റങ്ങൾക്കും കാരണമാകും. മികച്ച ബിസിനസ് സുഹൃത്വലയം വളർത്തിയെടുക്കുന്നത്, ഇടയ്ക്കിടെയുള്ള കൂട്ടായ്മകൾ സംഘടിപ്പിക്കുന്നതിലേക്കും, പരസ്പരമുള്ള പ്രശ്നങ്ങളും പ്രതിസന്ധികളും പങ്കുവെച്ച് പരിഹാരം കണ്ടെത്തുന്നതിലേക്കും സഹായിക്കുന്നു. പരസ്പര വിശ്വാസത്തോടെയുള്ള ബിസിനസ്, സംരംഭത്തെ കൂടുതൽ ഉയർന്ന നിലയിലേക്ക് വളർത്താനും സഹായിക്കുന്നു. പങ്കാളിത്ത ബിസിനസുകൾ, സഹകരണ സംഘങ്ങൾ തുടങ്ങിയവ പൂർണമായും പരസ്പര വിശ്വാസവും സഹകരണവും അടിസ്ഥാനമാക്കിയാണ് പ്രവർത്തിക്കുന്നത്.

> **"സംരംഭകത്വത്തിന്റെ ഏറ്റവും വലിയ പ്രത്യേകതകളിൽ ഒന്നാണ് മറ്റുള്ളവരുമായുള്ള ഇടപെടലുകളും ബന്ധങ്ങൾ വളർത്തിയെടുക്കലും നിരന്തരം എല്ലാ തട്ടിലുമുള്ള ആളുകളുമായും സംരംഭകർക്ക് ബന്ധപ്പെടേണ്ടി വരും."**

## 4. തൊഴിൽ ദാതാവ്

ഒരു സംരംഭത്തിന്റെ മറ്റൊരു പ്രധാനപ്പെട്ട ഘടകമാണ് സ്വയം ഒരു തൊഴിൽ ദാതാവ് ആകുന്നത്. തൊഴിലിനു വേണ്ടി മറ്റുള്ളവരെ ആശ്രയിക്കുന്നതിനു പകരം സ്വയം തൊഴിൽ കണ്ടെത്തുകയും മറ്റുള്ളവർക്ക് തൊഴിലവസരങ്ങൾ നൽകുകയും ചെയ്യാൻ സംരംഭകത്വത്തിന് മാത്രമേ കഴിയൂ. സ്വന്തം സ്ഥാപനം ആയതിനാൽ ആരുടെയും കീഴിൽ അല്ലാതെ സ്വതന്ത്രമായി, ഇഷ്ടാനുസരണം തൊഴിലെടുക്കാൻ സംരംഭകത്വം അനുവദിക്കുന്നു. സ്വന്തം ബോസ് താൻ തന്നെ ആയതിനാൽ അധികാരവും നിയന്ത്രണവും സംരംഭകർക്ക് ലഭിക്കുന്നു. അതുകൂടാതെ സ്ഥാപനത്തിന് ഉതകുന്ന ഏതൊരു തീരുമാനവും സ്വന്തം നിലയ്ക്ക് എടുക്കാൻ





> **രാജ്യത്തെ ശാസ്ത്രസാങ്കേതിക വിദ്യാ വികസനത്തിന് സംരംഭകത്വം കൂടിയേ തീരൂ. ശാസ്ത്ര സാങ്കേതിക മേഖലയിലെ വികസനത്തിനാവശ്യമായ സാമ്പത്തിക സ്രോതസ്സിൽ മുഖ്യമായ പങ്കും സംരംഭകത്വത്തിലൂടെയാണ് നേടുന്നത്.**

സാധിക്കുന്നു. രാജ്യത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ സംരംഭകത്വത്തിന്റെ പങ്ക് വളരെ വലുതാണ്. സർക്കാർ സേവന/കാർഷിക മേഖലകൾ ഉൾപ്പെടെയുള്ള ഇതര തൊഴിൽ മേഖലകളെ താങ്ങി നിർത്തുന്നത് പോലും രാജ്യത്തിന്റെ സംരംഭങ്ങൾ ആണെന്ന് നിസംശയം പറയാം.

മറ്റുള്ളവർക്ക് തൊഴിൽ നൽകുന്നതിലൂടെ അവർക്ക് വരുമാന മാർഗ്ഗം ലഭിക്കുകയും അതിലൂടെ ദാരിദ്ര്യം ഇല്ലായ്മ ചെയ്യാനും സാധിക്കുന്നു. അതായത് ഒരു രാജ്യത്തിൻറെ ശാശ്വതമായ ദാരിദ്ര്യനിർമ്മാർജ്ജനം ചെയ്യാൻ വേണ്ടത് സൗജന്യ സാമ്പത്തിക വിതരണമോ, ഉൽപാദന അധിഷ്ഠിതമല്ലാത്ത ക്ഷേമ പദ്ധതികളോ അല്ല. മറിച്ച് ചെറുതും വലുതുമായ സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത്. അതിലൂടെ സാമ്പത്തികരംഗം മെച്ചപ്പെടുത്തുന്നതോടൊപ്പം, ഓരോ കുടുംബത്തിനും ജീവിക്കാനുള്ള വക കണ്ടെത്താൻ സാധിക്കും. അത്തരത്തിൽ തൊഴിൽ കണ്ടെത്താൻ സാധിക്കുന്നതിലൂടെ ഭീകരവാദം, ലഹരികൾക്ക് അടിമയായി സാമൂഹ്യവിരുദ്ധമായ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ, അക്രമവും അശാന്തിയും വളർത്തി സാമൂഹികമായ അരക്ഷിതത്വം ഉണ്ടാക്കൽ തുടങ്ങിയ അപകടകരമായ അവസ്ഥകളിൽ നിന്നും വ്യക്തികളെ മാറ്റിയെടുക്കാൻ കഴിയും. ആ അർത്ഥത്തിൽ, ദേശ സുരക്ഷ, ക്രമസമാധാനം നിലനിർത്തൽ, കുറ്റകൃത്യങ്ങൾ കുറയ്ക്കൽ, ശാന്തമായ സാമൂഹ്യജീവിതം ഉറപ്പുവരുത്തൽ എന്നിങ്ങനെയുള്ള നിരവധിയായ വിശാല ലക്ഷ്യങ്ങൾ നേടിയെടുക്കാൻ, പരോക്ഷമായി, സംരംഭകത്വത്തിന് സാധിക്കും.

## 5. സാമൂഹ്യ അംഗീകാരവും പദവിയും

സംരംഭകത്വത്തിന്റെ ആധുനിക മുഖം വിശാലമായ സാധ്യതകളാണ് തുറന്നുതരുന്നത് സർക്കാർതലങ്ങളും, മാധ്യമങ്ങളും, സമൂഹത്തിലെ വിവിധങ്ങളായ കൂട്ടായ്മകളും സംരംഭകർക്ക് വളരെ ഉയർന്ന സ്ഥാനമാണ് നൽകുന്നത്. വ്യവസായ സംഗമങ്ങൾ, സംരംഭകരെ ആദരിക്കൽ, പത്മശ്രീ ഉൾപ്പെടെയുള്ള ബഹുമതികൾ നൽകൽ, നികുതികൾ ഉൾപ്പെടെയുള്ള നിയമവ്യവസ്ഥകളിൽ ഇളവുകൾ നൽകൽ തുടങ്ങി നിരവധിയായ അംഗീകാരങ്ങളും പ്രാധാന്യവും സംരംഭകർക്ക്/ സംരംഭകത്വത്തിന് ലഭിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ സംരംഭകത്വം ആത്മാഭിമാനവും സംതൃപ്തിയും നൽകുന്ന ഒന്നാണ്.

## 6. വിദേശ നാണയം നേടൽ

ഒരു രാജ്യത്തിന്റെ സാമ്പത്തിക ശക്തി നിർണയിക്കുന്നതിലെ ഒരു പ്രധാന ഘടകമാണ് അതിൻറെ കയറ്റുമതിയും വിദേശനാണയ ശേഖരവും. ബാലൻസ് ഓഫ് പെയ്മെന്റ് (Balance of Payment), വിദേശ നാണയ ശേഖരത്തിന്റെ അളവ് എന്നിവ അന്താരാഷ്ട്രതലത്തിൽ രാജ്യത്തിൻറെ സ്ഥാനവും സ്വാധീനവും നിർണയിക്കും. മികച്ച സാധനങ്ങളും സേവനങ്ങളും ഉൽപാദിപ്പിച്ച് വിദേശ വിപണികളിലേക്ക് കയറ്റുമതി നടത്തുകയും അതിലൂടെ വിദേശനാണയം നേടുകയും ചെയ്യുന്നത് രാജ്യത്തിന് വളരെയേറെ പ്രയോജനം ചെയ്യും. ഇന്ത്യയുടെ നിരവധി ബ്രാൻഡുകൾ നിലവിൽ ആഗോള അംഗീകാരവും മതിപ്പും നേടിയെടുത്തിട്ടുള്ളതാണ്. അത്തരത്തിലുള്ള വിദേശ വിപണികൾ കീഴടക്കാനും ലോകത്തിന് സാധനങ്ങളും സേവനങ്ങളും നൽകുന്ന ഒരു ആഗോള ശക്തിയായി രാജ്യത്തെ വളർത്തുവാനും സംരംഭകത്വത്തിന് മാത്രമേ കഴിയൂ. അന്താരാഷ്ട്രതലത്തിൽ മികച്ച നയതന്ത്ര ബന്ധം പോലും സാധ്യമാകുന്നത് രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിയും കെട്ടുറപ്പും അടിസ്ഥാനമായാണ്. കൂടാതെ സംരംഭകർ മികച്ച കയറ്റുമതി നേടിയാൽ മാത്രമേ ഇന്ത്യയ്ക്ക് ആവശ്യമായ മറ്റു ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യാനുള്ള ശേഷി ലഭിക്കുകയുള്ളൂ.

## 7. ശാസ്ത്ര സാങ്കേതിക വികസനം

രാജ്യത്തെ ശാസ്ത്രസാങ്കേതിക വിദ്യാ വികസനത്തിന് സംരംഭകത്വം കൂടിയേ തീരൂ. ശാസ്ത്ര സാങ്കേതിക മേഖലയിലെ വികസനത്തിനാവശ്യമായ സാമ്പത്തിക സ്രോതസ്സിൽ മുഖ്യമായ പങ്കും സംരംഭകത്വത്തിലൂടെയാണ് നേടുന്നത്. കൂടാതെ അവയുടെ കണ്ടെത്തലുകൾ, നവീനതകൾ തുടങ്ങിയവ അർത്ഥപൂർണ്ണമാകുന്നത്, സംരംഭകർ അവ ഉപയോഗിച്ച് സാധനങ്ങളും സേവനങ്ങളും ഉൽപാദിപ്പിച്ച് വിപണി കണ്ടെത്തുമ്പോഴാണ്. വാണിജ്യതലത്തിൽ പ്രയോജനപ്പെടുത്താതെ വലിയ കണ്ടുപിടുത്തങ്ങൾക്കും മറ്റു സാങ്കേതിക വിദ്യകൾക്കും അവയെ സാമ്പത്തികമായി





മുന്നോട്ടു കൊണ്ടുപോകാൻ കഴിയില്ല. മാറിവരുന്ന ജീവിതസാഹചര്യങ്ങളും സങ്കീർണമായ പ്രശ്നങ്ങളും പരിഹരിക്കാൻ ശാസ്ത്രസാങ്കേതിക വിദ്യകൾക്ക് സാധിക്കും. എന്നാൽ അവയുടെ വികസനത്തിനും വളർച്ചയ്ക്കും സംരംഭകത്വം നൽകുന്ന സാമ്പത്തിക പിന്തുണ കൂടിയേ തീരൂ. ഇവ ഒരുപോലെ വികസിക്കുന്ന ഒരു രാജ്യത്തിന് സമഗ്ര പുരോഗതി കൈവരിക്കാൻ ആകും.

## 8. രാജ്യത്തിന്റെ വരുമാനം, വളർച്ച

രാജ്യത്തിന്റെ വരുമാനം (National Income) നേടിയെടുക്കുന്നത് അവിടുത്തെ സാധനങ്ങളുടെയും സേവനങ്ങളുടെയും ഉൽപാദനവും വിതരണവും നടത്തുന്നതിലൂടെയാണ്. അതിനാൽ സംരംഭങ്ങളിലൂടെയുള്ള നിർമ്മാണ ഉൽപാദന പ്രവർത്തനങ്ങളും വിതരണങ്ങളും സേവനങ്ങൾ നൽകലും വളരെ ഉയർന്ന തോതിൽ നടക്കേണ്ടതുണ്ട്. സാമ്പത്തിക വളർച്ച ഉയരണമെങ്കിൽ ഓരോ വർഷവും പുതിയ സംരംഭങ്ങൾ ആരംഭിക്കുകയും നിലവിലുള്ളവ കൂടുതൽ ഉയർന്ന തോതിൽ ബിസിനസ് നടത്തുകയും വേണം. ലോകരാജ്യങ്ങൾക്കിടയിൽ ഏറെ ചർച്ച ചെയ്യപ്പെടുന്നവയാണ് മൊത്ത ആഭ്യന്തര ഉൽപാദനവും (Gross Domestic Production) പ്രതിശീർഷ വരുമാനവും (Per Capita Income). ഇവ മെച്ചപ്പെടുത്തുന്നതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം സംരംഭകത്വം വളർത്തുക എന്നത് തന്നെയാണ്. അതിലൂടെ രാഷ്ട്ര പുനർ നിർമാണത്തിൽ പങ്കാളികളാകാനും സംരംഭകർക്ക് സാധിക്കുന്നു.

## 9. വിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം

ഒരു രാജ്യത്തിലെ ഓരോ സംസ്ഥാനത്തിലും, പ്രാദേശിക തലത്തിലും വിവിധതരത്തിലുള്ള വിഭവശേഷികൾ ഉണ്ട്. അസംസ്കൃത വസ്തുക്കൾ, മാനവ വിഭവശേഷി എന്നിവ ഇതിൽ പ്രധാനമാണ്. പ്രകൃതിയുടെ കാലാവസ്ഥയുടെ പ്രത്യേകതകളും, പ്രാദേശികമായി ലഭിക്കുന്ന പ്രകൃതി വിഭവങ്ങളും വളരെ മൂല്യമുള്ളതാണ്. ഇവയെല്ലാം കാര്യക്ഷമമായി സമാഹരിക്കുവാനും ഫലപ്രദമായി വിനിയോഗിക്കുവാനും സംരംഭകത്വത്തിന് മാത്രമേ കഴിയൂ. അവ ശരിയായ രീതിയിൽ ഉപയോഗിച്ച് സാധനങ്ങളും സേവനങ്ങളും ഉൽപാദിപ്പിക്കുകയും വിതരണം ചെയ്യുകയും വേണം. അല്ലാത്തപക്ഷം അവ പ്രയോജനം ഇല്ലാതെ നശിക്കുന്നു. അത്തരം നഷ്ടങ്ങൾ രാജ്യത്തിന്റെയും മനുഷ്യരാശിയുടെയും തന്നെ നഷ്ടങ്ങളാണ്. വിഭവങ്ങൾ പുതുതായി സൃഷ്ടിക്കുന്നതുപോലെ തന്നെ പ്രധാനമാണ് ഉള്ളവ കാര്യക്ഷമമായ രീതിയിൽ ഉപയോഗിക്കുക എന്നത്. നിലവിലെയും വരും തലമുറകളുടെയും ആവശ്യങ്ങളും പ്രതീക്ഷകളും നേടിയെടുക്കണമെങ്കിൽ വിവിധങ്ങളായ വിഭവശേഷികൾ പരമാവധി പ്രയോജനപ്പെടുത്തുക തന്നെ വേണം. അതിനുള്ള ചാലകശക്തിയും മാർഗ്ഗവും സംരംഭകത്വം വളർത്തലാണ്.

ചുരുക്കത്തിൽ സംരംഭങ്ങൾ എന്നത് ചില വ്യക്തികൾക്ക് കേവലം വരുമാനം നേടാനുള്ള സ്ഥാപനങ്ങൾ മാത്രമല്ല. രാഷ്ട്രത്തിന്റെയും മാനവരാശിയുടെയും സമഗ്ര വളർച്ചയ്ക്കുള്ള മാധ്യമങ്ങളാണ് അവ എന്നതാണ് യാഥാർത്ഥ്യം. ഇത്തരത്തിൽ ബഹുമുഖ പ്രാധാന്യമുള്ള മേഖലയിലേക്ക് വ്യക്തികൾ താൽപര്യപൂർവ്വം കടന്നു വരികയും ഫലപ്രദമായ രീതിയിൽ സംരംഭങ്ങൾ വളർത്തിയെടുക്കുകയും വേണം. തങ്ങൾ ഏർപ്പെട്ടിരിക്കുന്ന വിശാലമായ ലക്ഷ്യത്തിന്റെ പ്രാധാന്യമാവണം സംരംഭകത്വത്തിന്റെ ഓരോ ഘട്ടവും വിജയകരമായി തരണം ചെയ്യുവാനുള്ള ഊർജ്ജവും പ്രയോജനവും. ഇത്തരത്തിൽ സംരംഭകത്വത്തിലേക്ക് കടന്നു വരുന്ന ഓരോ വ്യക്തിയേയും അർഹമായ രീതിയിൽ സ്വീകരിക്കുവാനും, അവർക്ക് ആവശ്യമായ സൗകര്യങ്ങൾ നൽകുവാനും സംവിധാനം ഒരുക്കണം. സംരംഭകത്വത്തിലൂടെ പുതിയൊരു രാജ്യം വളർത്തിയെടുക്കുവാനുള്ള ആവേശവും താൽപര്യവും ഉണ്ടാകുന്നതിലൂടെയാണ് അതിൻറെ പുരോഗതിയും വളർച്ചയും നിലനിൽക്കുന്നത് എന്നതിനാൽ സംരംഭകത്വത്തെ വളരെയേറെ പ്രാധാന്യത്തോടെ കാണേണ്ടത് അത്യാവശ്യമാണ്.

മഞ്ചേശ്വരം ജി.പി.എം ഗവൺമെന്റ് കോളേജില വാണിജ്യ
വിഭാഗം മേധാവിയും പ്രൊഫസറുമാണ് ലേഖകൻ



ഡോ. സുധീർ ബാബു

# മാർക്കറ്റിംഗിൽ മുന്നിലെത്താൻ ആധുനികതന്ത്രങ്ങൾ

**രാവിലെ** നിങ്ങൾ ഓഫീസിൽ പോകാൻ ഒരുങ്ങുകയാണ്. അപ്പോൾ അതാ ഭാര്യ പറയുന്നു ഇന്ന് ബാങ്കിൽ പോകേണ്ടതുണ്ട് കുട്ടിയുടെ ഫീസ് അടക്കേണ്ട ദിവസമാണ്. ബാങ്കിൽ പോയി പണം ട്രാൻസ്ഫർ ചെയ്തിട്ടേ ഓഫീസിൽ പോകാൻ സാധിക്കുകയുള്ളൂ. നിങ്ങൾ അസ്വസ്ഥനാകുന്നു. ഈ തിരക്കിൽ ഇതെല്ലാം കൂടി എങ്ങിനെ നടക്കും? നിങ്ങൾക്ക് ടെൻഷൻ അനുഭവപ്പെടുന്നു.

പെട്ടെന്ന് നിങ്ങളുടെ തലയിൽ ബൾബ് തെളിയുന്നു. എന്തിന് ബാങ്കിൽ പോകണം പണം ട്രാൻസ്ഫർ ചെയ്യാൻ ബാങ്കിന്റെ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ചാൽ പോരെ! നിങ്ങൾ ഫോണിൽ നിന്നും ആപ്ലിക്കേഷനെടുത്ത് പണം സ്കൂളിന്റെ അക്കൗണ്ടിലേക്ക് അയയ്ക്കുന്നു. സെക്കന്റുകൾക്കുള്ളിൽ പണി കഴിഞ്ഞു. രാവിലെ തന്നെ എത്രമാത്രം സമയമാണ് ലാഭിച്ചത്. നിങ്ങൾ സന്തോഷവാനാകുന്നു.

നമ്മുടെ നിത്യജീവിതത്തിൽ മൊബൈൽ ആപ്ലിക്കേഷനുകൾ വരുത്തിയ ഇത്തരം മാറ്റങ്ങൾ നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ഒരു വ്യക്തി ഒരു ദിവസം അഞ്ചു മുതൽ ആറു മണിക്കൂർ വരെ തന്റെ സ്മാർട്ട് ഫോൺ ഉപയോഗിക്കുന്നു എന്നതാണ് കണക്ക്. ഒരു ദിവസം തന്നെ എത്രമാത്രം മൊബൈൽ ആപ്ലിക്കേഷനുകളാണ് നാം ഉപയോഗിക്കുന്നത്. പണമിടപാടുകൾക്കായുള്ള ഗൂഗിൾ പേ മുതൽ സിനിമ കാണുവാനുള്ള നെറ്റ്ഫ്ളിക്സ് ഉൾപ്പെടെ നിരവധി മൊബൈൽ ആപ്ലിക്കേഷനുകളെ ഓരോ ദിവസവും നമ്മുടെ വിരൽത്തുമ്പുകൾ സ്പർശിക്കുന്നു.

**പുതിയ മുഖം**

ഇന്ന് ആധുനിക ബിസിനസിന്റെ മുഖമാണ് മൊബൈൽ ആപ്ലിക്കേഷനുകൾ. ബിസിനസ് തന്ത്രങ്ങളുടെ ഒഴിച്ചുകൂടാനാവാത്ത ഘടകമായി അവ മാറിക്കഴിഞ്ഞിരിക്കുന്നു. ബിസിനസും ഉപഭോക്താവും തമ്മിലുള്ള അതിഗാഢമായ ബന്ധം മൊബൈൽ ആപ്ലിക്കേഷനുകളിലൂടെ സൃഷ്ടിക്കപ്പെടുന്നു.






നാം നേരത്തെ കണ്ടപോലെ പണം ട്രാൻസ്ഫർ ചെയ്യാനോ ചെക്ക് ബുക്ക് അപേക്ഷിക്കാനോ ബാങ്ക് സന്ദർശിക്കേണ്ട ആവശ്യമേയില്ല. ബാങ്കുമായി നിരന്തരം നടത്തുന്ന ഇടപാടുകളിൽ വലിയൊരു ഭാഗം നിങ്ങൾ എവിടെയാണോ അവിടെയിരുന്ന് ചെയ്യാവുന്ന സൗകര്യം മൊബൈൽ ആപ്ലിക്കേഷൻ ഉറപ്പുവരുത്തുന്നു. ഉപഭോക്താവിന് സമയവും പണവും ലാഭമാകുന്നു. കൂടുതൽ സേവനം ഉപ ഭോക്താവിന് നൽകുന്നതിലൂടെ തങ്ങളുടെ ബിസിനസ് നിലനിർത്താനും അഭിവൃദ്ധിപ്പെടുത്താനും ബാങ്കിന് സാധിക്കുന്നു.

## സ്മാർട്ട്ഫോണിലെ അത്ഭുതങ്ങൾ

നിങ്ങൾക്ക് ഒരു പാട്ട് കേൾക്കണം. എങ്ങും പോകേണ്ടതില്ല. ടേപ്പ് റെക്കോർഡറോ സിഡി പ്ലെയറോ കമ്പ്യൂട്ടറോ ഒന്നും ആവശ്യമില്ല. സ്പോട്ടി ഫൈ മൊബൈൽ ആപ്ലിക്കേഷൻ തുറന്നാൽ മാത്രം മതി. ഇനി ഒരു സിനിമ കാണണമെങ്കിലോ നെറ്റ്ഫ്ളി ക്സ്, ആമസോൺ പ്രൈം, ഡിസ്നി ഹോട്ട്സ്റ്റാർ തുടങ്ങിയ മൊബൈൽ ആപ്ലിക്കേഷനുകൾ തയ്യാറായി നിൽക്കുന്നു. ഓൺലൈനിൽ ഒരു ഡ്രസ്സ് വാങ്ങേണ്ടതുണ്ട് കമ്പ്യൂട്ടർ തുറക്കേണ്ടതില്ല. അതിനും നിങ്ങളുടെ ഫോണിൽ മൊബൈൽ ആപ്ലിക്കേഷൻ ലഭ്യമാണ്.

ഏത് തുറയിലുള്ള ബിസിനസുകളെടുത്താലും അവയെ സമീപിക്കുവാൻ ഇന്ന് നിങ്ങളുടെ കയ്യിലുള്ള സ്മാർട്ട് ഫോണിലൂടെ സാധിക്കും. ഒരു ഡോക്ടറുടെ അപ്പോയിന്റ്മെന്റ് ബുക്ക് ചെയ്യാൻ ഹോസ്പിറ്റലിൽ പോയി ക്യൂ നിൽക്കേണ്ടതില്ല. ഹോസ്പിറ്റലിന്റെ മൊബൈൽ ആപ്ലിക്കേഷൻ തുറക്കൂ. ജീവിതം എത്രമാത്രം ലളിതമായിരിക്കുന്നു.

## ബിസിനസുകൾക്ക് മൊബൈൽ ആപ്ലിക്കേഷൻ ആവശ്യമോ?

ആവശ്യം എന്നതിലുപരി അനിവാര്യതയായി മാറിയിരിക്കുന്നു എന്നതാണ് ഉത്തരം. ഊബർ, സ്വിഗ്ഗി തുടങ്ങിയ ബിസിനസുകളെ ശ്രദ്ധിക്കൂ. അവരുടെ ബിസിനസ് മോഡൽ തന്നെ മൊബൈൽ ആപ്ലിക്കേഷനിൽ അധിഷ്ഠിതമാണ്. ഒരു ടാക്സി വിളിക്കാനോ ഭക്ഷണം ഓർഡർ ചെയ്യാനോ ഒട്ടും ബുദ്ധിമുട്ടേണ്ടതില്ല. നിങ്ങളുടെ വീട്ടുമുറ്റത്ത് ബിസിന സുകൾ സേവനം ലഭ്യമാക്കുന്നു.

ലോകത്തിന്റെ ഏത് ഭാഗത്തു നിന്നും ഉൽപ്പന്നങ്ങൾ ഓർഡർ ചെയ്യാനും വരുത്തിക്കുവാനും




ഇന്ന് നമ്മൾക്ക് സാധിക്കുന്നു. ലോകത്തിന്റെ ഏതോ ഒരു കോണിലെ ചെറിയ ഫാക്ടറി ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നം സ്മാർട്ട് ഫോണിലെ മൊബൈൽ ആപ്ലിക്കേഷനിലൂടെ ലോകം മുഴുവൻ വിൽക്കപ്പെടുന്നു. ഉപഭോക്താവിന് ബിസിനസുമായി നേരിട്ട് സംവദിക്കാവുന്ന, ഇടപാടുകൾ നടത്താവുന്ന ടണലായി ഇവ മാറുന്നു.

## എന്താണ് മൊബൈൽ ആപ്ലിക്കേഷനുകൾ ചെയ്യുന്നത്?

### 1. ബിസിനസ് ഉപഭോക്താവിന്റെയൊപ്പം സഞ്ചരിക്കുന്നു

ബിസിനസും ഉപഭോക്താവും തമ്മിൽ നേരിട്ടുള്ള ബന്ധം ഇവിടെ ഉടലെടുക്കുന്നു. ബിസിനസ് ഏത് സമയത്തും രാത്രിയെന്നോ പകലെന്നോ ഭേദമില്ലാതെ ഉപഭോക്താവിന്റെ വിരൽത്തുമ്പിൽ ലഭ്യമാണ്. ഒരു ഉൽപ്പന്നം വാങ്ങാനോ സേവനം ആവശ്യപ്പെടാനോ ബിസിനസിനെ അന്വേഷിച്ച് ഉപഭോക്താവ് അലയേണ്ട ആവശ്യമേയില്ല. ബിസിനസുമായി വൈയക്തികമായ ബന്ധം സ്ഥാപിക്കുവാൻ മൊബൈൽ ആപ്ലിക്കേഷനിലൂടെ ഉപഭോക്താവിന് സാധിക്കുന്നു. ബിസിനസുമായുള്ള ഇടപെടലുകൾ ലളിതവും സുതാര്യവുമാകുവാൻ ഇത് കാരണമാകുന്നു.

സ്റ്റാർബക്സിന്റെ ഉപഭോക്താക്കൾക്ക് തങ്ങൾക്കിഷ്ടപ്പെട്ട വിഭവങ്ങൾ മൊബൈൽ ആപ്ലിക്കേഷനിലൂടെ ഓർഡർ ചെയ്യാം. പണം അതിലൂടെ തന്നെ പേ ചെയ്യാം. റിവാർഡുകളും അവർക്കു മാത്രമായിട്ടുള്ള വ്യക്തിപരമായ ഓഫറുകളും സ്വീകരിക്കാം. സ്വാഭാവികമായും ഇത് ഉപഭോക്താക്കളുടെ ബിസിനസുമായുള്ള കൂടുതൽ സംവദനവും ഇടപാടുകളും ഉറപ്പുവരുത്തുന്നു.

### 2. ഏത് സമയത്തും എവിടേയും

തന്റെ സ്മാർട്ട് ഫോണിൽ നിന്നും മൊബൈൽ ആപ്ലിക്കേഷൻ ഏത് സമയത്തും എവിടെനിന്നും ഉപഭോക്താവിന് പ്രാപ്യമാണ്. അതായത് ബിസിനസിന്റെ സേവനം ഇടമുറിയാതെ ലഭ്യമാണെന്നർത്ഥം. ഉപഭോക്താക്കളെ ബിസിനസിൽ നിലനിർത്താനും വിൽപ്പന വർദ്ധിപ്പിക്കുവാനും ഈ ലഭ്യത സഹായകമാകുന്നു.

പാതിരാത്രിയിൽ റെയിൽവേ സ്റ്റേഷനിൽ ട്രെയിനിൽ വന്നിറങ്ങുന്ന ഒരു യാത്രക്കാരന് ടാക്സി അന്വേഷിച്ച് അലഞ്ഞുതിരിയേണ്ട ആവശ്യമില്ല. തന്റെ മൊബൈലിൽ ഊബർ ആപ്ലിക്കേഷനിൽ അമർത്തേണ്ട താമസമേയുള്ളൂ. വണ്ടി റെഡി. വിശന്നു വലയുമ്പോൾ സ്വിഗ്ഗി എടുക്കൂ ഭക്ഷണം അതാ ചൂടോടെ മുന്നിലെത്തുന്നു. ഈ സൗകര്യങ്ങൾ അവഗണിക്കുവാൻ ഉപഭോക്താവിന് എങ്ങിനെയാണ് സാധിക്കുക.

ആമസോൺ മൊബൈൽ ആപ്പിൽ ലക്ഷക്കണക്കിന് ഉൽപ്പന്നങ്ങൾ ലഭ്യമാണ്. ഇവിടെ ഒരു ഉൽപ്പന്നം വാങ്ങുവാൻ ഷോപ്പ് തുറക്കാൻ കാത്തുനിൽക്കേണ്ട. ഏത് സമയത്തും എവിടെ നിന്നും ഉൽപ്പന്നം ഓർഡർ ചെയ്യാം. ക്യാൻസൽ ചെയ്യാം, പരാതി സമർപ്പിക്കാം, റിവ്യൂ നൽകാം. ഒരൊറ്റ മൊബൈൽ ആപ്ലിക്കേഷനിലൂടെ ബിസിനസ് എത്ര ശക്തമായിരിക്കുന്നുവെന്ന് കാണൂ.

### 3. വേഗതയും കൃത്യതയും കൂടുന്നു

ബിസിനസിന്റെ വേഗതയും കൃത്യതയും വർദ്ധിക്കുന്നു. ആഭ്യന്തരമായ പ്രക്രിയകൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുവാൻ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിക്കപ്പെടുന്നു. സ്റ്റോക്ക് മാനേജ് ചെയ്യാനും ഓർഡറുകൾ ട്രാക്ക് ചെയ്യാനും ജീവനക്കാരെ മാനേജ് ചെയ്യുവാനും മൊബൈൽ ആപ്ലിക്കേഷൻ സഹായകമാകുന്നു. ഇതുമൂലം ഉൽപ്പാദനക്ഷമത വർദ്ധിക്കുകയും ചെലവുകൾ കുറയുകയും ചെയ്യുന്നു. ബിസിനസിന്റെ വളർച്ചയ്ക്ക് വേഗതയേറുന്നു.

ഫെഡ്എക്സ് മൊബൈൽ ആപ്ലിക്കേഷൻ ഓരോ




പാക്കേജും കാര്യക്ഷമമായി, കൃത്യതയോടെ ട്രാക്ക് ചെയ്യാൻ അവരെ സഹായിക്കുന്നു. വാഹനങ്ങളുടെ ഗതാഗതം പ്ലാൻ ചെയ്യാനും നടപ്പിലാക്കുവാനും ഉപഭോക്താക്കൾക്ക് മികച്ച സേവനം നൽകുവാനും ഈ മൊബൈൽ ആപ്ലിക്കേഷൻ അവർക്ക് തുണയാകുന്നു.

### 4. ആരാണ് എന്റെ ഉപഭോക്താവ്?

മൊബൈൽ ആപ്ലിക്കേഷൻ വളരെ വിലപ്പെട്ട ഡാറ്റ ശേഖരിക്കുന്നുണ്ട്. ആപ്ലിക്കേഷൻ ഉപയോഗിക്കുന്ന ഓരോ വ്യക്തിയുടേയും ഡാറ്റ അത് ശേഖരിക്കുകയും വിശകലനത്തിന് വിധേയമാക്കുകയും ചെയ്യുന്നു. ഉപഭോക്താക്കളുടെ രീതികൾ, മുൻഗണനകൾ, ട്രെൻഡുകൾ, ശീലങ്ങൾ, സവിശേഷത എന്നിങ്ങനെ എല്ലാം വിശകലനത്തിന് വിധേയമാകുന്നു. ഓരോ ഉപഭോക്താവിനേയും വ്യക്തിപരമായി ടാർഗറ്റ് ചെയ്യുവാൻ ഡാറ്റ അനാലിസിസ് ഉപയോഗിക്കുന്നു.

ഫേസ്ബുക്ക് ഉപയോഗിക്കുന്ന ഓരോ വ്യക്തിയുടേയും ഡാറ്റ വിശകലനത്തിന് വിധേയമാക്കി അവർക്ക് താൽപ്പര്യമുള്ള കാര്യങ്ങളും പരസ്യങ്ങളും മുന്നിലേക്കെത്തിക്കാൻ ഫേസ്ബുക്കിന് സാധിക്കുന്നു. ഈ തന്ത്രത്തിലൂടെ അവർ തങ്ങളുടെ പരസ്യ വരുമാനം വർദ്ധിപ്പിക്കുന്നു.

### 5. എതിരാളികൾക്ക് മുന്നിലോടാം

എതിരാളികളെ പിന്നിലാക്കി വിപണിയിൽ കുതിച്ചോടാൻ മൊബൈൽ ആപ്ലിക്കേഷൻ ബിസിനസുകളെ പ്രാപ്തമാക്കുന്നു. മത്സരത്തിന്റെ ലോകത്ത് ഉപഭോക്താക്കളെ ചേർത്തു നിർത്തുന്ന ബിസിനസുകൾ എതിരാളികൾക്ക് മുന്നിലെത്തുന്നു. ബിസിനസും ഉപഭോക്താവും തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കുവാനും തമ്മിൽ നിരന്തരം ബന്ധപ്പെട്ടിരിക്കുവാനും മൊബൈൽ ആപ്ലിക്കേഷൻ കാരണമാകുന്നു.

പരമ്പരാഗതമായ ഹോട്ടൽ ബിസിനസുകളെ പിന്നിലാക്കി Airbnb മൊബൈൽ ആപ്ലിക്കേഷൻ വിപണിയിൽ തേരോട്ടം നടത്തിയത് നിങ്ങൾ ഓർമ്മിക്കുന്നുണ്ടാവും. ഹോട്ടൽ മുറികൾ ബുക്ക് ചെയ്യാൻ അവർ വിരൽത്തുമ്പിൽ സൗകര്യം ഏർപ്പെടുത്തി. ഉപഭോക്താക്കൾ ഈ സൗകര്യം ഇരുകൈകളും നീട്ടി സ്വീകരിച്ചു. എതിരാളികൾക്ക് മുന്നിൽ ഒരു മുഴം നീട്ടിയെറിയാൻ അവർക്ക് ഇതിലൂടെ സാധിച്ചു.

നിങ്ങളുടെ ബിസിനസിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ ആവശ്യമുണ്ടോ? ചിന്തിക്കണം. ആവശ്യമുണ്ടെങ്കിൽ അത് ഉപഭോക്താക്കളുടെ കൈകളിലേക്കെത്തിക്കാൻ ഇനിയും വൈകരുത്. ബിസിനസിൽ മുടന്തി നീങ്ങാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ലെങ്കിൽ മൊബൈൽ ആപ്ലിക്കേഷൻ നിങ്ങൾക്ക് അനിവാര്യമാണ്. എതിരാളികൾ അത് നിർമ്മിക്കുന്നതും വിപണിയിലേക്ക് അവതരിപ്പിക്കുന്നതും കാത്തിരിക്കാതെ കാലത്തിനൊപ്പം നടക്കുക. സാങ്കേതികത ബിസിനസിന് കുതിപ്പ് നൽകും. അത് സ്വീകരിക്കുക, വളരുക.



റ്റി. എസ്. ചന്ദ്രൻ

# ക്ലസ്റ്റർ വികസന പരിപാടി; ചെറിയ സഹായങ്ങൾക്ക് വലിയ സഹായം

**സമാന** സ്വഭാവമുള്ള വ്യവസായ സ്ഥാപനങ്ങൾക്ക് നേരിടേണ്ടി വരുന്ന സമാന മായ വെല്ലുവിളികളെ നേരിടുന്നതിനുള്ള ഒരു കോമൺ പ്ലാറ്റ്ഫോമാണ് വ്യവസായ ക്ലസ്റ്ററുകൾ. ഒരേ ഉൽപന്നങ്ങളോ സേവനങ്ങളോ നൽകുന്ന വ്യവസായ സ്ഥാപനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് അവരുടെ പ്രശ്നങ്ങൾ പരിഹരിച്ച് പുരോഗതി ഉറപ്പാക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. മികച്ച സാങ്കേതികവിദ്യ, ഉയർന്ന നിക്ഷേപം, ഉയർന്ന ഉൽപാദനക്ഷമതയുള്ള തൊഴിലാളികൾ, വില പേശാവുന്ന വിപണി, വികസിതമായ അടിസ്ഥാന സൗകര്യങ്ങൾ, മികച്ച ബ്രാന്റ്, സ്ഥിരമായ ആർ ആന്റ് ഡി (R & D) ഉയർന്ന നിക്ഷേപം എന്നിവ മികച്ച സംരംഭത്തിന് ഒഴിച്ചുകൂടാനാകാത്തതാണ്. ചെറിയ സ്ഥാപനങ്ങൾക്ക് തനിച്ച് ചെയ്യാൻ കഴിയാത്ത ഇത്തരം കാര്യങ്ങൾ ക്ലസ്റ്ററിലൂടെ കഴിയുന്നു എന്നതാണ് നേട്ടം.

## ലക്ഷ്യങ്ങൾ

1. പൊതുവിലുള്ള പ്രശ്നങ്ങൾ പരിഹരിച്ച് സംരംഭങ്ങളുടെ നിലനിൽപും വികസന വും ഉറപ്പ് വരുത്തുക.
2. ഒരേ സ്വഭാവമുള്ള സംരംഭങ്ങളിൽ പരസ്പരം സഹായിക്കുന്ന സാഹചര്യം സൃഷ്ടിക്കുക.
3. മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തുക.
4. പൊതു സേവന കേന്ദ്രങ്ങളിലൂടെ ലഘു സംരംഭങ്ങളുടെ ഉൽപാദന ചെലവ് കുറയ്ക്കുക.

## കുറഞ്ഞത് 10 സംരംഭങ്ങൾ

2022 ലെ പരിഷ്കരിച്ച കേന്ദ്ര എം. എസ്. എം. ഇ മന്ത്രാലയത്തിന്റെ വിജ്ഞാപന പ്രകാരം ക്ലസ്റ്റർ കൺസോർഷ്യങ്ങൾ രൂപീകരിക്കുന്നതിന് ഇനി പറയുന്ന രീതിയിൽ അംഗങ്ങളാണ് വേണ്ടത്.

1.പൊതു സേവന കേന്ദ്രത്തിന്റെ നിക്ഷേപം 10 കോടിയിൽ താഴെയാണെങ്കിൽ കുറഞ്ഞത് 10 എസ്. എം. ഇ കൾ മതിയാകും.

2. ഇത് 10 കോടിയിൽ കൂടുതൽ ആണെ ങ്കിൽ 20 എസ്. എം. ഇ കൾ ആണ് കുറഞ്ഞത് വേണ്ടത്.

## നിരവധി പ്രവൃത്തികൾ

ക്ലസ്റ്റർ അംഗങ്ങൾക്ക് പൊതുവിൽ ഗുണകരമാകുന്ന പ്രവൃത്തികളാണ് ഏറ്റെടുത്ത് നടത്തുന്നത്.

## മൃദു ഇടപെടൽ (Soft Intervension)

ഇതിലൂടെ അംഗങ്ങൾ തമ്മിൽ വിശ്വാ സവും സഹകരണവും ഉണ്ടാക്കുക, ബോധ വൽക്കരണ പരിപാടികൾ; പരിശീലന പരിപാടികൾ നടപ്പാക്കുക, കപ്പാസിറ്റി ബിൽഡിംഗ്, വിദേശ പ്രദർശന പരിപാടികളിൽ പങ്കെടുക്കുക, സാങ്കേതിക പരിശീലനം ന ൽകുക, നൈപുണ്യമുള്ളവരുടെ സേവനം ഉറപ്പാക്കുക, ക്ലസ്റ്റർ ഡവലപ്മെന്റ് എക്സിക്യൂട്ടീ വുകളെ നൽകുക തുങ്ങിയ സൗകര്യങ്ങളാണ് ഇതിലൂടെ ക്ലസ്റ്ററുകൾക്ക് ലഭിക്കുന്നത്.

## കഠിനമായ ഇടപെടൽ (Hard Intervension)

ഇതിലൂടെ നിരവധി പ്രവൃത്തികളാണ് ഏറ്റെടുക്കാൻ കഴിയുന്നത്. കോമൺ ഫെസിലിറ്റി സെന്റർ, മാലിന്യ സംസ്കരണം, തൊഴിലാളികൾക്ക് സാങ്കേതിക പരിശീലനം, പൊതു ഗോഡൗണുകൾ, ഗവേഷണവും വികസനവും, പൊതുവായ ബ്രാന്റ്, കയറ്റുമതി,

| ഘടകം | ആകെ പദ്ധതി ചെലവ് | ഗവൺമെന്റ് ഓഫ് ഇന്ത്യ | സംസ്ഥാന സർക്കാർ | ക്ലസ്റ്റർ / SPV വിഹിതം |
|---|---|---|---|---|
| 1. പൊതു സേവന കേന്ദ്രം | 5 കോടി മുതൽ 10 കോടി വരെ | 70% | 20% | 10% |
| 2. പൊതു സേവന കേന്ദ്രം | 10 – 30 | 60% | 20% | ഇല്ല |
| 3. അടിസ്ഥാന സൗകര്യ വികസനം | 5 കോടി മുതൽ 15 | 60% | 40% | ഇല്ല |
| 4. അടിസ്ഥാന സൗകര്യ വികസനം | 5 – 10 | 50% | 50% | ഇല്ല |

എക്സിബിഷനുകളും ടെക്നോളജി ക്ലിനിക്കുകളും, റോ മെറ്റീരിയൽ ബാങ്കിംഗ് എന്നിവയെല്ലാം ക്ലസ്റ്ററുകൾ വഴി സാധിക്കുന്നു. ചെറിയ സംരംഭങ്ങൾക്ക് (ക്ലസ്റ്ററിലെ അംഗങ്ങൾക്ക്) തനിച്ച് ചെയ്യാൻ കഴിയാത്ത പ്രവൃത്തികളാണ് ക്ലസ്റ്ററിലൂടെ സാധിക്കുന്നത് എന്നതാണ് ശ്രദ്ധേയം.

## 90% വരെ സർക്കാർ സഹായം

പൊതു സേവന കേന്ദ്രങ്ങൾക്കും, അടിസ്ഥാന സൗകര്യ വികസനത്തിനും വലിയ തോതിലുള്ള സബ്സിഡി ആനുകൂല്യങ്ങളാണ് സർക്കാരുകൾ നൽകുന്നത്.

എസ്. സി/ എസ്. റ്റി വിഭാഗങ്ങൾ, വനിതകൾ, നോർത്ത് ഈസ്റ്റ് സംസ്ഥാനങ്ങൾ, പിന്നോക്ക ജില്ലകൾ എന്നിവയിൽ ഇതിൽ കൂടുതൽ ആനുകൂല്യങ്ങളാണ് നൽകി വരുന്നത്.

> **പൊതു സേവന കേന്ദ്രങ്ങൾക്കും, അടിസ്ഥാന സൗകര്യ വികസനത്തിനും വലിയ തോതിലുള്ള സബ്സിഡി ആനുകൂല്യങ്ങളാണ് സർക്കാരുകൾ നൽകുന്നത്.**

## കേരളത്തിന്റെ പ്രകടനം മികച്ചത്

ഇന്ത്യയുടെ ക്ലസ്റ്റർ വികസന പരിപാടിയിൽ മിച്ച പങ്കാളിത്തമാണ് കേരളത്തിനുള്ളത്. 53 ക്ലസ്റ്ററുകളാണ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങൾ സ്ഥാപിച്ച് വിവിധ ഘട്ടങ്ങളിലായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. എഞ്ചിനീയറിംഗ്, ഓട്, പ്രിന്റിംഗ്, ഹൽവ, കയർ, കൈത്തറി, റബ്ബർ, ഗാർമെന്റ്, പ്ലാസ്റ്റിക്, പ്ലൈവുഡ്, ഭക്ഷ്യ സംസ്കരണം, റൈസ് മിൽ, അരി മുറുക്ക്, പപ്പടം, ഫർണിച്ചർ എന്നീ മേഖലകളിൽ ക്ലസ്റ്ററുകൾ സ്ഥാപിച്ചിരിക്കുന്നു.

## ഇനിയും ക്ലസ്റ്ററുകൾ തുടങ്ങാം

സാധ്യതയുള്ള സംരംഭ മേഖലയിൽ ഇനിയും ക്ലസ്റ്ററുകൾ തുടങ്ങാം. ഇതിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, തൃശൂരിലുള്ള എം. എസ്. എം. ഇ ഡി. ഐ, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രമോഷൻ എന്നീ ഏജൻസികളെ സമീപിക്കാവുന്നതാണ്. my.msme.gov.in/cluster എന്ന സൈറ്റ് വഴി രജിസ്റ്റർ ചെയ്യാം. കേന്ദ്ര എം. എസ്. എം. ഇ മന്ത്രാലയമാണ് MSME- CDP ക്ലസ്റ്റർ വികസന പദ്ധതിയുടെ ചുക്കാൻ പിടിക്കുന്നത്.

ആൽഫ്ഡ് മാർഷൽ എന്ന സാമ്പത്തിക ശാസ്ത്രജ്ഞൻ മുന്നോട്ട് വച്ച ആശയമാണ് ക്ലസ്റ്റർ അധിഷ്ഠിത വികസനം എന്നത്. ഇറ്റലി, ജപ്പാൻ, സ്വീഡൻ, ജർമനി, യു. എസ്. എ, ആസ്ട്രേലിയ, യു. കെ. തുടങ്ങിയ വികസിത രാജ്യങ്ങളുടെ വ്യവസായ വികസനത്തിൽ ഇത് വലിയ പങ്ക് വഹിച്ചിട്ടുണ്ട്. 'UNIDO' യാണ് ലോകത്തുള്ള ക്ലസ്റ്റർ വികസനത്തിന് ചുക്കാൻ പിടിക്കുന്നത്.

(സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടറാണ് ലേഖകൻ)



ഡോ. ബൈജു നെടുങ്കേരി




# പാഡ് പ്രിന്റിംഗ്

**കേരളത്തിന്റെ** ഗ്രാമങ്ങളിൽ അടക്കം സംരംഭക സൗഹൃദ ആവാസവ്യവസ്ഥ രൂപപ്പെട്ടിട്ടുണ്ട്. വ്യവസായം ആരംഭിക്കാൻ മടിച്ചു നിന്നിരുന്ന ജനസമൂഹത്തിന്റെ ഇടയിൽ നിന്ന് ധൈര്യപൂർവ്വം റിസ്ക് എടുക്കാൻ തയ്യാറായി മുന്നോട്ടുവന്നവരിൽ ഭൂരിഭാഗവും വിജയം കൊയ്തു. വിജയിച്ചവരിൽ ഇന്ന് നാം കാണുന്ന പലരും ആദ്യകാലങ്ങളിൽ പരാജയം രുചിച്ചവർ ആയിരുന്നു. ഇത് തിരിച്ചറിഞ്ഞുകൊണ്ട് തന്നെ വനിതകൾ അടക്കം സംരംഭക രംഗത്തേക്ക് കടന്നുവരുന്നു. കേരളത്തിൽ നിലവിലുള്ള വിപണി തന്നെയാണ് പുതു സംരംഭകരെ പ്രചോദിപ്പിക്കുന്ന മുഖ്യഘടകം. ലൈസൻസിംഗ് നടപടിക്രമങ്ങൾ ലഘൂകരിക്കപ്പെട്ടതും വീടുകളിൽ പോലും വ്യവസായം ആരംഭിക്കാൻ അനുമതി ലഭിച്ചതും എല്ലാം അനുകൂല ഘടകങ്ങളാണ്.

ഉൽപാദന സംരംഭങ്ങൾക്കൊപ്പം തന്നെ സേവന സംരംഭങ്ങളും കേരളത്തിൽ പ്രസക്തമാണ്. കേരളത്തിലെ വ്യാവസായിക മേഖലയ്ക്ക് തന്നെ ആവശ്യമുള്ള പല സേവനങ്ങൾക്കും ഇപ്പോൾ തമിഴ്നാടിനെയാണ് ആശ്രയിക്കുന്നത്. കേരളത്തിലുള്ള വ്യവസായികൾ അടക്കം തമിഴ്നാടിനെ ആശ്രയിക്കുന്ന ഒരു സേവന പ്രവർത്തനമാണ് പാഡ് പ്രിന്റിംഗ്. കേരളത്തിലെ വീടുകളിൽ ആരംഭിക്കാൻ കഴിയുന്ന സംരംഭമാണിത്.

## എന്താണ് പാഡ് പ്രിന്റിംഗ് അഥവാ ടാംപോഗ്രാഫി

വൈവിധ്യമാർന്നതും, കൃത്യതയുള്ളതും ചിലവ് കുറഞ്ഞതുമായ പ്രിന്റിംഗ് രീതിയാണ് പാഡ് പ്രിന്റിംഗ്. ടാംപോഗ്രാഫി എന്ന പേരിലും ഇത് അറിയപ്പെടുന്നു. പ്ലാസ്റ്റിക്കിലും റബ്ബറിലും ഗ്ലാസ്സിലും ഒക്കെ നിർമ്മിക്കുന്ന വിവിധങ്ങളായ ഉൽപന്നങ്ങളിൽ പേരോ അനുബന്ധവിവരങ്ങളോ പ്രിന്റ് ചെയ്യുന്ന രീതിയാണ് പാഡ് പ്രിന്റിംഗ്. കമ്പനി ലോഗോ, കമ്പനി പേര്, ശ്രദ്ധയിൽപ്പെടുത്തേണ്ട പ്രധാന വിവരങ്ങളൊക്കെയാണ് പാഡ് പ്രിന്റിംഗിലൂടെ ഉൽപ്പന്നത്തിൽ പതിപ്പിക്കുന്നത്. ഉദാഹരണത്തിന് ജ്വല്ലറികളിൽ നിന്ന് സ്വർണ്ണം വാങ്ങുമ്പോൾ ലഭിക്കുന്ന പ്ലാസ്റ്റിക് ബോക്സിൽ ജ്വല്ലറിയുടെ പേര് ആലേഖനം ചെയ്തിരിക്കുന്നത് പാഡ് പ്രിന്റിംഗ് രീതിയിലാണ്. പ്ലാസ്റ്റിക് പാത്രങ്ങൾ, ലെതർ ഉല്പന്നങ്ങൾ, ബാഗുകൾ, പേഴ്സുകൾ എന്നിവയിൽ നിർമ്മാതാക്കളുടെ ലോഗോ പ്രിന്റ് ചെയ്യുന്നത് ഈ രീതിയിലാണ്. ഭക്ഷണം പാഴ്സലായി ഹോട്ടലുകളിൽ നിന്ന് വാങ്ങുമ്പോൾ പ്ലാസ്റ്റിക് കണ്ടെയ്നറിൽ ഹോട്ടലിന്റെ പേര് രേഖപ്പെടുത്തിയിരിക്കുന്നത് പാഡ് പ്രിന്റിംഗ് രീതിയിലാണ്. ചെരുപ്പുകൾ, ഗിഫ്റ്റ് ഐറ്റംസ്, ഇലക്ട്രോണിക് ഉപകരണങ്ങൾ, കളിപ്പാട്ടങ്ങൾ, ഡയറികൾ, പെൻ സ്റ്റാൻഡുകൾ, തടിയിൽ നിർമ്മിക്കുന്ന കരകൗശല വസ്തുക്കൾ തുടങ്ങി ധാരാളം ഉൽപന്നങ്ങളിലെ പ്രിന്റിംഗിന് പാഡ് പ്രിന്റിംഗാണ് ഉപയോഗപ്പെടുത്തുന്നത്.




## നാനോ സംരംഭം

പാഡ് പ്രിന്റിംഗ് നാനോ സംരംഭമായി വീട്ടിൽ തന്നെ ആരംഭിക്കാം. വനിതകൾക്കും ആരംഭിക്കാൻ കഴിയുന്ന സംരംഭമാണ് പാഡ് പ്രിന്റിംഗ്. വീടുകളിലെ കടമകൾ നിർവഹിച്ചുകൊണ്ട് തന്നെ ഒഴിവ് സമയം പ്രയോജനപ്പെടുത്തി മറ്റ് കമ്പനികൾക്ക് വേണ്ടി പ്രിന്റിംഗ് വർക്ക് ചെയ്ത് നൽകി വലിയ ബുദ്ധിമുട്ടില്ലാതെ വരുമാനം ആരംഭിക്കാൻ കഴിയുന്ന സംരംഭമാണ് പാഡ് പ്രിന്റിംഗ്. വീട്ടിലെ സൗകര്യം ഉപയോഗിച്ച് സ്ഥാപിക്കാവുന്ന യന്ത്രമാണ് പാഡ് പ്രിന്റിംഗിന് ഉപയോഗിക്കുന്നത്. ഗാർഹിക വൈദ്യുതി തന്നെ സംരംഭത്തിനായി ഉപയോഗപ്പെടുത്താം.

## മാർക്കറ്റിംഗ്

ജ്വല്ലറികൾ, വ്യവസായ സ്ഥാപനങ്ങൾ, ഹോട്ടലുകൾ, റിസോർട്ടുകൾ, വിവിധങ്ങളായ ഉൽപന്നങ്ങളുടെ നിർമ്മാതാക്കൾ എന്നിവരെ നേരിൽ സന്ദർശിച്ചോ, ഫോൺ മുഖാന്തിരമോ പാഡ് പ്രിന്റിംഗ് സർവീസ് ആരംഭിച്ച വിവരം അറിയിക്കാം. സോഷ്യൽ മീഡിയ വഴി പോസ്റ്ററുകൾ ഷെയർ ചെയ്തും സർവീസ് നൽകുന്ന വിവരം ജനങ്ങളെ അറിയിക്കാം. ആവശ്യക്കാർ നമ്മളെ തേടി എത്തും. കാരണം ഇപ്പോൾ ഈ സർവീസിനായി ഭൂരിപക്ഷം വ്യവസായികളും തമിഴ്നാടിനെയാണ് ആശ്രയിക്കുന്നത്. സമയനഷ്ടം കൂടാതെ തമിഴ്നാട്ടിലേക്കും തിരിച്ചുമുള്ള ട്രാൻസ്പോർട്ടേഷൻ ചിലവും കേരളത്തിലെ സംരംഭകർ വഹിക്കേണ്ടി വരുന്നു. കേരളത്തിൽ യൂണിറ്റ് ആരംഭിക്കുമ്പോൾ നമ്മുടെ നാട്ടിലെ മറ്റ് സംരംഭങ്ങൾക്കും അത് ഗുണകരമാണ്.

## പാഡ് പ്രിന്റ് ചെയ്യുന്ന രീതി

നിർമ്മാതാവിന്റെ ലോഗോയോ പേരോ മറ്റ് വിവരങ്ങളോ ഉൾപ്പെടുന്ന ഇമേജുകളായാണ് ലഭിക്കുക. പ്രിന്റ് ചെയ്യേണ്ട മെറ്റീരിയലിന് അനുസരിച്ച് ടി ഇമേജിന്റെ പാഡ് നിർമ്മിക്കും. സിലിക്കോൺ ഉപയോഗിച്ചാണ് പാഡുകൾ



നിർമ്മിക്കുന്നത്. ഈ സിലിക്കോൺ പാഡുകൾ യന്ത്രത്തിൽ സ്ഥാപിക്കും. യന്ത്രം തനിയെ ടി പാഡുകളെ മഷി പുരണ്ട പ്രതലത്തിൽ അമർത്തിയതിന് ശേഷം പ്രിന്റ് ചെയ്യേണ്ട മെറ്റീരിയലിൽ പതിപ്പിക്കും. സിൽവർ, റെഡ് , ബ്ലൂ, വൈറ്റ്, ഗോൾഡൻ, മഞ്ഞ നിറങ്ങളിലുള്ള മഷികൾ ലഭ്യമാണ്. പാഡ് പ്രിന്റ് ഇങ്ക് എന്നാണ് ഈ മഷികൾ പൊതുവെ അറിയപ്പെടുന്നത്. യന്ത്രം ഓട്ടോമാറ്റിക് രീതിയിലും മാന്വൽ രീതിയിലും പ്രവർത്തിപ്പി ക്കാനാവും. മണിക്കൂറിൽ 1000 പ്രിന്റ് വരെ നടത്താൻ ശേഷിയുണ്ട്. വളഞ്ഞതും പരന്നതും ആയ പ്രതലങ്ങളിലെല്ലാം പ്രിന്റിംഗ് നടത്താം.

## മൂലധനനിക്ഷേപം

| | |
|---|---|
| പാഡ് പ്രിന്റിംഗ് യന്ത്രം | – 240000 |
| കംപ്രസ്സർ അനുബന്ധ ഉപകരണങ്ങൾ | – 25000 |
| ആകെ | – 265000 |

## പ്രവർത്തന വരവ് ചിലവ് കണക്ക്

### ചിലവ്

പ്രതിദിനം 6000 പ്രിന്റുകൾ ചെയ്യുന്നതിന്റെ ചിലവ്

| | |
|---|---|
| വേതനം | – 800.00 |
| മഷി | – 1000 .00 |
| വൈദ്യുതി | – 50 .00 |
| ഇതര ചിലവുകൾ | – 100.00 |
| ആകെ | – 1950 .00 |

### വരവ്

പ്രതിദിനം 6000 പ്രിന്റുകൾ ചെയ്ത് നൽകുമ്പോൾ ലഭിക്കുന്നത്

6000 * 1.00 = 6000.00

### ലാഭം

6000 – 1950 = 4050.00

## യന്ത്രങ്ങൾ, പരിശീലനം

പാഡ് പ്രിന്റിംഗിൽ പരിശീലനവും യന്ത്രവും പിറവം അഗ്രോപാർക്കിൽ ലഭിക്കും – 0485-2999990

## ലൈസൻസുകൾ

ഉദ്യം രജിസ്ട്രേഷൻ , കെ – സ്വിഫ്റ്റ് എന്നിവ നേടി വ്യവസായം ആരംഭിക്കാം. പദ്ധതി ചിലവിന് ആനുപാതികമായി സർക്കാർ ധനസഹായം ലഭിക്കും

കേരളം കഴിഞ്ഞ അഞ്ച് വർഷത്തിനിടെ 91,575 കോടി രൂപയുടെ നിക്ഷേപ പദ്ധതികൾ പുതുതായി ആകർഷിച്ചുവെന്ന എം എസ് എം ഇ എക്സ്പോർട്ട് പ്രമോഷൻ കൗൺസിലിന്റെ റിപ്പോർട്ട് ഈ നാടിന്റെ കുതിപ്പ് വ്യക്തമാക്കുകയാണ്. 2018 മുതൽ 2023 വരെയുള്ള കാലയളവിൽ മാത്രം 33815 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയാക്കിയതായും അഞ്ച് ലക്ഷം പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭ്യമാക്കിയെന്നും കോൺഫഡറേഷൻ ഓഫ് ഓർഗാനിക് ഫുഡ് പ്രൊഡ്യൂസേഴ്സ് ആന്റ് മാർക്കറ്റിങ്ങ് ഏജൻസിയുമായി ചേർന്ന് നടത്തിയ പഠനം വ്യക്തമാക്കുന്നു.

'കേരള നിക്ഷേപം - വളർച്ച, വികസനം - 2018 മുതൽ 23 വരെ' എന്ന പേരിൽ പുറത്തിറക്കിയ റിപ്പോർട്ട് കേരളം കഴിഞ്ഞ വർഷം കൈവരിച്ച മാനുഫാക്ചറിങ്ങ് മേഖലയിലെ വളർച്ചയെ പ്രശംസിക്കുന്നുണ്ട്. 18.9% വളർച്ചയോടെ ദേശീയ ശരാശരിക്കു മുകളിൽ കേരളം നേട്ടം കൈവരിച്ചത് ശ്രദ്ധേയമാണെന്ന് ചൂണ്ടിക്കാട്ടുന്നതിനൊപ്പം 2021-22ൽ കേരളത്തിലുണ്ടായ വ്യവസായ വളർച്ച നിരക്ക് 17.3% ആണെന്നും റിപ്പോർട്ട് പറയുന്നു. ഈ വളർച്ച സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച നിരക്ക് 12% ആക്കുന്നതിൽ മികച്ച പങ്ക് വഹിച്ചുവെന്നതും പ്രാധാന്യത്തോടെ ചൂണ്ടിക്കാണിക്കുന്നുണ്ട്.

സംരംഭക വർഷം പദ്ധതിയും സ്വകാര്യമേഖലയിൽ നിക്ഷേപങ്ങളാകർഷിക്കാൻ സംസ്ഥാന സർക്കാർ നടത്തിയ പരിശ്രമങ്ങളും വരും വർഷങ്ങളിലും കേരളത്തിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കുമെന്ന് പഠനം വ്യക്തമാക്കുന്നു. ഇതാണ് മാറ്റം. ഈ നാട് വളരുകയാണ്. വ്യവസായമേഖലയിലും കുതിച്ചുകൊണ്ട് കേരളം മുന്നോട്ടുപോകുകയാണ്.





ജി. കൃഷ്ണപിള്ള

# പി. എം. വിശ്വകർമ്മ പദ്ധതി





**ഹിന്ദു** വിശ്വാസ പ്രകാരം ലോക സ്രഷ്ടാവാണ് വിശ്വകർമ്മാവ്. 'വിശ്വം' എന്നാൽ ലോകം 'കർമ്മാവ്' എന്നാൽ സ്രഷ്ടാവ്. ഹൈന്ദവരുടെ ആദ്യ ഗ്രന്ഥമായ ഋഗ്വേദത്തിൽ കാണുവാൻ കഴിയുന്ന നാമമാണ് വിശ്വകർമ്മാവ്. പ്രപഞ്ച ശിൽപി കൂടിയാണ് വിശ്വകർമ്മാവ് എന്ന് വിശ്വസിക്കുന്നു. ലോകശിൽപിയായ വിശ്വകർമ്മാവിന്റെ പിൻഗാമികളാണ് വിശ്വകർമ്മജർ. പരമ്പരാഗത തച്ചുശാസ്ത്ര വിദഗ്ദ്ധരാണിവർ. ഇന്ത്യയിലെ എല്ലാ ഭാഗങ്ങളിലും ഇവർ കാണപ്പെടുന്നു. വിവിധ സ്ഥലങ്ങളിൽ വിവിധ ജാതിപ്പേരുകളാണുള്ളത്. കേരളം, തമിഴ്നാട്, കർണാടക എന്നിവിടങ്ങളിൽ പൊതുവെ ഇവർ 'ആചാരി' എന്നാണ് അറിയപ്പെടുന്നത്. തടി, സ്വർണം, ഇരുമ്പ് എന്നിവയിൽ മനോഹരമായ വസ്തുക്കൾ ഇവർ രൂപകൽപന ചെയ്യുന്നു. അവരുടെ കുലത്തൊഴിലുമായി ബന്ധപ്പെട്ടാണ് സാധാരണ ഇവരെ അറിയപ്പെടുന്നത്.

ഇന്ത്യൻ ഗ്രാമ- നഗരങ്ങളിലെ പരമ്പരാഗത കൈതൊഴിലാളികളെയും കരകൗശല വിദഗ്ദ്ധരെയും പിന്തുണയ്ക്കുന്ന പുതിയ കേന്ദ്രാവിഷ്കൃത പദ്ധതിയാണ് 2023 സെപ്റ്റംബർ 17-ന് പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്ത പി. എം. വിശ്വകർമ്മ പദ്ധതി. സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിനും ഔപചാരിക സമ്പദ്‌വ്യവസ്ഥയിലേയ്ക്കും ആഗോള മൂല്യ ശൃംഖലയിലേയ്ക്കും പരമ്പരാഗത കൈത്തൊഴിലാളികളെയും കരകൗശല വിദഗ്ദ്ധരെയും ഉയർത്തുന്നതിനാണ് പി. എം. വിശ്വകർമ്മ പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. പി. എം. വിശ്വകർമ്മ യോജന എന്ന പേരിലും ഈ പദ്ധതി അറിയപ്പെടുന്നു. 2023- 24 മുതൽ 2027- 28 വരെ പദ്ധതിയുടെ സാമ്പത്തിക ചെലവ് 13,000 കോടി രൂപ പ്രതീക്ഷിയ്ക്കുന്നു. സൂക്ഷ്മ- ചെറുകിട - ഇടത്തരം സംരംഭ മന്ത്രാലയം (Ministry of MSME) പദ്ധതി നടപ്പിലാക്കുന്നതിന്റെ ദേശീയ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നു.

സംസ്ഥാന സർക്കാരുകളുടെ പിന്തുണയോട് കൂടിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ദേശീയ തലത്തിൽ സ്റ്റിയറിങ്ങ് കമ്മറ്റിയും, സംസ്ഥാന തലത്തിൽ മോണിറ്ററിങ്ങ് കമ്മറ്റിയും, ജില്ലാ തലങ്ങളിൽ നിർവ്വഹണ ഏജൻസികളും ഉൾപ്പെട്ട ത്രിതല സംവിധാനമാണ് പദ്ധതി നിർവ്വഹണത്തിന്റെ മേൽനോട്ടവും നടത്തിപ്പും ചെയ്യുന്നത്.

## ലക്ഷ്യങ്ങൾ (Objective)

(1) കരകൗശല വിദഗ്ദ്ധരെയും കൈത്തൊഴിലാളികളെയും വിശ്വകർമ്മരായി അംഗീകരിക്കാൻ പ്രാപ്തരാക്കുക.

(2) കരൗശല വിദഗ്ദ്ധരുടെയും കൈത്തൊഴിലാളികളുടെയും നൈപുണ്യം വർദ്ധിപ്പിക്കുക.

(3) കരകൗശല വിദഗ്ദ്ധർ, കൈത്തൊഴിലുകൾ എന്നിവരെ ആഭ്യന്തരവും ആഗോളവുമായ മൂല്യശൃംഖലകളിലേയ്ക്ക് പരിധികളില്ലാതെ സംയോജിപ്പിക്കുക

(4) കൈകളും ഉപകരണങ്ങളും ഉപയോഗിച്ച് പ്രവർത്തിക്കുന്ന പരമ്പരാഗത വിശ്വകർമ്മ തൊഴിലാളികളുടെ ഗുരു- ശിഷ്യ പാരമ്പര്യം അഥവാ കുടുംബാധിഷ്ഠിത പരിശീലനം ശക്തിപ്പെടുത്തുക.

(5) ഡിജിറ്റൽ ഇടപാടുകൾ പ്രോത്സാഹിപ്പിക്കുക.

(6) നിർമ്മിക്കുന്ന ഉൽപന്നങ്ങൾക്ക് സർക്കാർ പിന്തുണ ഉറപ്പാക്കുക

(7) പരമ്പരാഗത കരകൗശല വിദഗ്ദ്ധരെയും കൈത്തൊഴിലാളികളെയും പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഇന്ത്യയുടെ സമ്പുഷ്ടമായ സാംസ്കാരിക പൈതൃകം നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക.

## നേട്ടങ്ങൾ (Benefits)

(1) അംഗീകാരം (Recognition)

പി. എം. വിശ്വകർമ്മ സർട്ടിഫിക്കറ്റും ഐ. ഡി. കാർഡും നൽകി കരകൗശല വിദഗ്ദ്ധരെയും കൈത്തൊഴിലാളികളെയും അംഗീകരിക്കുക.

(2) വൈദഗ്ദ്ധ്യം ഉയർത്തുക (Skill upgradation)

5 മുതൽ 7 ദിവസം വരെ അടിസ്ഥാന പരിശീലനവും 15 ദിവസം വരെ അതിൽ കൂടുതലും അഡ്വാൻസ് പരിശീലനവും നൽകുക. 15 ദിവസത്തെ പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് പ്രതിദിനം 500 രൂപ വീതം സ്റ്റൈപ്പൻഡ്.

(3) ഉപകരണങ്ങൾ വാങ്ങുന്നതിന് സഹായം (Assistance to Tool Kits)

അടിസ്ഥാന പരിശീലനം ആരംഭിയ്ക്കുമ്പോൾ തന്നെ 15,000 രൂപ ഇ-വൗച്ചർ രൂപത്തിൽ ഉപകരണങ്ങൾ വാങ്ങുന്നതിന് സഹായം നൽകുന്നതാണ്.

(4) വായ്പ പിന്തുണ (Loan Support)

രണ്ട് ഘട്ടങ്ങളിലായി 5% പലിശ നിരക്കിൽ ജാമ്യ രഹിത വായ്പ സഹായം. 18 മാസ കാലാവധിയിൽ ഒരു ലക്ഷം രൂപയും 30 മാസ കാലാവധിയിൽ 2 ലക്ഷം രൂപയും ലഭ്യമാക്കുന്നതാണ്. അടിസ്ഥാന പരിശീലനം പൂർത്തീകരിക്കുമ്പോൾ ഒരു ലക്ഷം രൂപയും ഡിജിറ്റൽ പണമിടപാട് മുഖേന ആദ്യ വായ്പ തിരിച്ചടവ് കൃത്യമാക്കുകയോ അഡ്വാൻസ് പരിശീലനം പൂർത്തീകരിക്കുകയോ ചെയ്യുന്നവർക്ക് രണ്ടാമത്തെ വായ്പ ലഭിക്കുന്നതാണ്.

(5) ഡിജിറ്റൽ പണമിടപാട് (Digital Transactions)

പ്രതിമാസം പരമാവധി 100 ഡിജിറ്റൽ പണമിടപാടുകൾ നടത്തുന്ന ഗുണഭോക്താക്കൾക്ക് ഓരോ ഇടപാടിനും ഒരു രൂപ വീതം പ്രോത്സാഹന സഹായം ലഭിക്കുന്നതാണ്.

(6) വിപണന പിന്തുണ (Marketing Support)

കരകൗശല വിദഗ്ദ്ധർക്കും കൈത്തൊഴിലുകാർക്കും അവരുടെ ഉൽപന്നങ്ങൾക്ക് ഗുണനിലവാര

സർട്ടിഫിക്കറ്റും, ബ്രാൻഡിംഗ് എന്നിവ നടത്തി ഓൺലൈൻ വിപണി പ്ലാറ്റ്ഫോം ഉപയോഗിച്ച് ഉൽപന്നങ്ങൾ വിപണനം നടത്തുന്നതിന് പിന്തുണ നൽകുന്നതാണ്.

## പദ്ധതിയുടെ പരിരക്ഷ

164 പിന്നോക്ക വിഭാഗങ്ങളിലുൾപ്പെട്ട 30 ലക്ഷം കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 18 പരമ്പരാഗത വിഭാഗങ്ങളെ ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്ന വിഭാഗങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്. താഴെപ്പറയുന്ന 18 വിഭാഗങ്ങൾ പി. എം. വിശ്വകർമ്മ പദ്ധതിയുടെ ആനുകൂല്യം ലഭിക്കാൻ അർഹരാണ്.

1. ഫിഷ്നെറ്റ് മേക്കർ
2. തയ്യൽക്കാരൻ (ഡാർസി)
3. അലക്കുകാരൻ (ധോബി)
4. ഗാർലാന്റ് മേക്കർ (മാലക്കാർ)
5. ബാർബർ (നായി)
6. പരമ്പരാഗത പാവയും ടോയ് മേക്കർ
7. കൊട്ട/ പായ്/ ചൂല് നിർമ്മാതാക്കൾ, കയർ നെയ്ത്തുകാർ
8. മേസൺ (രാജ് മിസ്ത്രി)
9. കോബ്ലർ/ ഷൂസ്മിത്ത്/ ഫുട്‌വെയർ ആർട്ടിസൻസ്
10. ശിൽപി, കല്ല് കൊത്തുന്നവർ
11. കുശവൻ
12. സ്വർണ്ണപ്പണിക്കാർ
13. ലോക്ക് സ്മിത്ത്
14. ചുറ്റികയും ടൂൾകിറ്റ് മേക്കറും
15. കമ്മാരൻ (ലോഹർ)
16. കവചക്കാരൻ
17. ബോട്ട് മേക്കർ
18. ആശാരി (സുതാർ)

## അപേക്ഷിക്കുന്നതിനുള്ള യോഗ്യതകൾ

(1) ഒരു ഇന്ത്യൻ റസിഡന്റ്

(2) കരകൗശല വിദഗ്ദ്ധർ/ കൈത്തൊഴിലുകാർ ആയിരിക്കണം

(3) പ്രായം 18 വയസ് പൂർത്തീകരിക്കണം. പ്രായപരിധിയില്ല

(4) പി. എം. ഇ. ജി. പി./ മുദ്ര മുതലായ പദ്ധതികളുടെ പ്രയോജനം ലഭിക്കാത്തവർ



## അപേക്ഷിക്കുന്നതിന് ആവശ്യമായ രേഖകൾ

1. ആധാർ കാർഡ്
2. വോട്ടർ ഐ. ഡി
3. തൊഴിൽ തെളിവ്
4. മൊബൈൽ നമ്പർ
5. ബാങ്ക് അക്കൗണ്ട് നമ്പർ
6. വരുമാന സർട്ടിഫിക്കറ്റ്
7. പാസ്പോർട്ട് സൈസ് ഫോട്ടോ
8. പാൻകാർഡ് നമ്പർ
9. ഇ-മെയിൽ ഐ. ഡി
10. ഡൊമിസൈൽ സർട്ടിഫിക്കറ്റ്

**164 പിന്നോക്ക വിഭാഗങ്ങളിലുൾപ്പെട്ട 30 ലക്ഷം കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 18 പരമ്പരാഗത വിഭാഗങ്ങളെ ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്ന വിഭാഗങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്.**



## ആനുകൂല്യം ലഭിക്കുന്നതിന് അർഹതയില്ലാത്തവർ

1. കിസാൻ ക്രെഡിറ്റ് കാർഡ് പ്രകാരം പരമാവധി 50,000 രൂപയിൽ കൂടുതൽ ആനുകൂല്യം വാങ്ങുന്നവർ
2. പ്രതിമാസ ശമ്പളം 10,000 രൂപയിൽ കൂടുതൽ വാങ്ങുന്നവർ
3. ആദായ നികുതി അടയ്ക്കുന്നവർ
4. തൊഴിൽ നികുതി അടയ്ക്കുന്നവർ

## അപേക്ഷിക്കേണ്ട വിധം

1. Pmvishwakarma.gov.in.2024 എന്ന ലിങ്ക് വഴി അപേക്ഷിക്കണം
2. യോഗ്യരായ കരകൗശല വിദഗ്ദ്ധരും കൈത്തൊഴിലുകാരും പി. എം. വിശ്വകർമ്മ പദ്ധതിയിലേയ്ക്ക് ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.
3. ഗുണഭോക്താവ് അവരുടെ മൊബൈൽ നമ്പറിന്റെയും ആധാർ കാർഡിന്റെയും സഹായത്തോടെ പി. എം. വിശ്വകർമ്മ പോർട്ടലിൽ ആദ്യം രജിസ്റ്റർ ചെയ്യണം.
4. പി. എം. വിശ്വകർമ്മ യോജന വെബ്സൈറ്റിൽ ഒ. ടി. പി. പ്രാമാണീകരണത്തിലൂടെ മൊബൈൽ നമ്പറും ആധാർ കാർഡും പരിശോധിയ്ക്കും.
5. പരിശോധിച്ച് ഉറപ്പിച്ചതിനു ശേഷം പി. എം. വിശ്വകർമ്മ യോജനയുടെ രജിസ്ട്രേഷൻ ഫോം സ്ക്രീനിൽ പ്രത്യക്ഷപ്പെടും.
6. പ്രത്യക്ഷപ്പെടുന്ന ഫോമിൽ കരകൗശല വിദഗ്ദ്ധർ/ കൈത്തൊഴിലുകാർ മുതലായവരുടെ പേര്, മേൽവിലാസം, വ്യാപാരം/ തൊഴിലുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പൂരിപ്പിക്കുക
7. അതിനുശേഷം സബ്മിറ്റ് ബട്ടൺ ക്ലിക്ക് ചെയ്യുക.
8. ഭാവി ആവശ്യങ്ങൾക്കായി പി. എം. വിശ്വകർമ്മ ഡിജിറ്റൽ ഐ. ഡിയും സർട്ടിഫിക്കറ്റും ഡൗൺലോഡ് ചെയ്യുക.
9. പി. എം. വിശ്വകർമ്മ പോർട്ടലിൽ ലോഗിൻ ചെയ്ത് പദ്ധതിയുടെ വിവിധ ഘടകങ്ങളിലേയ്ക്ക് അപേക്ഷിക്കാവുന്നതാണ്.
10. ആവശ്യമായ എല്ലാ രേഖകളും അപ്‌ലോഡ് ചെയ്യണം.
11. പരിശോധന സമിതിയുടെ പരിഗണനയ്ക്കായി ബട്ടണിൽ ക്ലിക്ക് ചെയ്ത് അപേക്ഷ സമർപ്പിക്കുക. പരിശോധന സമിതിയായി പ്രവർത്തിക്കുന്നതിന് പദ്ധതിയുടെ ദേശീയ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്ന സൂക്ഷ്മ- ചെറുകിട- ഇടത്തരം മന്ത്രാലയം സംസ്ഥാനങ്ങളിൽ എം. എസ്. എം. ഇ ഇൻസ്റ്റിറ്റ്യൂട്ടുകളെയും സംസ്ഥാന വ്യവസായ വകുപ്പിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.
12. അപേക്ഷയിൽ പരാമർശിക്കുന്ന വാണിജ്യ ബാങ്കുകൾ/ പ്രാദേശിക/ ഗ്രാമീൺ ബാങ്കുകൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഓൺലൈനായി തന്നെ അപേക്ഷ പരിശോധന സമിതി സമർപ്പിക്കുന്നു. ഈ ധനകാര്യ സ്ഥാപനങ്ങൾ പി.എം.വിശ്വകർമ്മ പദ്ധതിപ്രകാരം ഈടില്ലാത്ത വായ്പകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നു.

## പി. എം. വിശ്വകർമ്മ പദ്ധതിയും കേരളവും

കേരളത്തിൽ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് ഈ പദ്ധതി സഹായകരമാകുന്നതാണ്. കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യം നിലനിർത്തുന്നതിനും, വനിത ശാക്തീകരണത്തിന്റെയും ടൂറിസത്തിന്റെയും വളർച്ചയ്ക്കും പി.എം.വിശ്വകർമ്മ പദ്ധതി പിന്തുണയാകുന്നതാണ്. കേരളത്തിൽ വ്യവസായ വകുപ്പ് സെക്രട്ടറിയെ പദ്ധതിയുടെ നടത്തിപ്പിനായി കേരള സർക്കാർ അധികാരപ്പെടുത്തിയിട്ടുണ്ട്. കേരള സ്റ്റേറ്റ് കരകൗശല വികസന കോർപറേഷൻ ലിമിറ്റഡ് (കാഡ്കോ) എം.ഡി യെ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

Volume 56 Issue 5
February 2024

Vyavasaya Keralam
MONTHLY

₹ 30
Date of publication-
16th February 2024

# വ്യവസായ വാണിജ്യ മേഖലയിലെ സ്പന്ദനങ്ങളറിയാൻ




## പരസ്യനിരക്ക്

| | കളർ | ബ്ലാക്ക് & വൈറ്റ് |
|---|---|---|
| ബാക്ക് കവർ | 15,000 രൂപ | |
| ഫ്രണ്ട് കവർ ഇൻസൈഡ് | 10,000 രൂപ | |
| ബാക്ക് കവർ ഇൻസൈഡ് | 9,000 രൂപ | |
| ഇൻസൈഡ് ഫുൾപേജ് | 8,000 രൂപ | 5,000 രൂപ |
| ഇൻസൈഡ് ഹാഫ്പേജ് | 4,000 രൂപ | 2,500 രൂപ |
| ഇൻസൈഡ് ക്വാർട്ടർപേജ് | 2,500 രൂപ | 1,500 രൂപ |

"K-Bip, Vyavasayakeralam" എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി/ചെക്ക് ആയി പരസ്യത്തിന്റെ ചാർജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

നിങ്ങളുടെ ഉത്പന്നമോ സേവനമോ യഥാർത്ഥ ആവശ്യക്കാർക്കിടയിൽ കുറഞ്ഞ ചെലവിൽ പരസ്യപ്പെടുത്താൻ ഏറ്റവും യോജിച്ച മാസിക
വ്യവസായ കേരളം

**എഡിറ്റർ**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്, വെള്ളയമ്പലം
തിരുവനന്തപുരം - 695 033
ഫോൺ: 6238302158
Email: vyavasayakeralam@gmail.com

വാർഷിക വരിസംഖ്യ 300 രൂപ
ഒറ്റപ്രതി 30 രൂപ

VYAVASAYA KERALAM
വ്യവസായ കേരളം
സംസ്ഥാന വ്യവസായവാണിജ്യ വകുപ്പ് പ്രസിദ്ധീകരണം

Printed and published by the Kerala Bureau of Industrial Promotion (K-Bip)
on behalf of the Director of Industries & Commerce, Govt. of Kerala, Vikasbhavan, Thiruvananth
and printed atAkshara Offset, Vanchiyoor, Thiruvananthapuram. Ph.0471 2471174. and published at Thir
Editor : Biju P.B.